പഞ്ചായത്ത് വകുപ്പ്
പ്രസിദ്ധീകരണം

പഞ്ചായത്ത്‌രാജ്

പുസ്തകം 60 ലക്കം 7 ഒക്ടോബർ 2020

മുഖച്ഛായ മാറുന്ന തദ്ദേശഭരണ സംവിധാനം

എ.സി. മൊയ്തീൻ

അധികാരവികേന്ദ്രീകരണത്തിന്റെ ഇരുപത്തഞ്ചാണ്ടുകൾ

ഡോ. ടി.എം. തോമസ് ഐസക്

'നമ്മുടെ നാട്
ശുചിത്വത്തിന്റെ പാതയിൽ
നാടിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ'
നമ്മുടെ
ലക്ഷ്യം
മാലിന്യമുക്ത
കേരളം
പകർച്ചവ്യാധികളെ
അകറ്റി നിർത്തുക
പരിസര ശുചിത്വ
പ്രവർത്തനങ്ങൾക്ക്
മുൻകൈ എടുക്കുക

പഞ്ചായത്ത്‌രാജ്

ഒക്ടോബർ 2020

അകത്ത്

മുഖച്ഛായ മാറുന്ന
തദ്ദേശഭരണ സംവിധാനം
എ.സി. മൊയ്തീൻ 5

അധികാരവികേന്ദ്രീകരണത്തിന്റെ
ഇരുപത്തഞ്ചാണ്ടുകൾ
ഡോ. ടി.എം. തോമസ് ഐസക് 10

മാലിന്യ സംസ്കരണവും
തദ്ദേശഭരണ സ്ഥാപനങ്ങളും
പ്രൊഫ. പി.കെ. രവീന്ദ്രൻ 13

ജനകീയാസൂത്രണത്തിലൂടെ
കാർഷികരംഗം മുന്നോട്ട്
ആർ. ഹേലി 17

തദ്ദേശഭരണ തിരഞ്ഞെടുപ്പ്
യോഗ്യതകളും അയോഗ്യതകളും
കെ.ടി. ജോർജ്ജ് 19

മിഷൻ അന്ത്യോദയ-2020
ഹുസൈൻ എം. മിന്നത്ത് 24

ഈ സർക്കാരിന്റെ കാലയളവിൽ തന്നെ
മുഴുവൻ തദ്ദേശഭരണസ്ഥാപനങ്ങളെയും
ശുചിത്വപദവിയിലെത്തിക്കും: മുഖ്യമന്ത്രി 27

ഒരു ലക്ഷം മെട്രിക് ടൺ വീതം പച്ചക്കറി,
കിഴങ്ങുവർഗ്ഗ അധിക ഉത്പാദനം ലക്ഷ്യം: മുഖ്യമന്ത്രി 29

കേരളത്തെ മാതൃകയാക്കി
സ്വച്ഛ് ഭാരത് മിഷൻ - ഗ്രാമീൺ രണ്ടാം ഘട്ടം
ഫിലിപ്പ് പി.ഡി. 30

കോളയാട് ഗ്രാമപഞ്ചായത്ത്
ഒരു ഹരിത വിജയഗാഥ
മുന്ന പി. സദാനന്ദ് 35

പംക്തികൾ

വാർത്തകൾ വിശേഷങ്ങൾ 34
ഊരും പേരും - 3 39
അരങ്ങൊഴിഞ്ഞ വീട്ടുനന്മകൾ - 11 40
എന്ന് വായനക്കാർ 42

ഒക്ടോബർ 2020
പുസ്തകം 60 ലക്കം 7
വാർഷികവരിസംഖ്യ ₹ 120
www.lsgkerala.gov.in
www.dop.lsgkerala.gov.in

പഞ്ചായത്ത്‌രാജ്
പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഉപദേശക സമിതി

ചെയർമാൻ
എ.സി.മൊയ്തീൻ
തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി

അംഗങ്ങൾ
ശാരദാ മുരളീധരൻ ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
എസ്. ഹരികിഷോർ ഐ.എ.എസ്.
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കെ. തുളസിഭായ് പത്മനാഭൻ
പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
സാബ്ലു തോമസ്
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം
വി.വി. രാജീവ്
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
ഡോ.പി.കെ. ജയശ്രീ ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
ഡോ.പി.കെ. ജയശ്രീ ഐ.എ.എസ്.
Email: directorofpanchayat@gmail.com
ഫോൺ: 0471 2323286

അസിസ്റ്റന്റ് എഡിറ്റർ
വി.വി. രാജീവ്
Email: prmdp2020@gmail.com
ഫോൺ: 0471 2786303
മൊബൈൽ: 9496047036, 9447791524

കവർ ഡിസൈൻ & ലേ ഔട്ട്
നാരായണ ഭട്ടതിരി
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ

മേൽവിലാസം
എഡിറ്റർ, പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം 695033

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്തം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത് രാജിന് ഉത്തരവാദിത്തമില്ല.

എഡിറ്റോറിയൽ

സമ്പൂർണ്ണ ശുചിത്വം
നമ്മുടെ ലക്ഷ്യം

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രാഥമിക ചുമതലയിൽപ്പെട്ടതാണ് നാടിന്റെ ശുചിത്വം. സംസ്ഥാനത്തെ 501 ഗ്രാമപഞ്ചായത്തുകളും 58 നഗരസഭകളും 30 ബ്ളോക്ക് പഞ്ചായത്തുകളും ശുചിത്വപദവി നേടിയിരിക്കുന്നു. ഖരമാലിന്യ സംസ്കരണത്തിന് മികച്ച അടിസ്ഥാന സൗകര്യമൊരുക്കിയ തദ്ദേശസ്ഥാപനങ്ങളാണ് ഇപ്പോൾ ശുചിത്വപദവി നേടിയിട്ടുള്ളത്. ദ്രവ മാലിന്യം ഉൾപ്പെടെ സമ്പൂർണ്ണ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കുന്ന മുറയ്ക്ക് ഈ സ്ഥാപനങ്ങൾക്ക് സമ്പൂർണ്ണ ശുചിത്വ പദവി ലഭിക്കും. അവശേഷിക്കുന്ന സ്ഥാപനങ്ങൾ കൂടി എത്രയും വേഗം ഈ പദവി കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. അതോടൊപ്പം തന്നെ മുഴുവൻ സ്ഥാപനങ്ങളും സമ്പൂർണ്ണ ശുചിത്വ പദവി നേടുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള യജ്ഞത്തിൽ പങ്കാളികളാവുകയും വേണം.

നമ്മുടെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏൽപ്പിച്ച നല്കിയിട്ടുള്ള ചുമതലകൾ നിരവധിയാണ്. ഈ ചുമതലകൾക്കൊപ്പം തങ്ങളുടെ പ്രദേശത്തെ മാലിന്യമുക്തമാക്കി മാറ്റുകയെന്ന ഉത്തരവാദിത്വം വളരെ പ്രധാനപ്പെട്ടതായി തന്നെ കാണണം. ഒരു പ്രദേശത്തിന്റെ വികസനനിലവാരവും സംസ്കാരവും അളക്കുന്നതിനുള്ള പ്രധാന ഉപാധിയാണ് ശുചിത്വം. പാതയോരങ്ങളും പരിസരവും വൃത്തിയായിരിക്കുക, ജലസ്രോതസ്സുകളിലെ വെള്ളം ശുദ്ധമായിരിക്കുക, കിണറുകൾ, കുളങ്ങൾ തുടങ്ങിയവ ശുചിയായിരിക്കുക തുടങ്ങിയവ ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ജന പങ്കാളിത്തത്തോടെ നടപ്പാക്കണം.

പാതയോരങ്ങളിലും മറ്റും മാലിന്യം കുന്നുകൂടുന്ന അവസ്ഥയായിരുന്നു നമ്മുടെ സംസ്ഥാനത്ത് ഉണ്ടായിരുന്നത്. ജലസ്രോതസ്സുകളിൽപ്പോലും മാലിന്യം തള്ളുന്ന അവസ്ഥയും നിലനിന്നിരുന്നു. അത്തരമൊരു ഘട്ടത്തിലാണ് നമ്മുടെ നാടിന്റെ ശുചീകരണം ഉറപ്പുവരുത്തുക, ജലസ്രോതസ്സുകളെ മാലിന്യമുക്തമാക്കുക തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുവാൻ ഈ സർക്കാർ അധികാരമേറ്റ വേളയിൽ തന്നെ തീരുമാനിച്ചത്. അതിനായി ഹരിതകേരളം മിഷൻ രൂപീകരിക്കുകയും ചെയ്തു. സർക്കാരിന്റെയും ഹരിതകേരളം മിഷന്റെയും നിർദ്ദേശങ്ങൾ പ്രാദേശിക സർക്കാരുകൾ ഏറ്റെടുത്തതിന്റെയും ലക്ഷ്യങ്ങൾ ഫലപ്രദമാകുന്നതിന്റെയും ഉദാഹരണങ്ങളാണ് അറുന്നൂറോളം തദ്ദേശഭരണ സ്ഥാപനങ്ങൾ ഇപ്പോൾ നേടിയിട്ടുള്ള ശുചിത്വ പദവി. പാതയോരങ്ങളിലെ മാലിന്യം വലിയ തോതിൽ കുറഞ്ഞു, ജലാശയങ്ങളിൽ തെളിനീരുണ്ടായി.

മാലിന്യസംസ്കരണത്തിൽ സർക്കാർ മുന്നോട്ടുവെച്ച നിർദ്ദേശങ്ങൾ ഫലപ്രദമായി നടപ്പാക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞുവെങ്കിലും മാലിന്യമുക്തകേരളം എന്ന സ്വപ്ന സാക്ഷാത്ക്കാരത്തിനായി ഇനിയും മുന്നോട്ട് പോകേണ്ടതുണ്ട്. മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും പൂർണ്ണ സഹകരണത്തോടെ മാത്രമേ ഈ ലക്ഷ്യം കൈവരിക്കാനാവൂ. തെളിനീരൊഴുകുന്ന പുഴകളും, മാലിന്യക്കൂമ്പാരവും ദുർഗന്ധവുമില്ലാത്ത പാതയോരങ്ങളുമുള്ള ഒരു പുതിയ കേരളത്തിനായി നമുക്ക് കൈകോർക്കാം. തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് പുതുതായി കടന്നുവരുന്ന ജനപ്രതിനിധികൾ ഈ ദൗത്യം ഏറ്റെടുക്കുമെന്ന് പ്രത്യാശിക്കാം.

ഡോ. പി.കെ. ജയശ്രീ ഐ.എ.എസ്.

"വിജയം ആസ്വാദ്യകരമാകണമെങ്കിൽ പ്രയാസങ്ങൾ ആവശ്യമാണ്"
എ.പി.ജെ. അബ്ദുൾ കലാം

പുതിയ കാലത്തെ ജനസൗഹൃദ പൊതുസേവനത്തിന്റെ തത്വം വളരെ ലളിതമാണ്. സർക്കാർ ഓഫീസുകൾ എന്നല്ല, സർക്കാർ സംവിധാനമാകെ, ജനങ്ങൾക്കു വേണ്ടിയാണ്. ജനങ്ങളുടെ പൊതുതാൽപര്യങ്ങൾക്ക് വഴങ്ങിയാവണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടക്കമുള്ള എല്ലാ സർക്കാർ ഓഫീസുകളും പ്രവർത്തിക്കേണ്ടത്. നിയമങ്ങളും നടപടിക്രമങ്ങളും ജനകീയ ഇച്ഛയുടെ സ്ഥാപിത രൂപങ്ങൾ മാത്രമാണ്. നിയമവും നടപടിക്രമവും ശരിയായി മനസ്സിലാക്കണമെങ്കിൽ അതിനു പിന്നിലെ ജനഹിതം കാണണം

മുഖച്ഛായ മാറുന്ന തദ്ദേശഭരണ സംവിധാനം

■ **എ.സി. മൊയ്തീൻ**
തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അഭിമാനിക്കാവുന്ന തരത്തിലുള്ള വലിയ മാറ്റങ്ങളാണ് കഴിഞ്ഞ നാല് വർഷമായി കേരളത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഇക്കഴിഞ്ഞ സെപ്റ്റംബർ മാസത്തിലും ഗാന്ധി ജയന്തി ദിനത്തിലുമായി നടന്ന പരിപാടികൾ ഈ നേട്ടങ്ങളുടെ തുടർച്ചയാണ്. പഞ്ചായത്ത് ഡയറക്ടറേറ്റ് ഐ. എസ്. ഒ. സർട്ടിഫിക്കേഷൻ നേടിയതിന്റെ പ്രഖ്യാപനവും, പഞ്ചായത്തുകളിലെ സോഫ്റ്റ്‌വെയർ അധിഷ്ഠിത ഫയൽ മാനേജ്മെന്റ് സിസ്റ്റം, ILGMS ന്റെ വിന്യാസം ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ 150 ഗ്രാമപഞ്ചായത്തുകളിൽ സാദ്ധ്യമാക്കിയതിന്റെ ഉദ്ഘാടനവും നിർവഹിക്കപ്പെട്ടിരിക്കുന്നു. ഗാന്ധിജയന്തി ദിനത്തിൽ, ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിന്റെ ഉദ്ഘാടനവും നിർവഹിക്കപ്പെടുകയുണ്ടായി. ഈ സംവിധാനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുന്നതിനും സഹായകമാകുന്ന തരത്തിലുള്ളതാണ്.

നിലവിൽ കേരളത്തിലെ മുഴുവൻ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളും സേവനം പ്രദാനം ചെയ്യുന്ന കാര്യത്തിൽ ഐ.എസ്.ഒ. അംഗീകാരം നേടിക്കൊണ്ട് അന്താരാഷ്ട്ര നിലവാരം കൈവരിച്ചിരിക്കുന്നു. പഞ്ചായത്ത് ഡയറക്ടറേറ്റും വകുപ്പുതല ഓഫീസുകളും ഈ നിലവാരത്തിലേക്ക് എത്തിച്ചേർന്നിരിക്കുന്നു. ഈ സർക്കാരിന്റെ കാലത്ത് തന്നെ ബാക്കിയുള്ള തദ്ദേശഭരണ സ്ഥാപനങ്ങളും തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള മറ്റ് ഓഫീസുകളും കൂടി ഐ. എസ്. ഒ. സർട്ടിഫി

ക്കേഷൻ നേടുന്നതിനുള്ള തീവ്രശ്രമത്തിലാണ്.

വിവരസാങ്കേതികവിദ്യയുടെ ആധുനിക സങ്കേതങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് പഞ്ചായത്തുകളിൽ അപേക്ഷകളും ബന്ധപ്പെട്ട ഫയലുകളും കൈകാര്യം ചെയ്യുന്നതിനായി ഇൻഫർമേഷൻ കേരള മിഷന്റെ സഹായത്തോടെ പുതിയ സോഫ്റ്റ്‌വെയർ സംവിധാനം, ILGMS വികസിപ്പിച്ചിരിക്കുന്നു. ഫയൽ മാനേജ്മെന്റ് സംവിധാനം പൂർണ്ണമായും സോഫ്റ്റ്‌വെയർ അധിഷ്ഠിതമാക്കിക്കൊണ്ട് ഗുണഭോക്താവിന് സേവനം വിരൽതുമ്പിൽ ലഭ്യമാക്കുന്ന തരത്തിലാണ് പുതിയ സോഫ്റ്റ്‌വെയർ രൂപകൽപ്പന ചെയ്തിട്ടുള്ളത്. ഈ സോഫ്റ്റ് വെയർ സംസ്ഥാനത്തെ 150 ഗ്രാമപഞ്ചായത്തുകളിൽ വിന്യസിച്ച് കഴിഞ്ഞു. ഈ സംവിധാനം പൂർണ്ണതോതിൽ വിന്യസിക്കപ്പെടുന്നതോടെ സേവനം നൽകുന്ന കാര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളിൽ വിപ്ലവകരമായ മുന്നേറ്റം തന്നെയുണ്ടാവും.

തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ വ്യത്യസ്ത തുരുത്തുകളായി നിലനിന്നിരുന്ന അഞ്ച് സർവീസുകളെ ഏകോപിപ്പിച്ച് ഒറ്റ സർവീസിന് രൂപം കൊടുത്തുകൊണ്ട് ശക്തമായ ഒരു ഏകീകൃത തദ്ദേശസ്വയംഭരണ സർവീസ് രൂപീകൃതമായിരിക്കുന്നു. പുതിയ ഏകീകൃത പൊതുസർവീസിന്റെ പ്രിൻസിപ്പൽ ഡയറക്ടറേറ്റും ഉദ്ഘാടനം ചെയ്യപ്പെട്ടിരിക്കുന്നു. ഇനി എല്ലാ തലത്തിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെയും തദ്ദേശഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെയും നഗര ഗ്രാമാസൂത്രണ വിഭാഗത്തിന്റെയും നിയന്ത്രണം പ്രിൻസിപ്പൽ ഡയറക്ടറുടെ ചുമതലയായിരിക്കും. ജില്ലാ തലത്തിലും ഇപ്രകാരം ഒരു നിയന്ത്രണ സംവിധാനം ഏകീകൃത സർവീസിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇപ്രകാരമുള്ള ഒരു ഏകീകൃത നിയന്ത്രണം സംയുക്തമായി പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പാക്കുന്നതിനും സഹായകമാവും. തദ്ദേശഭരണ സ്ഥാപനങ്ങളെ ജനസൗഹൃദമാക്കുകയെന്ന ഈ സർക്കാരിന്റെ ലക്ഷ്യം പൂർണ്ണതയിലേക്ക് എത്തുകയാണ്.

പൊതുസേവനത്തിലെ ഔദ്യോഗിക രഹസ്യങ്ങളുടെ ചക്രവാളം ചെറുതാവുകയാണ്. ലോകത്തു മുഴുവൻ ശക്തിപ്പെടുന്ന ഈ പ്രവണതയോട് പുറം തിരിഞ്ഞു നിൽക്കാൻ നമുക്കാവില്ല എന്നു മാത്രമല്ല, ഇവിടെയും മുമ്പേ നടക്കാനുള്ള ചരിത്രപരമായ നിയോഗം നമ്മുടേതാണ്. അത് നാം നിറവേറ്റുക തന്നെ വേണം

പഞ്ചായത്ത് ഡയറക്ടറേറ്റിനും തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഐ.എസ്.ഒ അംഗീകാരം

മികച്ച സേവന ഗുണനിലവാരത്തിനുള്ള രാജ്യാന്തര അംഗീകാരം ഐ.എസ്.ഒ 9001 :2015 കരസ്ഥമാക്കി പഞ്ചായത്ത് ഡയറക്ടറേറ്റ്. ഇതിന്റെ ഔദ്യോഗിക പ്രഖ്യാപനം നിർവ്വഹിക്കപ്പെട്ടിരിക്കുന്നു. ഒപ്പം തന്നെ 939 ഗ്രാമപഞ്ചായത്തുകളും 152 ബ്ലോക്ക് പഞ്ചായത്തുകളും 7 ജില്ലാ പഞ്ചായത്തുകളും വകുപ്പ് തല ഓഫീസുകളിൽ 6 പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളും ഈ നിലവാരം കൈവരിച്ചിരിക്കുന്നു. സ്വന്തമായി കെട്ടിടം ഇല്ലാത്ത ഇടമലക്കുടിയും പ്രളയത്തിൽ ഓഫീസ് കെട്ടിടം നാമാവശേഷമായ തലവടിയും മാത്രമാണ് ഇനി ഐ.എസ്.ഒ നിലവാരത്തിൽ എത്താൻ ബാക്കിയുള്ള ഗ്രാമപഞ്ചായത്തുകൾ. ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടിയതിലൂടെ ജനസംതൃപ്തി ഉറപ്പുവരുത്തുന്ന രീതിയിൽ ജനസൗഹൃദ തദ്ദേശഭരണ സ്ഥാപനം എന്ന തലത്തിലേക്ക് തദ്ദേശഭരണ സ്ഥാപനങ്ങളെ എത്തിക്കുക എന്ന സർക്കാർ ലക്ഷ്യമാണ് പൂർത്തീകരിക്കപ്പെടുന്നത്. പുതിയ കാലത്തെ ജനസൗഹൃദ പൊതു സേവനത്തിന്റെ വേറിട്ട സംസ്കാരത്തിലേക്ക് കേരളത്തിലെ പ്രാദേശിക സർക്കാരുകൾ മുന്നേറുകയാണ്. കേരളത്തിന്റെ മറ്റെല്ലാ മാതൃകാ നേട്ടങ്ങൾക്കുമൊപ്പം ഇതും നമുക്ക് ഉയർത്തിപ്പിടിക്കാം.

പുതിയ കാലത്തെ ജനസൗഹൃദ പൊതു സേവനത്തിന്റെ തത്വം വളരെ ലളിതമാണ്. സർക്കാർ ഓഫീസുകൾ എന്നല്ല, സർക്കാർ സംവിധാനമാകെ, ജനങ്ങൾക്കു വേണ്ടിയാണ്. ജനങ്ങളുടെ പൊതുതാൽപര്യങ്ങൾക്ക് വഴങ്ങിയാവണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടക്കമുള്ള എല്ലാ സർക്കാർ ഓഫീസുകളും പ്രവർത്തിക്കേണ്ടത്. നിയമങ്ങളും നടപടിക്രമങ്ങളും ജനകീയ ഇച്ഛയുടെ സ്ഥാപിത രൂപങ്ങൾ മാത്രമാണ്. നിയമവും നടപടിക്രമവും ശരിയായി മനസ്സിലാക്കണമെങ്കിൽ അതിനു പിന്നിലെ ജനഹിതം കാണണം. നടപടിക്രമങ്ങൾ കൃത്യമായി പാലിച്ച് നിയമപരമായി പ്രവർത്തിക്കുന്നു എന്നതിനർത്ഥം ജനഹിതം വിട്ടുവീഴ്ചയില്ലാതെ നിറവേറ്റുന്നു എന്നു തന്നെയാണ്. അത് പൊതുസമൂഹത്തെ ശരിയായി ബോധ്യപ്പെടുത്തി ചെയ്താൽ ജനസൗഹൃദ സേവനമായി. പൊതുസേവനത്തിലെ ഔദ്യോഗിക രഹസ്യങ്ങളുടെ ചക്രവാളം ചെറുതാവുക

യാണ്. ലോകത്തു മുഴുവൻ ശക്തിപ്പെടുന്ന ഈ പ്രവണതയോട് പുറം തിരിഞ്ഞു നിൽക്കാൻ നമുക്കാവില്ല. എന്നു മാത്രമല്ല, ഇവിടെയും മുമ്പേ നടക്കാനുള്ള ചരിത്രപരമായ നിയോഗം നമ്മുടേതാണ്. അത് നാം നിറവേറ്റുക തന്നെ വേണം.

ഐ. എസ്. ഒ. അംഗീകാരം നേടിയ തദ്ദേശഭരണ സ്ഥാപനങ്ങൾ എല്ലാം തന്നെ കൃത്യസമയത്ത് ഗുണനിലവാരമുള്ള സേവനം നൽകുന്നതോടൊപ്പം ഭിന്നശേഷി സൗഹൃദവും വയോജന സൗഹൃദവും വനിതാ സൗഹൃദവുമായ ഓഫീസുകളും കൂടിയാണ്. പ്രത്യക സ്വീകരണ മുറികൾ, വനിതാ ടോയിലെറ്റുകൾ, ഭിന്നശേഷി സൗഹൃദ ടോയിലെറ്റുകൾ, ഫീഡിംഗ് റൂമുകൾ എന്നിവയെല്ലാം തന്നെ ഒരുക്കിക്കൊണ്ടാണ് ഈ ഓഫീസുകൾ അന്താരാഷ്ട്ര നിലവാരം കൈവരിച്ചിരിക്കുന്നത്.

ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേർണൻസ് മാനേജ്മെന്റ് സിസ്റ്റം (ഐ.എൽ.ജി.എം.എസ്.)

പേപ്പർ രഹിത ഓഫീസ് എന്ന ലക്ഷ്യത്തിലേക്ക് നീങ്ങുകയാണ് എല്ലാ സർക്കാർ വകുപ്പുകളും. തദ്ദേശഭരണ സ്ഥാപനങ്ങളും ഈ പാതയിൽ കൂടി തന്നെയാണ് നീങ്ങുന്നത്. ഇപ്പോൾ 150 ഗ്രാമപഞ്ചായത്തുകളിൽ വിന്യസിച്ചിട്ടുള്ള ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേർണൻസ് മാനേജ്മെന്റ് സിസ്റ്റം (ഐ എൽ ജി എം എസ്) ഈ ലക്ഷ്യത്തിലേക്കുള്ള മാറ്റത്തിൽ ഒരു നാഴികക്കല്ലാവും. ചുരുങ്ങിയ ദിവസങ്ങൾക്കകം ഈ സംവിധാനത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വലിയ സ്വീകാര്യതയാണ് ലഭിച്ചിരിക്കുന്നത്.

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ ലഭ്യമാകുന്ന സേവനങ്ങൾ സമയബന്ധിതമായും കൂടുതൽ കാര്യക്ഷമതയോടെയും സുതാര്യമായും പൊതുജനങ്ങൾക്ക് ലഭ്യമാക്കേണ്ടതുണ്ട്. ഇതിനായി വിവര സാങ്കേതികവിദ്യയിലെ ആധുനിക സംവിധാനങ്ങൾ ഉൾക്കൊള്ളിച്ചു പഞ്ചായത്ത് വകുപ്പിന്റെ സഹകരണത്തോടെ ഇൻഫർമേഷൻ കേരള മിഷൻ തയ്യാറാക്കിയിട്ടുള്ള സോഫ്റ്റ്‌വെയർ സംവിധാനമാണ് ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെന്റ് സിസ്റ്റം അഥവാ ഐ എൽ ജി എം എസ്. വിവിധ ഘട്ടങ്ങളിലായി വിന്യസിക്കുന്ന ഈ സോഫ്റ്റ്‌വെയർ പൂർണമായും നടപ്പിലാകുന്നതോടെ സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ എല്ലാ പ്രവർത്തനങ്ങളും, ഗ്രാമസഭ ഉൾപ്പെടെയുള്ള ജനാധിപത്യ സംവിധാനങ്ങളുടെ പ്രവർത്തനങ്ങളും വെബ് അധിഷ്ഠിതമായി മാറുക എന്നതാണ് ലക്ഷ്യം.

തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകുന്ന 200 ൽ അധികം സേവനങ്ങൾക്കുള്ള അപേക്ഷകളും പരാതികളും അപ്പീലുകളും നിർദ്ദേശങ്ങളും ഓൺലൈനായി അയയ്ക്കുന്നതിനുള്ള സൗകര്യം ഈ സോഫ്റ്റ്‌വെയറിൽ ലഭ്യമാണ്. യൂസർ ലോഗിൻ വഴിയോ അക്ഷയ കേന്ദ്രങ്ങൾ

> **ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെന്റ് സിസ്റ്റം അഥവാ ഐ എൽ ജി എം എസ്. സോഫ്റ്റ്‌വെയർ പൂർണമായും നടപ്പിലാകുന്നതോടെ സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ എല്ലാ പ്രവർത്തനങ്ങളും, ഗ്രാമസഭ ഉൾപ്പെടെയുള്ള ജനാധിപത്യ സംവിധാനങ്ങളുടെ പ്രവർത്തനങ്ങളും വെബ് അധിഷ്ഠിതമായി മാറുന്നതാണ്**

മുഖേനയോ പൊതുജനങ്ങൾക്ക് അപേക്ഷകൾ അയയ്ക്കാം. തദ്ദേശ സ്ഥാപനത്തിൽ ലഭിക്കുന്ന അപേക്ഷകൾ വെബ് അധിഷ്ഠിതമായാണ് കൈകാര്യം ചെയ്യുന്നത് എന്നതിനാൽ ജീവനക്കാർക്ക് വീട്ടിലിരുന്നും ഈ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഫയൽ പ്രവർത്തനങ്ങൾ ചെയ്യാൻ കഴിയും.

അപേക്ഷയോടൊപ്പം ഉൾക്കൊള്ളിക്കേണ്ടുന്ന രേഖകൾ സംബന്ധിച്ച വിവരം സോഫ്റ്റ്‌വെയർ തന്നെ ലഭ്യമാക്കും. ഇത് അപേക്ഷയോടൊപ്പം ഓൺലൈനായി തന്നെ സമർപ്പിക്കാനും കഴിയും. രേഖകൾ നേരിട്ട് ഹാജരാക്കേണ്ടതില്ല. അപേക്ഷയിലെ അപാകതകൾ സംബന്ധിച്ച അറിയിപ്പുകൾ ഓൺലൈനായി തന്നെ ലഭ്യമാകുകയും ചെയ്യും. അപാകതകൾ പരിഹരിച്ച് അപേക്ഷ ഓൺലൈൻ വഴി സമർപ്പിക്കുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. നികുതികളും ഫീസുകളും ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനവും ലഭ്യമാണ്. അപേക്ഷയും പണം കൈപ്പറ്റിയത് സംബന്ധമായ രസീതുകളും സേവനം നൽകുന്ന തീയതിയും ഓൺലൈനായി ലഭ്യമാകും.

സേവനങ്ങൾ തയ്യാറാകുമ്പോൾ അത് സംബന്ധിച്ച് അറിയിപ്പുകൾ എസ് എം എസ് ആയി അപേക്ഷകന് ലഭിക്കും. ഒപ്പം നൽകിയിട്ടുള്ള ഇ-മെയിൽ അഡ്രസിലും അപേക്ഷകന്റെ യൂസർ ലോഗിനിലും സേവനങ്ങളും സാക്ഷ്യപത്രങ്ങളും അറിയിപ്പുകളും ലഭ്യമാകും. അക്ഷയ കേന്ദ്രങ്ങൾ മുഖേനയും സേവനങ്ങൾ കൈപ്പറ്റാം. അതോടൊപ്പം നിലവിലുള്ള രീതിയിൽ തപാൽമാർഗ്ഗവും തദ്ദേശ

ഭരണ സ്ഥാപനത്തിലെ ഫ്രണ്ട് ഓഫീസ് വഴിയും അപേക്ഷകന് സേവനങ്ങൾ ലഭ്യമാകുന്നതാണ്.

തദ്ദേശ സ്ഥാപനത്തിൽ ഓരോ സീറ്റിലും ഫയൽ കൈകാര്യം ചെയ്യുന്നതിന് എടുക്കുന്ന സമയം സോഫ്റ്റ്‌വെയർ നിശ്ചയിച്ച് നൽകുന്നതാണ്. വൈകിയ ഫയലുകളെ സംബന്ധിച്ച വിവരങ്ങൾ ജീവനക്കാരന്റെ ഡാഷ് ബോർഡിലും മേലധികാരികളുടെ ഡാഷ് ബോർഡിലും ലഭ്യമാകുന്നതാണ്. അതോടൊപ്പം വൈകിയ ഫയലുകൾ സംബന്ധിച്ച അലേർട്ട് സംവിധാനവും ഒരുക്കിയിട്ടുണ്ട്. ഇതുവഴി ഫയൽ മോണിറ്ററിങ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സേവനങ്ങൾ സമയബന്ധിതമായി നൽകുന്നതിനും കഴിയും.

പരീക്ഷണാടിസ്ഥാനത്തിൽ സോഫ്റ്റ്‌വെയറിന്റെ ആദ്യഘട്ട പ്രവർത്തനം തിരുവനന്തപുരം ജില്ലയിലെ ചെമ്മരുതി ഗ്രാമപഞ്ചായത്തിൽ നടത്തുകയുണ്ടായി. പരീക്ഷണ ഘട്ടത്തിൽ കണ്ടെത്തിയിട്ടുള്ള പോരായ്മകൾ പരിഹരിച്ച് സംസ്ഥാനമൊട്ടാകെയുള്ള 150 ഗ്രാമപഞ്ചായത്തുകളിൽ സോഫ്റ്റ്‌വെയർ വിന്യസിച്ച് കഴിഞ്ഞു. തുടർന്നുള്ള മാസങ്ങളിലായി സംസ്ഥാനത്തെ മുഴുവൻ പഞ്ചായത്തുകളിലും സോഫ്റ്റ്‌വെയർ വിന്യസിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഈ സോഫ്റ്റ്‌വെയർ പൂർണ്ണമായ തോതിൽ പ്രവർത്തനം ആരംഭിക്കുന്ന മുറയ്ക്ക് നിലവിൽ ഇൻഫർമേഷൻ കേരള മിഷൻ വിന്യസിച്ചിട്ടുള്ള സോഫ്റ്റ്‌വെയറുകൾ പിൻവലിക്കും. ജനാധിപത്യസംവിധാനത്തിൽ ഭരണനിർവഹണം ജനകേന്ദ്രീകൃതമാകുക എന്നത് പൗരന്റെ അവകാശമാണ്. ദുർബലർക്കും സമൂഹത്തിന്റെ ഏറ്റവും താഴെത്തട്ടിൽ ഉള്ളവർക്കും ഉൾപ്പെടെ എല്ലാ ജനവിഭാഗങ്ങൾക്കും സേവനം സമയബന്ധിതമായും സുതാര്യമായും ലളിതമായും ലഭ്യമാക്കാനുള്ള സംവിധാനമായാണ് ഈ സോഫ്റ്റ്‌വെയർ തയ്യാറാക്കപ്പെട്ടിട്ടുള്ളത്.

ഏകീകൃത പൊതു സർവീസിന് പ്രിൻസിപ്പൽ ഡയറക്ടറേറ്റ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരം ലഭിച്ചത് ഭരണഘടനയുടെ 73, 74 ഭേദഗതികളിലൂടെയാണ്. പ്രാദേശിക വികസനത്തിന്റെ ചാലകശക്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണെന്ന കാഴ്ചപ്പാടാണ് ഇടതുപക്ഷ സർക്കാരുകൾക്ക് എക്കാലത്തും ഉണ്ടായിരുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ച രാഷ്ട്രീയാധികാരത്തോടൊപ്പം ഭരണാധികാരവും ആസൂത്രണാധികാരവും നിർവഹണാധികാരവും സാമ്പത്തികാധികാരവും ജീവനക്കാരുടെ സേവനവും തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ലഭ്യമാക്കാൻ ഇടതുപക്ഷ ഗവൺമെന്റുകൾക്ക് കഴിഞ്ഞു. ഇതിന്റെ ഫലമായി ഇന്ത്യയിൽ ഏറ്റവും കൂടുതൽ അധികാരങ്ങളുള്ള പ്രാദേശിക വികസന ക്ഷേമ ഭരണ കേന്ദ്രങ്ങളായി കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാറുകയും ചെയ്തു.

1996 ൽ അധികാരത്തിലേറിയ ഇടതുപക്ഷ സർക്കാർ ആവിഷ്കരിച്ച നടപ്പാക്കിയ ജനകീയാസൂത്രണം എന്ന മഹത്തായ ആശയം ജനകീയ പിന്തുണയോടെ വികസനരംഗത്ത് വലിയ മാറ്റങ്ങൾ കൊണ്ടുവരാൻ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് പ്രാപ്തി നൽകി. നൂതനങ്ങളായ നിരവധി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ സാധിച്ചു. പൊതുജനാരോഗ്യം, പൊതുവിദ്യാഭ്യാസം, അടിസ്ഥാന സൗകര്യ വികസനം, പാർപ്പിടം, കാർഷികോത്പാദനം, ക്ഷേമപദ്ധതികൾ എന്നിവയിലൂടെ സംസ്ഥാനത്തിന് വലിയ പുരോഗതി നേടാൻ കഴിഞ്ഞു. 2016 ൽ അധികാരത്തിലേറിയ ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ച രണ്ടാം ഘട്ട ജനകീയാസൂത്രണം ഈ മേഖലകളിൽ നാലുവർഷം കൊണ്ട് തന്നെ വലിയതോതിലുള്ള മാറ്റങ്ങൾ വരുത്തി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശക്തിയും പ്രസക്തിയും പ്രയോജനവും നാം തിരിച്ചറിഞ്ഞത് പ്രളയകാലത്താണ്. ഈ ശക്തി ഇരുപത്തിയഞ്ചാം വർഷത്തിലേക്ക് കടന്ന ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ ഉപോല്പന്നം കൂടിയാണ്. കൊവിഡ് 19 എന്ന മഹാമാരിയെ നേരിടുന്നതിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്ന സേവനം നിസ്തുലമാണ്. കേരളത്തിന്റെ ഈ അനുഭവം മനസ്സിലാക്കിയാണ് ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരം നൽകണമെന്ന ആവശ്യം ഉയർന്നുവരുന്നത്.

അഞ്ചുവകുപ്പുകളുടെ സംസ്ഥാന ജില്ലാതല ഏകോപനം സംസ്ഥാന സർക്കാർ നടപ്പാക്കുന്ന പദ്ധതികളുടെ നിർവഹണം കാര്യക്ഷമമാക്കുന്നതിനും ജില്ലാ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും സഹായകരമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിലും ഗവൺമെന്റും വകുപ്പും തമ്മിലുള്ള ആശയവിനിമയത്തിനും ഏകോപനം പ്രയോജനം ചെയ്യും.

തദ്ദേശഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക എന്ന ഈ സർക്കാരിന്റെ പ്രഖ്യാപിത നയത്തിന്റെ ഭാഗമായാണ് വ്യത്യസ്ത വകുപ്പുകളായി നിന്നിരുന്ന എന്നാൽ ഒരേ സ്വഭാവമുള്ള അഞ്ചുവകുപ്പുകളെ ഏകോപിപ്പിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിച്ചത്. ഗ്രാമപഞ്ചായത്തിനും, ബ്ലോക്ക് പഞ്ചായത്തിനും, നഗരകാര്യത്തിനും, എഞ്ചിനീയറിംഗിനും നഗരഗ്രാമാസൂത്രണത്തിനും വ്യത്യസ്ത വകുപ്പുകൾ എന്നതാണ് നിലവിലെ അവസ്ഥ. കൂടാതെ ജില്ലാ പഞ്ചായത്തുകളുടെ ഭരണ നിർവഹണം ഗവൺമെന്റ് സെക്രട്ടേറിയേറ്റാണ് നിർവഹിച്ചു വന്നിരുന്നത്. വ്യത്യസ്ത വകുപ്പുകൾ വ്യത്യസ്ത തുരുത്തുകളായി നിലനിൽക്കുന്നത് ആസൂത്രണത്തിനും പദ്ധതി നടത്തിപ്പിനും പല തടസ്സങ്ങൾക്കും ഇടവരുത്തുന്നു എന്ന കണ്ടെത്തലും പൊതുസർവീസ് ഇതിന് പരിഹാരമാകുമെന്ന തിരിച്ചറിവും ഈ വകുപ്പുകളെ ഏകോപിപ്പിക്കുന്നതിനുള്ള തീരുമാനത്തിന് അടിസ്ഥാനമായി. ഇതിന്റെ അടിസ്ഥാനത്തിലാണ് ആദ്യഘട്ടത്തിൽ സെക്രട്ടേറിയേറ്റിലെ ഗ്രാമവികസന വകുപ്പും തദ്ദേശഭരണ വകുപ്പും സംയോജിപ്പിച്ച് തദ്ദേശസ്വയംഭരണവകുപ്പ് രൂപീകരിച്ചത്.

ഏകോപിത സർവീസ് രൂപീകരണം സംബന്ധിച്ച കരട് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ലോക്കൽ ഗവൺമെന്റ് കമ്മീഷനെ ചുമതലപ്പെടുത്തി. വിവിധ സർവീസ് സംഘടനകളുമായും ജനപ്രതിനിധികളുടെ സംഘടനകളുമായും ചർച്ച നടത്തി വിശദമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് ചട്ടങ്ങൾ ലോക്കൽ ഗവൺമെന്റ് കമ്മീഷൻ ഗവൺമെന്റിന് സമർപ്പിച്ചു. ഏകീകൃതവകുപ്പ് രൂപീകരണത്തിന്റെ ആദ്യപടിയായി മുനിസിപ്പൽ കോമൺസർവീസിലെ ജീവനക്കാരെ സർക്കാർ ജീവനക്കാരാക്കിക്കൊണ്ട് കേരള മുനിസിപ്പാലിറ്റി നിയമം ഭേദഗതി ചെയ്തു. ലോക്കൽ ഗവൺമെന്റ് കമ്മീഷൻ സമർപ്പിച്ച കരട് ചട്ടങ്ങളും തുടർന്ന് നിർദ്ദേശിക്കപ്പെട്ട ഭേദഗതികളും പരിശോ

ധിച്ച് അഞ്ചുവകുപ്പുകളും ഏകോപിപ്പിച്ച് ലോക്കൽ സെൽഫ് ഗവൺമെന്റ് വകുപ്പ് രൂപീകരിക്കാനും വകുപ്പുതലവന്റെ പേര് പ്രിൻസിപ്പൽ ഡയറക്ടർ എന്നാക്കാനും സർക്കാർ തീരുമാനം കൈക്കൊണ്ടു. ജനകീയാസൂത്രണപ്രസ്ഥാനം കാൽനൂറ്റാണ്ടിലേക്ക് കടന്ന ഈയവസരത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ ശക്തി പകരുന്ന ഈ തീരുമാനം കൈക്കൊണ്ടുവെന്നത് ശ്രദ്ധേയമാണ്.

ഏകീകൃത വകുപ്പിന് റൂറൽ, അർബൻ, പ്ലാനിംഗ്, എഞ്ചിനീയറിംഗ് എന്നീ നാലു വിംഗുകളാണുള്ളത്. റൂറൽ, അർബൻ വിംഗുകളുടെ തലവന്മാർ ഐ.എ.എസ്. കേഡറിൽ ഉള്ളവരായിരിക്കുന്നതും, പദവിയുടെ പേര്, ഡയറക്ടർ എന്നായിരിക്കുന്നതുമാണ്. പ്ലാനിംഗ് വിംഗിന്റെ തലവൻ ചീഫ് ടൗൺ പ്ലാനറും എഞ്ചിനിയറിംഗ് വിംഗിന്റെ തലവൻ ചീഫ് എഞ്ചിനീയറുമായിരിക്കും. എഞ്ചിനീയറിംഗ് വിംഗിന്റെ പേര് ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലെപ്മെന്റ് എഞ്ചിനീയറിംഗ് എന്നും നഗര ഗ്രാമാസൂത്രണവിഭാഗത്തിന്റെ പേര് തദ്ദേശസ്വയംഭരണ പ്ലാനിംഗ് വിഭാഗം എന്നുമായിരിക്കും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മെച്ചപ്പെട്ട പ്രവർത്തനത്തിന് സഹായകരമായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പബ്ലിക് ഹെൽത്ത് ആന്റ് എൻവയൺമെന്റ് മാനേജ്മെന്റ്, കമ്മ്യൂണിക്കേഷൻ, എംപവർമെന്റ് ഹ്യൂമൻ റിസോഴ്സ് ഡവലെപ്മെന്റ് എന്നീ ഉപവിഭാഗങ്ങളും രൂപീകരിക്കുന്നതാണ്.

ജീവനക്കാർക്ക് ദോഷം വരാതെയും, പ്രൊമോഷൻ സാധ്യത വർദ്ധിപ്പിച്ചുമാണ് ഏകീകൃത വകുപ്പ് രൂപീകരിക്കുന്നത്. പ്രൊമോഷന്റെയും സ്ഥലംമാറ്റത്തിന്റെയും കാര്യത്തിൽ ഏകീകരണ ഉത്തരവ് തീയതിയ്ക്കു മുമ്പ് സർവീസിൽ പ്രവേശിച്ച ഓരോ ജീവനക്കാരനും സർവീസിൽ നിന്ന് പിരിയുന്നതുവരെ പഴയ വകുപ്പുകളിലുള്ള സീനിയോറിറ്റിയും ലീനും നിലനിർത്തി പഴയ വകുപ്പിൽ അർഹതപ്പെട്ട എല്ലാ പ്രൊമോഷനും ലഭിയ്ക്കുന്ന തരത്തിലാണ് ഏകോപനം നടത്തുന്നത്. നിലവിലുള്ള മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് III തസ്തികയിലെ ജീവനക്കാർക്ക് സംരക്ഷണം നൽകി മുനിസിപ്പൽ സെക്രട്ടറി, ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെ തസ്തികകൾ ഏകീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്. എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറി തസ്തികകളും ഏകീകൃത വകുപ്പിനകത്തെ തസ്തികയായി നിശ്ചയിക്കുന്നതാണ്. ഏകീകൃത വകുപ്പിന്റെ

ജില്ലാ മേധാവിയായി ജോയിന്റ് ഡയറക്ടർ, ജോയിന്റ് ഡെവലെപ്മെന്റ് കമ്മീഷണർ എന്നീ തസ്തികകൾക്ക് സമാനമായ തസ്തികയാക്കി നിശ്ചയിക്കുന്നതാണ്.

അഞ്ചുവകുപ്പുകളുടെ സംസ്ഥാന ജില്ലാ തല ഏകോപനം സംസ്ഥാന സർക്കാർ നടപ്പാക്കുന്ന പദ്ധതികളുടെ നിർവഹണം കാര്യക്ഷമമാക്കുന്നതിനും ജില്ലാ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും സഹായകരമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിലും ഗവൺമെന്റും വകുപ്പും തമ്മിലുള്ള ആശയവിനിമയത്തിനും ഏകോപനം പ്രയോജനം ചെയ്യും. ഏകീകൃത വകുപ്പിന്റെ ജില്ലാ മേധാവിയായി ജോയിന്റ് ഡയറക്ടർ തസ്തികയിൽ ഒരു ഉദ്യോഗസ്ഥൻ വരുന്നത് അടിയന്തിരഘട്ടങ്ങളിൽ ജില്ലാ ഭരണകൂടത്തിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായം ലഭ്യമാക്കുന്നതിന് സഹായകരമാകുന്നതാണ്. ജില്ലാ ആസൂത്രണ സമിതിയും തദ്ദേശഭരണ സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും പുതിയ സംവിധാനം പ്രയോജനപ്പെട്ടു മെന്നതിൽ സംശയമില്ല.

21900 ജനപ്രതിനിധികളും 1200 തദ്ദേശ സ്ഥാപനങ്ങളും ഡെപ്യൂട്ടേഷൻ / കരാർ വ്യവസ്ഥയിലുള്ള 7000 ത്തോളം ജീവനക്കാരുൾപ്പെടെ ഏകദേശം 31,000 ഉദ്യോഗസ്ഥരും 3500 ഓളം ഓഫീസുകളും 8000 കോടിയോളം രൂപയുടെ പദ്ധതി വിഹിതവും ഒക്കെയുള്ള ഒരു മികവുറ്റ സംവിധാനമാണ് ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിനുള്ളത്. ഒരു വ്യക്തിയുടെ ജനനം മുതൽ മരണം വരെയുള്ള എല്ലാ വിഷയങ്ങളും കൈകാര്യം ചെയ്യുന്ന ഒരു സംവിധാനമാണ് തദ്ദേശസ്വയംഭരണ വകുപ്പ്. കേരളത്തിന്റെ വികസന പ്രക്രിയയിലും സാമൂഹിക ജീവിതത്തിന്റെ ഉന്നമനത്തിനും വേണ്ടി നിലകൊള്ളുന്ന തദ്ദേശസ്വയംഭരണ വകുപ്പ് ഏകീകരിക്കപ്പെട്ടുമ്പോൾ കേരളത്തിന്റെ തദ്ദേശഭരണ ചരിത്രത്തിലെ ഏറ്റവും തിളങ്ങുന്ന ഒരദ്ധ്യായമായി മാറുമെന്നതിൽ സംശയമില്ല. കൂടാതെ ഈ ഒരു മഹത്തായ ലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടി ഒരു രൂപ പോലും സർക്കാർ ഖജനാവിൽ നിന്നും അധികമായി ചെലവഴിച്ചിട്ടില്ല എന്നതും അഭിമാനകരമായ വസ്തുതയാണ്.

അധികാരവികേന്ദ്രീകരണം പൂർണ അർത്ഥത്തിൽ നടപ്പിലാക്കിയ ഒരു സംസ്ഥാനമാണ് കേരളം. ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ രജതജൂബിലി വർഷത്തിൽ ഇത്രയധികം ജീവനക്കാരും സംവിധാനങ്ങളും ഉൾപ്പെടുന്ന അഞ്ചുവകുപ്പുകളെ ഏകോപിപ്പിക്കുന്നത് കേരള സിവിൽ സർവീസ് ചരിത്രത്തിൽ മുൻപ് ഉണ്ടായിട്ടില്ലാത്ത ഭരണ പരിഷ്കാരമാണ്. തദ്ദേശഭരണ സ്ഥാപനങ്ങളെ കരുത്തുള്ള പ്രാദേശിക സർക്കാരുകളാക്കി മാറ്റുന്ന ചരിത്രപരമായ ഈ തീരുമാനത്തെ ജനങ്ങളും ജീവനക്കാരും ഒരുപോലെ സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. പുതുതായി രൂപീകരിച്ച തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറേറ്റിന്റെ ആസ്ഥാനം ഇക്കഴിഞ്ഞ ഗാന്ധിജയന്തി ദിനത്തിൽ ഉദ്ഘാടനം ചെയ്യപ്പെട്ടിരിക്കുന്നു. ഈ ഏകീകൃത വകുപ്പിനെ അതിന്റെ പ്രയോക്താക്കൾ ലക്ഷ്യമിട്ട തരത്തിൽ ഏകോപിപ്പിച്ചു പ്രവർത്തിപ്പിക്കാൻ ഈ സംവിധാനത്തിന് കഴിയുമെന്ന് പ്രത്യാശിക്കാം.

□



അധികാരവികേന്ദ്രീകരണത്തിന്റെ ഇരുപത്തഞ്ചാണ്ടുകൾ

■ ഡോ. ടി.എം. തോമസ് ഐസക്
ധനകാര്യ വകുപ്പുമന്ത്രി

ഇന്ത്യയിൽ ഏറ്റവും വേഗതയിൽ ദാരിദ്ര്യം കുറഞ്ഞത് കേരളത്തിലാണ്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ ശതമാനം 1993-94 ൽ ഗ്രാമീണ മേഖലയിൽ 26 ശതമാനവും നഗരമേഖലയിൽ 25 ശതമാനവുമായിരുന്നു. 2011-12 ൽ ഇത് യഥാക്രമം 7 ഉം 5 ഉം ശതമാനമായി താഴ്ന്നു. ജീവിത ഗുണമേന്മ സൂചികയിൽ കേരളം ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതൽ മുന്നേറി.

ജനകീയാസൂത്രണത്തിന്റെ രജതജൂബിലി വർഷമാണിത്. ഇരുപത്തഞ്ചാണ്ട് പിന്നിടുമ്പോൾ അധികാരവികേന്ദ്രീകരണത്തിന്റെ കാര്യത്തിൽ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയാണ് നാം. തീർച്ചയായും അഭിമാനാർഹമായ നേട്ടം. കേവലമൊരു ഭരണപരിഷ്കാരമായി സമീപിക്കാതെ, സാമൂഹ്യപ്രസ്ഥാനമായി അധികാരവികേന്ദ്രീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചതുകൊണ്ടാണ് നമുക്ക് ഈ നേട്ടം കരസ്ഥമാക്കാൻ കഴിഞ്ഞത്. പക്ഷേ, നമുക്കിത് പൊങ്ങച്ച പ്രകടനത്തിനുള്ള അവസരമല്ല. ഇനിയെന്ത് എന്ന ചോദ്യം നമ്മുടെ മുന്നിലുണ്ട്. വിഭാവനം ചെയ്ത കാര്യങ്ങളുടെ പുരോഗതി വേണ്ടവിധത്തിൽ ആയോ എന്ന പരിശോധന നടക്കേണ്ടതുണ്ട്.

ഏതു വെല്ലുവിളിയും ഏറ്റെടുക്കാൻ നമുക്കു കഴിയും. കാരണം, സർക്കാർ മാറിയത്,

വികേന്ദ്രീകരണ പ്രവർത്തനങ്ങളെ കാര്യമായി ബാധിച്ചിട്ടില്ല. ജില്ലാ കൗൺസിലുകൾ പിരിച്ചുവിട്ടതുപോലെ ജനകീയാസൂത്രണം അട്ടിമറിക്കപ്പെട്ടില്ല. ധനം, അധികാരം, ഉദ്യോഗസ്ഥർ എന്നിവയുടെ കീഴോട്ടുള്ള വിന്യാസത്തിൽ നാം മുന്നോട്ടാണ് പോയത്. അതാണ് കാൽ നൂറ്റാണ്ടു കാലത്തെ കേരളത്തിന്റെ അനുഭവം. മോശം നിൽക്കുന്ന പഞ്ചായത്തുകളിൽപ്പോലും വളരെ നന്നായി നടക്കുന്ന ചില പ്രോജക്ടുകൾ കാണാം. ഒരു നല്ല ജനപ്രതിനിധിയോ ഉദ്യോഗസ്ഥനോ സന്നദ്ധപ്രവർത്തകനോ ഉണ്ടായാൽ മതി. ഇങ്ങനെ പ്രാദേശികമായി ഇടപെടാനുള്ള ഒരു ജനാധിപത്യ ഇടം കേരളത്തിൽ ഉണ്ടെന്നുള്ളതാണ് അധികാരവികേന്ദ്രീകരണത്തിന്റെ ഏറ്റവും വലിയ നേട്ടം.

അടുത്ത ലക്ഷ്യം പച്ചക്കറി, പാൽ, മുട്ട എന്നിവയിൽ സ്വയംപര്യാപ്തത, അഞ്ചുലക്ഷം ഹെക്ടറിൽ നെൽകൃഷി, പ്രതിവർഷം ഒരുകോടി വൃക്ഷതൈകൾ, 1000 പേർക്ക് അഞ്ചുവീതം കാർഷികസംസ്കരണ മേഖലയിലും മറ്റുമായി തൊഴിലുകൾ തുടങ്ങിയ കൃത്യമായ ലക്ഷ്യങ്ങളാണ് നമുക്കുള്ളത്. സമഗ്രസ്ഥലജല പരിപാടികൾ തയ്യാറാക്കണം. ജനകീയാസൂത്രണത്തിനു മുമ്പായി പരീക്ഷണാടിസ്ഥാനത്തിൽ നടത്തിയ വിഭവഭൂപട കാമ്പയിനിന്റെ മാതൃക നമ്മുടെ മുന്നിലുണ്ട്.

കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികൾ കൂടി എടുത്താൽ പ്രാദേശിക സർക്കാരുകൾ വഴിയാണ് ഇരുപതിനായിരത്തിലേറെ

കോടി രൂപ ചെലവഴിക്കുന്നത്. അധികാരത്തിന്റെ കാര്യത്തിൽ ഗൗരവമായ കാര്യം പഞ്ചായത്തുകളുടെ ചെറുകിട ജലസേചന പദ്ധതികളുടെ വ്യാപ്തി കുറച്ചതു മാത്രമാണ്. എന്നാൽ ദുരന്തനിവാരണത്തിൽ പണ്ട് ഇല്ലാതിരുന്ന സ്ഥാനം ലഭിക്കുകയും ചെയ്തു. ഉദ്യോഗസ്ഥരുടെ എണ്ണം ഗണ്യമായി വർദ്ധിച്ചു.

ഇത്രയും പണവും അധികാരവും ഉദ്യോഗസ്ഥരും അധികമായി നൽകിയതുകൊണ്ട് നാടിന് എന്തു നേട്ടമുണ്ടായി?

▸ പൊതുആരോഗ്യ സംവിധാനം ഉപയോഗിക്കുന്ന ജനങ്ങളുടെ എണ്ണം 38 ശതമാനമായിരുന്നത് 2018-19 ൽ 48 ശതമാനമായി ഉയർന്നു. ശിശുമരണ നിരക്ക് 15 ൽ നിന്നും 7 ആയി താഴ്ന്നു.

▸ പൊതുവിദ്യാഭ്യാസ മേഖലയിലെ കുട്ടികളുടെ എണ്ണം വീണ്ടും ഉയർന്നു തുടങ്ങി. കഴിഞ്ഞ നാലു വർഷക്കാലത്തിനിടയിൽ അഞ്ചുലക്ഷത്തിലേറെ കുട്ടികൾ അൺഎയ്ഡഡ് മേഖലയിൽ നിന്നും പൊതുവിദ്യാഭ്യാസത്തിലേയ്ക്ക് റ്റിസി വാങ്ങി തിരിച്ചു വന്നിട്ടുണ്ട്. നീതി ആയോഗിന്റെ 2019 ന്റെ ക്വാളിറ്റി ഇൻഡക്സിൽ കേരളമാണ് ഒന്നാംസ്ഥാനത്ത്.

▸ പ്രാദേശിക റോഡുകളുടെ ദൈർഘ്യം 1995-96 ൽ 1.15 ലക്ഷം കിലോമീറ്റർ ആയിരുന്നത് 2018-19 ൽ 2.32 ലക്ഷം കിലോമീറ്റർ ആയി വർദ്ധിച്ചു. ഗുണനിലവാരവും ഉയർന്നിട്ടുണ്ട്.

▸ കഴിഞ്ഞ കാൽനൂറ്റാണ്ടിനിടയിൽ 20 ലക്ഷം വീടുകളാണ് കേരളത്തിൽ പണിതുയർത്തിയത്. ഏതാണ്ട് അഞ്ചുലക്ഷം കുടുംബങ്ങൾക്കുകൂടി വീട് ലഭിച്ചാൽ കേരളത്തിലെ പാർപ്പിട പ്രശ്നം പരിഹരിക്കപ്പെടും. എല്ലാ വീടുകളിലും കക്കൂസുണ്ട്. വൈദ്യുതിയുമെത്തി.

▸ 43 ലക്ഷം കുടുംബങ്ങൾ അംഗങ്ങളായിട്ടുള്ള കുടുംബശ്രീ വഴി ഈ വർഷം വായ്പ ലഭ്യമാക്കുന്നത് 11000 കോടി രൂപയാണ്. കുടുംബശ്രീയുടെ തൊഴിൽ സംരംഭങ്ങളെയും നാനാവിധ സേവനങ്ങളെയുംകുറിച്ച് കൂടുതൽ വിവരിക്കുന്നില്ല.

ഇന്ത്യയിൽ ഏറ്റവും വേഗതയിൽ ദാരിദ്ര്യം കുറഞ്ഞത് കേരളത്തിലാണ്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ ശതമാനം 1993-94 ൽ ഗ്രാമീണ മേഖലയിൽ 26 ശതമാനവും നഗര മേഖലയിൽ 25 ശതമാനവുമായിരുന്നു.

2011-12 ൽ ഇത് യഥാക്രമം 7 ഉം 5 ഉം ശതമാനമായി താഴ്ന്നു. ജീവിത ഗുണമേന്മ സൂചികയിൽ കേരളം ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതൽ മുന്നേറി. ഇതൊക്കെ നേട്ടങ്ങളുടെ പട്ടികയിലുണ്ട്.

ഇപ്പറഞ്ഞതിനർത്ഥം എല്ലാം ഭദ്രമാണെന്നല്ല. തീർച്ചയായും കണ്ണഞ്ചിപ്പിക്കുന്ന നേട്ടങ്ങൾ എണ്ണിപ്പറയാനുണ്ട്. എന്നാൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ഒരുപോലെയല്ല മുന്നേറിയത്. ഗ്രാമസഭകളിലെയും മറ്റും പങ്കാളിത്തം കുറഞ്ഞുവരികയാണ്. അഴിമതി തുടരുന്നുണ്ട്. സംയോജിത പരിപാടികൾ ശുഷ്കമാണ്. നീർത്തടാധിഷ്ഠിത ആസൂത്രണം ഇപ്പോഴും ശൈശവദശയിലാണ്. ജില്ലാ പദ്ധതികൾ പേരിനു മാത്രമായി തുടരുന്നു. പട്ടികവർഗ്ഗ ഉപപദ്ധതിയിൽ അഭിമാനിക്കാനേറെയില്ല. എല്ലാറ്റിലുമുപരി കാർഷിക, ചെറുകിട വ്യവസായാദി ഉൽപ്പാദന മേഖലകളിൽ വികേന്ദ്രീകൃതാസൂത്രണം ഫലവത്തായില്ല. ഇങ്ങനെ പോരായ്മകളുടെ ലിസ്റ്റ് ഇനിയും വേണമെങ്കിൽ നീട്ടാം.

എല്ലാതലങ്ങളിലും വികേന്ദ്രീകരണത്തിന്റെ സാധ്യതകളുടെ ഉത്തുംഗശൃംഖങ്ങളിൽ നിൽക്കുന്ന നൂറെങ്കിലും പ്രാദേശിക സർക്കാരുകളെ നമുക്ക് കാണാനാവും. മറിച്ച് അങ്ങേതലയ്ക്കലും നൂറെങ്കിലും ഉണ്ടാവും. ബാക്കി മഹാഭൂരിപക്ഷവും ചില കാര്യങ്ങളിൽ മുന്നിൽ, മറ്റു ചിലവയിൽ പിന്നിൽ എന്ന നിലയിലാവും.

എങ്ങനെയാണ് നല്ലൊരു പഞ്ചായത്ത് / മുനിസിപ്പാലിറ്റി രൂപംകൊള്ളുന്നത്? നല്ല ഏതാനും ജനപ്രതിനിധികൾ, ആത്മാർത്ഥതയുള്ള കുറച്ച് ഉദ്യോഗസ്ഥർ, അർപ്പണബോധത്തോടെയുള്ള സന്നദ്ധപ്രവർത്തകർ ഈയൊരു കൂട്ടുകെട്ടാണ് ഏറ്റവും മികച്ച തദ്ദേശഭരണ സ്ഥാപനങ്ങളുടെ സമ്പത്ത്.

എന്തുകൊണ്ട് ചില മേഖലകളിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രകടനം ഏറ്റവും മികവ് പ്രകടിപ്പിക്കുന്നത്? ഉദാഹരണത്തിന് കൊവിഡ് പ്രതിരോധത്തിൽ നമ്മുടെ പൊതുആരോഗ്യമേഖല പ്രകടിപ്പിക്കുന്ന മികവ്. തദ്ദേശഭരണ സ്ഥാപനങ്ങളും വിവിധ വകുപ്പുകളും തമ്മിലുള്ള പരസ്പര സഹകരണവും പ്രാദേശിക ബന്ധങ്ങളെ ഉപയോഗപ്പെടുത്തി സംയോജിത പരിപാടികൾ ഏറ്റെടുക്കുന്നതിനുള്ള വകുപ്പുകളുടെ സന്നദ്ധതയുമാണ് ഈ നേട്ടത്തിന് കാരണം. വെള്ളം കയറാത്ത അറകളായി വകുപ്പുകൾ വെവ്വേറെ നിന്നിരുന്നെങ്കിൽ ഇതു സംഭവിക്കുമായിരുന്നില്ല.

അധികാരവികേന്ദ്രീകരണത്തിന്റെ ആദ്യ പതിറ്റാണ്ടിൽ ഇതായിരുന്നില്ല സ്ഥിതി. കീഴ്ത്തട്ടിൽ തദ്ദേശസ്ഥാപനങ്ങളും ആരോഗ്യ വകുപ്പുമായി ഉണ്ടായിരുന്ന അകൽച്ച വലിയ പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. ആരോഗ്യ പ്രോജക്ടുകളുടെ ഇംപ്ലിമെന്റേഷൻ ഓഫീസർമാർ ആകുന്നതിനുപോലും പലയിടങ്ങളിലും ഡോക്ടർമാർ വിസമ്മതിച്ചു. ഇതിനു നേർവിപരീതമായിരുന്നു വെറ്ററിനറി ഡോക്ടർമാരുടെ സമീപനം. ജനകീയാസൂത്രണത്തിന്റെ മൂന്നാംഘട്ട പരിശീലനം മുതൽ വളരെ സജീവമായി അവർ ഇടപെടുകയും ആദ്യ വാർഷിക പദ്ധതിയിൽ തന്നെ അതു പ്രതിഫലിക്കുകയും ചെയ്തു.

ആരോഗ്യ മേഖലയിലും പതുക്കെ ഈ മനോഭാവത്തിൽ മാറ്റംവന്നു. ബ്യൂറോക്രസിയെ ഒരു കാര്യം പറഞ്ഞു ബോധ്യപ്പെടുത്തുന്നതിനേക്കാൾ എത്രയോ എളുപ്പമാണ് പഞ്ചായത്ത് പ്രസിഡന്റിനെ ബോധ്യപ്പെടുത്തുന്നതെന്ന് ഡോക്ടർമാർക്ക് മനസ്സിലാകാൻ അധികനാൾ വേണ്ടിവന്നില്ല. ഇന്ന് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെ നല്ലൊരു പങ്കു ചെലവ് പ്രാദേശിക സർക്കാരുകളുടെ ബജറ്റിൽ നിന്നാണ്. മഴക്കാലപൂർവ്വ ശുചീകരണം, പകർച്ചവ്യാധി പ്രതിരോധം, സാന്ത്വന പരിചരണം, ഭിന്നശേഷിക്കാർക്കും വയോജനങ്ങൾക്കുമുള്ള പിന്തുണ, പോഷകാഹാരം, കുടിവെള്ളം എന്നു തുടങ്ങി ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട രംഗങ്ങളിൽ നിർണ്ണായക പങ്കാണ് പ്രാദേശിക സർക്കാരുകൾക്കുള്ളത്.

നാട് നേരിടുന്ന വെല്ലുവിളികളെ തദ്ദേശഭരണസ്ഥാപനങ്ങൾ കരുത്തോടെ അഭിമുഖീകരിക്കുന്നതെങ്ങനെ എന്നതിന് ഉത്തമ ദൃഷ്ടാന്തമായി ഈ കൊവിഡ് പകർച്ചവ്യാധിക്കാലത്തെ കേരളത്തിലെ അനുഭവം പ്രകീർത്തിക്കപ്പെടുന്നു. ഇതുവരെയുള്ള അനുഭവങ്ങൾ വിലയിരുത്തിക്കൊണ്ട് അധികാരവികേന്ദ്രീകരണം കൂടുതൽ വിപുലീകരിക്കേണ്ട കാലമാണിത്.

മാലിന്യ സംസ്കരണവും തദ്ദേശഭരണ സ്ഥാപനങ്ങളും

■ പ്രൊഫ. പി.കെ. രവീന്ദ്രൻ

ഹരിതകർമ്മ സേന തദ്ദേശഭരണ സ്ഥാപനങ്ങളിലെ സ്ഥിരം സംവിധാനമാകേണ്ടതുണ്ട്. ജൈവമാലിന്യ സംസ്കരണ ഉപകരണങ്ങൾ ഉപയോഗിക്കുന്ന പലർക്കും സാങ്കേതിക സഹായം ആവശ്യമുണ്ട്. പഞ്ചായത്തോ നഗരസഭയോ പൊതു ഇടങ്ങളിൽ സ്ഥാപിക്കുന്ന ബയോഗ്യാസ് പ്ലാന്റ്, കമ്പോസ്റ്റ് ബിൻ തുടങ്ങിയവയുടെ പരിപാലനത്തിനും സാങ്കേതിക പരിചയമുള്ളവർ ആവശ്യമുണ്ട്. ഇവ ഏറ്റെടുക്കാൻ കൂടി ഹരിതകർമ്മ സേനയ്ക്ക് കഴിയണം

കേരളത്തിലെ 501 ഗ്രാമപഞ്ചായത്തുകളും 58 നഗരസഭകളും ശുചിത്വപദവി നേടിയിരിക്കുകയാണ്. ശുചിത്വമിഷനും ഹരിതകേരളം മിഷനും നടത്തിയ സർവേയുടെ അടിസ്ഥാനത്തിലാണ് ഈ പദവി നൽകിയത്. പഞ്ചായത്തുകളും നഗരസഭകളും മാലിന്യ സംസ്കരണ രംഗത്ത് നടപ്പാക്കിയ പ്രവർത്തനങ്ങളുടെ പ്രതിഫലനമാണ് ഈ അംഗീകാരം. പകുതിയിലേറെ ഗ്രാമ പഞ്ചായത്തുകളും നഗരസഭകളും ഗുരുതരമായ മാലിന്യപ്രശ്നം വലിയൊരളവുവരെ പരിഹരിച്ചു കഴിഞ്ഞിരിക്കുന്നു. ജനകീയ പങ്കാളിത്തത്തോടെ അവശേഷിക്കുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങളും സമ്പൂർണ്ണ ശുചിത്വ പദവി നേടും എന്ന് പ്രതീക്ഷിക്കാം. ശുചിത്വ പരിപാലന രംഗത്ത് കേരളം നടത്തുന്ന മുന്നേറ്റങ്ങളുടെ തുടർച്ചയാണിത്. വിരലിലെണ്ണാവുന്ന പഞ്ചായത്തുകൾ ഒഴികെ കേരളത്തിലെ മുഴുവൻ പഞ്ചായത്തുകളും കേന്ദ്ര സർക്കാരിന്റെ മാനദണ്ഡങ്ങൾക്കനുസൃതമായി നിർമ്മൽ പുരസ്കാരം നേടിയിരുന്നു. മുഴുവൻ തദ്ദേശ ഭരണ സ്ഥാപനങ്ങളും വെളിയിട വിസർജ്ജന വിമുക്ത (Open Defecation Free, ODF) മാവുകയും ചെയ്തു. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ജനപങ്കാളിത്തത്തോടെയുള്ള പ്രവർത്തനഫല മായാണ് ഈ നേട്ടങ്ങൾ കൈവരിക്കാനായത്. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി കൈമാറിക്കിട്ടിയ അധികാരങ്ങൾ ഫലപ്രദമായി വിനിയോഗിക്കാൻ പഞ്ചായത്തുകൾക്കും നഗരസഭകൾ

വിൻഡ്രോ കമ്പോസ്റ്റിംഗ് യൂണിറ്റ്, മട്ടന്നൂർ

ക്കും കഴിഞ്ഞതുകൊണ്ടാണ് ഇവ സാധ്യമായത്. 25 വർഷങ്ങൾക്ക് മുമ്പ് ആരംഭിച്ച ജനകീയാസൂത്രണമാണ് ഇതിനു കാരണമായത്. പഞ്ചായത്തുകൾക്കും നഗരസഭകൾക്കും അധികാരങ്ങൾ കൈമാറുകയും, ഈ അധികാരങ്ങൾ കൈ യാളാൻ ആവശ്യമായ ആളും അർത്ഥവും നൽകിയതും ജനകീയാസൂത്രണമാണ്. പ്രവർത്തനം സുഗമമാക്കാൻ ആവശ്യമായ നിയമങ്ങളും ചട്ടങ്ങളും ഉണ്ടാക്കുകയും ജീവനക്കാരുടെയും ഭരണസമിതി അംഗങ്ങളുടെയും കാര്യശേഷി വികസിപ്പിക്കുന്നതിന് പരിശീലനങ്ങൾ നടത്തുകയും ചെയ്തത് ജനകീയാസൂത്രണത്തിന്റെ ഭാഗമായാണ്.

മാലിന്യ പരിപാലനം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലകളിൽപ്പെടുന്നതാണ്. ഇന്ത്യയിലെവിടെയും മാലിന്യപ്രശ്നം ഒരു നാഗരിക പ്രശ്നമാണ്. എന്നാൽ കേരളത്തിൽ ബഹുഭൂരിപക്ഷം പഞ്ചായത്തുകളും നഗരസ്വഭാവം കൈവരിച്ചതിനാൽ പഞ്ചായത്ത് പ്രദേശങ്ങളിലും മാലിന്യ പ്രശ്നം ഗുരുതരമാണ്. നഗരവൽക്കരണത്തിന്റെ വ്യാപ്തി വർദ്ധിക്കുന്നതുകൊണ്ട് ഇത് കൂടുതൽ സങ്കീർണ്ണമായിക്കൊണ്ടിരിക്കുന്നു. ഈ നൂറ്റാണ്ടിന്റെ ആരംഭത്തോടെയാണ് മാലിന്യപ്രശ്നത്തിന്റെ ഗുരുതരാവസ്ഥ പൊതുശ്രദ്ധയിൽ വന്നത്. നഗരമാലിന്യ സംസ്കരണത്തിന് ശക്തമായ ചട്ടങ്ങൾ കേന്ദ്ര സർക്കാർ രൂപീകരിച്ചു. നഗരസഭകൾക്ക് ചിട്ടയായ നിർദ്ദേശങ്ങളും പ്രശ്നപരിഹാരത്തിനു സമയപരിധിയും നിശ്ചയിച്ചു. സുപ്രീം കോടതിയും ദേശീയ ഹരിത ട്രിബ്യൂണലും മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ് ഏറ്റെടുക്കുകയും ചെയ്തു. ഇതേ സമയത്ത് ഗ്രാമീണമേഖലയിൽ ശുചിത്വപരിപാലനം മാത്രമാണ് ലക്ഷ്യമിട്ടത്. ഗ്രാമവികസന വകുപ്പിന് കീഴിലുള്ള സാനിട്ടേഷൻ മിഷനായിരുന്നു ഇതിന്റെ ചുമതല. എന്നാൽ ഭൂരിപക്ഷം ഗ്രാമപഞ്ചായത്തുകളും നഗരവല്കൃതമായ കേരളത്തിലെ സാഹചര്യം ഭിന്നമായിരുന്നു. നഗരപ്രദേശങ്ങളിലെന്നപോലെ ഗ്രാമപ്രദേശങ്ങളിലെയും ഖരമാലിന്യങ്ങൾ സംസ്കരിച്ചാൽ മാത്രമേ കേരളം സമ്പൂർണ്ണ ശുചിത്വമാകൂ എന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിലാണ് കേരളത്തിൽ ശുചിത്വമിഷൻ സ്ഥാപിതമായത്. ഗ്രാമീണമേഖലയിൽ മാത്രം പ്രവർത്തിച്ചിരുന്ന സാനിട്ടേഷൻ മിഷനും നഗരമേഖലയിൽ പ്രവർത്തനം നടത്തിയിരുന്ന ക്ലീൻകേരള മിഷനും സംയോജിപ്പിച്ച് ശുചിത്വമിഷൻ രൂപീകൃതമായത് ജനകീയാസൂത്രണത്തിന്റെ രണ്ടാം ഘട്ടത്തിലാണ്. 2006-2011 കാലയളവിലെ സർക്കാരിന്റെ കാലത്ത് ശുചിത്വമിഷന്റെ ആഭിമുഖ്യത്തിൽ കേരളത്തെ സമ്പൂർണ്ണ ശുചിത്വമാക്കുന്നതിനുള്ള കർമ്മപദ്ധതിയും തയ്യാറാക്കി. ഏതാനും വർഷങ്ങൾകൊണ്ട് സമ്പൂർണ്ണ മാലിന്യപരിപാലനം സാദ്ധ്യമാക്കുന്നതിനുള്ള കർമ്മപദ്ധതി അന്നത്തെ ഇന്ത്യൻ പ്രസിഡന്റ് പ്രതിഭ പട്ടേൽ ആണ് പ്രഖ്യാപിച്ചത്. പഞ്ചായത്തുകളുടെയും നഗരസഭകളുടെയും നേതൃത്വത്തിൽ ഖര-ദ്രവമാലിന്യങ്ങൾ സംസ്കരിച്ച് കേരളത്തെ മാലിന്യമുക്തമാക്കാനായിരുന്നു കർമ്മപദ്ധതി. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ സാങ്കേതിക സഹായം നൽകാനുള്ള ചുമതല ശുചിത്വമിഷന് ആയിരുന്നു. എന്നാൽ 2011 ൽ അധികാരത്തിൽ വന്ന സർക്കാരിന്റെ ഭാഗത്തു നിന്ന് ആവശ്യമായ പിന്തുണ ലഭിക്കാതിരുന്നതിനാൽ പ്രവർത്തനം ഫലപ്രദമായില്ല. മാലിന്യപ്രശ്നം കൂടുതൽ സങ്കീർണ്ണമാവുകയും ചെയ്തു. 2016 ൽ അധികാരമേറ്റ സർക്കാർ മാലിന്യപരിപാലനത്തിന് മുന്തിയ പരിഗണന നൽകുകയും ഇത് ഹരിതകേരളം മിഷൻ പ്രധാന പ്രവർത്തനമാക്കുകയും ചെയ്തു. ഇത്തരം നടപടികളുടെ ഫലമായാണ് കേരളത്തിലെ ഭൂരിപക്ഷം പഞ്ചായത്തുകൾക്കും നഗരസഭകൾക്കും മാലിന്യ പരിപാലന രംഗത്ത് ഗണ്യമായി മുന്നേറാനും ശുചിത്വ പദവി നേടാനും കഴിഞ്ഞത്.

കേരളത്തിലെ ഖരമാലിന്യത്തിന് ചില സവിശേഷതകളുണ്ട്. ഇവ മനസ്സിലാക്കിക്കൊണ്ടു വേണം സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്താൻ. സംസ്കരണ സംവിധാനം മാലിന്യത്തിന്റെ സ്രോതസ്സിനെയും സ്വഭാവത്തെയും ആശ്രയിച്ചിരിക്കുമെന്ന് സാരം. ആകെ ഖരമാലിന്യത്തിന്റെ

2016 ൽ അധികാരമേറ്റ സർക്കാർ മാലിന്യപരിപാലനത്തിന് മുന്തിയ പരിഗണന നൽകുകയും ഇത് ഹരിതകേരളം മിഷൻ പ്രധാന പ്രവർത്തനമാക്കുകയും ചെയ്തു. ഇത്തരം നടപടികളുടെ ഫലമായാണ് കേരളത്തിലെ ഭൂരിപക്ഷം പഞ്ചായത്തുകൾക്കും നഗരസഭകൾക്കും മാലിന്യ പരിപാലന രംഗത്ത് ഗണ്യമായി മുന്നേറാനും ശുചിത്വ പദവി നേടാനും കഴിഞ്ഞത്.

പോട്ട് കമ്പോസ്റ്റിംഗ് യൂണിറ്റ്



തുമ്പൂർമൂഴി മോഡൽ കമ്പോസ്റ്റിംഗ് യൂണിറ്റ്

പകുതിയോളം (49%) ഗാർഹിക മാലിന്യങ്ങൾ ആണെന്ന് പഠനങ്ങൾ കാണിക്കുന്നു. മറ്റൊരു സവിശേഷത ഖരമാലിന്യത്തിന്റെ 75 ശതമാനത്തിൽ കൂടുതലും ജൈവമാലിന്യങ്ങൾ ആണെന്നതാണ്. മറ്റൊന്ന് കേരളത്തിലെ മാലിന്യത്തിൽ കൂടിയ അളവിൽ ജലാംശം ഉണ്ടെന്നതാണ്. ഇക്കാരണത്താൽ ജൈവമാലിന്യങ്ങൾ എളുപ്പം അഴുകി ദുർഗന്ധമുണ്ടാകും. ലീച്ചേറ്റ് ഒലിച്ച് പരിസരമാകെ മലിനമാവുകയും ഈച്ച പെരുകുന്നതിന് കാരണമാവുകയും ചെയ്യും. അതായത് ജൈവമാലിന്യങ്ങൾ അന്നന്നുതന്നെ സംസ്കരിക്കേണ്ടതുണ്ട്. ജൈവമാലിന്യങ്ങൾ കത്തിക്കുന്നത് 2016 ലെ ഖര മാലിന്യ പരിപാലന ചട്ടങ്ങൾ പ്രകാരം അനുവദനീയമല്ല. പ്ലാസ്റ്റിക് പോലുള്ള അജൈവ മാലിന്യങ്ങളുടെ കാര്യത്തിൽപോലും പുനരുപയോഗ സാദ്ധ്യമായതും പുനഃചംക്രമണം സാദ്ധ്യമായതും കത്തിക്കാൻ പാടില്ല. ജലാംശം കൂടുതലുള്ളതിനാൽ മാലിന്യത്തിൽ നിന്നുള്ള ഊർജ്ജ ലഭ്യതയും കുറവാണ്. ഈ വക കാരണങ്ങൾ കൊണ്ട് മാലിന്യ സംസ്കരണത്തിനുള്ള താപീയരീതികൾ (Thermal Methods) കേരളത്തിൽ പ്രായോഗികമല്ല.

ഇക്കാരണങ്ങളാൽ ജൈവരീതികളാണ് ഇവിടെ പ്രായോഗികം എന്നുവരുന്നു. ജൈവരീതികൾ രണ്ടുതരമുണ്ട്, വായുവിന്റെ അസാന്നിദ്ധ്യത്തിലുള്ള ബയോ മെതനേഷനാണ് ഇതിലൊന്ന്. ജൈവമാലിന്യങ്ങൾ സൂക്ഷ്മജീവികളുടെ പ്രവർത്തനഫലമായി ജൈവവാതകം (Biogas) ആകുന്ന പ്രക്രിയയാണിത്. ബയോഗ്യാസ് മീഥേനിന്റെയും കാർബൺഡയോക്സൈഡിന്റെയും മിശ്രിതമാണ്. 60-65% മീഥേനും 35-40% കാർബൺഡയോക്സൈഡും. ഇത് ഇന്ധനമായി ഉപയോഗിക്കാവുന്നതാണ്. പല വലിപ്പത്തിലുള്ള ബയോഗ്യാസ് പ്ലാന്റുകൾ ഉപയോഗത്തിലുണ്ട്. നാല് അംഗങ്ങളുള്ള ഒരു ചെറിയ കുടുംബത്തിന് 0.5 മീറ്റർ ക്യൂബ് വലിപ്പമുള്ള ബയോഗ്യാസ് പ്ലാന്റ് മതിയാകും. പ്രതിദിനം 2-3 കിലോഗ്രാം ജൈവമാലിന്യം സംസ്കരിക്കാൻ ഈ പ്ലാന്റിന് കഴിയും. ഗാർഹിക തലത്തിലുള്ള ബയോഗ്യാസ് പ്ലാന്റുകൾക്ക് പുറമേ 2 ടൺ ജൈവമാലിന്യം പ്രതിദിനം സംസ്കരിക്കാവുന്ന കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റ് കേരളത്തിലുണ്ട്. ജൈവവാതകത്തിനു പുറമേ ബയോഗ്യാസ് പ്ലാന്റുകളിൽ നിന്ന് കിട്ടുന്ന സ്ലറി (Slurry) ജൈവവളമായി ഉപയോഗിക്കാവുന്നതാണ്. ബയോഗ്യാസ് പ്ലാന്റുകളുടെ പ്രവർത്തനം സൂക്ഷ്മത ആവശ്യമുള്ളതാണ്. പ്ലാന്റിന്റെ ശേഷിയെക്കാൾ കൂടുതൽ മാലിന്യം നിക്ഷേപിക്കരുത്. അമ്ലസ്വഭാവം കൂടിയ വസ്തുക്കളും എണ്ണ കൂടുതലുള്ള ഭക്ഷണാവശിഷ്ടങ്ങളും ഒഴിവാക്കേണ്ടതുണ്ട്. പ്ലാന്റിൽ എന്തെല്ലാം മാലിന്യങ്ങൾ ആകാം എന്തെല്ലാം അരുത് എന്നിവ പ്രധാനമാണെന്ന് അർത്ഥം.

ജൈവമാലിന്യങ്ങൾ മാത്രമേ കമ്പോസ്റ്റാവൂ. അതുകൊണ്ടാണ് മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിക്കണം എന്ന് നിയമം മൂലം നിർബന്ധമാക്കിയത്. എന്നാൽ മിക്കയിടങ്ങളിലും എല്ലാതരം മാലിന്യങ്ങളും ഒന്നിച്ച് കമ്പോസ്റ്റ് പ്ലാന്റിൽ എത്തിക്കുകയായിരുന്നു. ഇത് കമ്പോസ്റ്റിംഗിനെ അപകടത്തിലാക്കി.

വായുവിന്റെ സാന്നിദ്ധ്യത്തിലുള്ള വിഘടനം ആണ് പ്രധാനം ഇതാണ് കമ്പോസ്റ്റിംഗ്. പഴയകാലം മുതൽ ചെയ്തു വരുന്നതാണ് കമ്പോസ്റ്റിംഗ്. വീട്ടുവളപ്പിൽ അകലെ മാറി ഒരു കമ്പോസ്റ്റ് കുഴി തയ്യാറാക്കി കാർഷികാവശിഷ്ടങ്ങളും ഭക്ഷ്യ അവശിഷ്ടങ്ങളും അതിൽ നിക്ഷേപിക്കുന്ന രീതിയാണ് നിലവിലുണ്ടായിരുന്നത്. ഏതാണ്ട് ആറ് മാസം കൊണ്ട് ഇവ വിഘടിച്ച് വളമാകും. ഇതു ജൈവവളമായി ഉപയോഗിക്കാം. കമ്പോസ്റ്റിംഗ് ഒരുതരത്തിൽ പുനഃചംക്രമണം ആണ്. സസ്യങ്ങൾ മണ്ണിൽ നിന്ന് വലിച്ചെടുത്ത പോഷകമൂലകങ്ങളെ തിരികെ മണ്ണിൽ എത്തിക്കുന്ന പ്രവർത്തനം. ഇക്കാരണത്താൽ കമ്പോസ്റ്റിംഗ് ഒരു പ്രകൃതിസൗഹൃദ മാലിന്യപരിപാലന രീതിയായാണ് കണക്കാക്കുന്നത്. പക്ഷെ പഴയതരം കമ്പോസ്റ്റിംഗ് കൂടുതൽ സമയമെടുക്കുന്നു. കമ്പോസ്റ്റ് കുഴികളിൽനിന്ന് മലിനജലം ജലസ്രോതസ്സുകളിൽ ഒലിച്ചെത്തുവാനുള്ള സാധ്യതയുമുണ്ട്. മാലിന്യത്തോടൊപ്പം ചാണകവും ചേർത്താൽ (10:1 അനുപാതത്തിൽ) 30 ദിവസം കൊണ്ട് കമ്പോസ്റ്റിംഗ് പൂർത്തിയാകും. വായുസമ്പർക്കം വർദ്ധിപ്പിച്ചാൽ സമയം കുറയ്ക്കാനും കമ്പോസ്റ്റിന്റെ സ്വഭാവം മെച്ചപ്പെടുത്താനും കഴിയും. ഇത്തരത്തിലാണ് വിൻഡ്രോ കമ്പോസ്റ്റിംഗ് രീതി. നിരവധി നഗരസഭകളിൽ ഖരമാലിന്യം സംസ്കരിക്കുന്നതിനുള്ള കേന്ദ്രീകൃത വിൻഡ്രോ കമ്പോസ്റ്റിംഗ് പ്ലാന്റുകൾ സ്ഥാപിതമായി. 100-300 ടൺ ജൈവ മാലിന്യങ്ങൾ കൈകാര്യം ചെയ്യാൻ ശേഷിയുള്ള മാലിന്യസംസ്കരണ ശാലകളാണ് വിൻഡ്രോ കമ്പോസ്റ്റിംഗ് പ്ലാന്റുകൾ. പക്ഷെ കേന്ദ്രീകൃത സംവിധാനം പരാജയമായിരുന്നു. കമ്പോസ്റ്റിംഗ് എന്ന സാങ്കേതിക വിദ്യയുടെ പോരായ്മ കൊണ്ടല്ല, വലിയ അളവിൽ മാലിന്യം കൈകാര്യം ചെയ്യുമ്പോൾ ഉണ്ടായ നടത്തിപ്പ് പ്രശ്നങ്ങൾ മൂലമായിരുന്നു.

- ജൈവമാലിന്യങ്ങൾ മാത്രമേ കമ്പോസ്റ്റാവൂ. അതുകൊണ്ടാണ് മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിക്കണം എന്ന്

നിയമം മൂലം നിർബന്ധമാക്കിയത്. എന്നാൽ മിക്കയിടങ്ങളിലും എല്ലാതരം മാലിന്യങ്ങളും ഒന്നിച്ച കമ്പോസ്റ്റ് പ്ലാന്റിൽ എത്തിക്കുകയായിരുന്നു. ഇത് കമ്പോസ്റ്റിംഗിനെ അപകടത്തിലാക്കി.

- വീടുകളിലും സ്ഥാപനങ്ങളിലും നിന്ന് ശേഖരിച്ച ജൈവമാലിന്യം മണിക്കൂറുകളോളം അഴുകിയ ശേഷമാണ് കൊണ്ടു പോകുന്നത്. ഇത് മാലിന്യക്കടത്ത് പരിസരവാസികളുടെ എതിർപ്പിനു കാരണമാക്കി.
- കൂട്ടിയിട്ട മാലിന്യത്തിൽ നിന്ന് ഒലിച്ചിറങ്ങുന്ന ലീച്ചേറ്റ് സമീപത്തുള്ള ജലസ്രോതസ്സുകളെ മലിനമാക്കി.
- ദുർഗന്ധവും ഈച്ച ശല്യവും മറ്റു പരിസര ദൂഷണവും പരിസരവാസികളുടെ എതിർപ്പിന് ഇടയാക്കി. ഈ കാരണങ്ങളാൽ ഉണ്ടായ പ്രദേശവാസികളുടെ പ്രക്ഷോഭങ്ങൾ കാരണം മിക്ക കേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനങ്ങളും അടച്ചുപൂട്ടേണ്ടി വന്നു. ഇത് മാലിന്യ സംസ്കരണ രംഗത്ത് ഗുരുതരമായ പ്രതിസന്ധി സൃഷ്ടിച്ചു.

ഈ സാഹചര്യത്തിലാണ് വികേന്ദ്രീകൃത മാലിന്യ സംസ്കരണം പരിഗണനാവിധേയമാകുന്നത്. ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കാൻ കഴിഞ്ഞാൽ മാലിന്യപ്രശ്നം പരിഹരിക്കാൻ കഴിയില്ലേ? ആലപ്പുഴയിലും പിന്നീട് തിരുവനന്തപുരത്തും ജനപങ്കാളിത്തത്തോടെ നടപ്പാക്കിയ ഉറവിട മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ വിജയകരമായിരുന്നു. ഉറവിടത്തിൽ തന്നെ കമ്പോസ്റ്റിങ് നടത്താൻ പറ്റുന്ന നിരവധി പുതിയ സംവിധാനങ്ങൾ പ്രചാരത്തിൽ വന്നു. കൂടാതെ ചെറുതും വലുതുമായ ബയോഗ്യാസ് പ്ലാന്റുകളും. ഇവയുടെ പിൻബലത്തിലാണ് ഉറവിട മാലിന്യ സംസ്കരണം സർക്കാരിന്റെ നയപരിപാടി ആയത്. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ഏറ്റെടുത്ത പ്രചാരണ പ്രവർത്തനങ്ങളും ആയപ്പോൾ പ്രവർത്തനം ഉഷാറായി. സർക്കാരിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സബ്സിഡി പ്രയോജന പ്പെടുത്തി സ്വന്തം വീട്ടിൽ ജൈവ മാലിന്യ സംസ്കരണ സംവിധാനം സജ്ജമാക്കാൻ ജനങ്ങൾ തയ്യാറായി. ഈ അടുത്ത കാലത്ത് നടത്തിയ കണക്കെടുപ്പ് പ്രകാരം 59.5% വീടുകളിലും മാലിന്യ സംസ്കരണസംവിധാനമുണ്ട്.ഇന്നത്തെ വേഗത്തിൽ പോയാൽ അധികം വൈകാതെ ഇതു 90 ശതമാനമാക്കാൻ കഴിയും. "എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം" എന്ന ബോധ്യത്തിലേക്ക് കേരളീയർ എത്തിയിരിക്കുന്നു. വ്യാപാരസ്ഥാപനങ്ങളുടെ കാര്യത്തിൽ കൂടുതൽ ശ്രദ്ധ ആവശ്യമാണ്. ചകിരിച്ചോർ ചേർത്ത ഇനോക്കുലം (സൂക്ഷ്മജീവി ക്കൂട്ട്) കമ്പോസ്റ്റിംഗിന് സഹായിയായി ഉപയോഗിക്കുമ്പോൾ കിട്ടുന്നത് മെച്ചപ്പെട്ട ജൈവവളമാണ്. ഇത് വീട്ടുമുറ്റ പച്ചക്കറികൃഷിയെയും സർക്കാരിന്റെ സുഭിക്ഷ കേരളം പദ്ധതിയെതന്നെയും ഏറെ സഹായിക്കുന്നുണ്ട്.

മിനി ബയോഗ്യാസ് പ്ലാന്റ്

തോന്നിയപോലെ വലിച്ചെറിയുന്ന പ്ലാസ്റ്റിക് പേപ്പർ, കുപ്പി തുടങ്ങിയ അജൈവ മാലിന്യങ്ങൾ ചുറ്റുപാടുകളെ വിരൂപമാക്കിയിരിക്കുന്നു. ഈ മേഖലയിൽ ഇടപെടാനാണ് പ്രധാനമായും പഞ്ചായത്ത്/നഗരസഭ തോറും ഹരിതകർമ്മ സേന രൂപീകൃതമായത്. വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ചിട്ടയായ ഇടവേളകളിൽ ശേഖരിക്കുന്ന അജൈവമാലിന്യം തരംതിരിച്ച് വിപണന സംവിധാനങ്ങൾക്ക് കൈമാറി പഞ്ചായത്തിനെ മാലിന്യമുക്തമാക്കാൻ ഹരിതകർമ്മ സേനയ്ക്ക് കഴിയുന്നു. ഹരിതകർമ്മ സേന തദ്ദേശഭരണ സ്ഥാപനങ്ങളിലെ സ്ഥിരം സംവിധാനമാകേണ്ടതുണ്ട്. ജൈവ മാലിന്യ സംസ്കരണ ഉപകരണങ്ങൾ ഉപയോഗിക്കുന്ന പലർക്കും സാങ്കേതിക സഹായം ആവശ്യമുണ്ട്. പഞ്ചായത്തോ നഗരസഭയോ പൊതു ഇടങ്ങളിൽ സ്ഥാപിക്കുന്ന ബയോഗ്യാസ് പ്ലാന്റ്, കമ്പോസ്റ്റ് ബിൻ തുടങ്ങിയവയുടെ പരിപാലനത്തിനും സാങ്കേതിക പരിചയമുള്ളവർ ആവശ്യമുണ്ട്. ഇവ ഏറ്റെടുക്കാൻ കൂടി ഹരിതകർമ്മ സേനയ്ക്ക് കഴിയണം. സാങ്കേതിക വിദ്യകളിൽ വരുന്ന മാറ്റം അപ്പോഴപ്പോൾ ഉൾക്കൊള്ളാൻ കഴിയുന്ന രീതിയിൽ പരിശീലനം നൽകി സാങ്കേതിക ജ്ഞാനമുള്ള ഒരു തൊഴിൽ സേനയായി ഹരിതകർമസേനയെ വളർത്തണം. ഇവരുടെ നേതൃത്വത്തിൽ ജനകീയ പങ്കാളിത്തത്തോടെ നമുക്ക് മാലിന്യങ്ങളെ ഉറവിടത്തിൽ തന്നെ സംസ്കരിക്കാം. പരിസരം വൃത്തിയായി സൂക്ഷിക്കാം. ജലസ്രോതസ്സുകളെ സംരക്ഷിക്കാം. പകർച്ചപ്പനികൾക്ക് കാരണമായ ജീവികളെ അകറ്റി നിർത്താം. കമ്പോസ്റ്റ് എന്ന ജൈവ വളമുപയോഗിച്ച് കാർഷികരംഗം മെച്ചപ്പെടുത്താം. സമ്പൂർണ്ണ ശുചിത്വകേരളം എന്ന സ്വപ്നം യാഥാർത്ഥ്യമാക്കാം.

ഈ അടുത്ത കാലത്ത് നടത്തിയ കണക്കെടുപ്പ് പ്രകാരം 59.5% വീടുകളിലും മാലിന്യ സംസ്കരണ സംവിധാനമുണ്ട്. ഇന്നത്തെ വേഗത്തിൽ പോയാൽ അധികം വൈകാതെ ഇതു 90 ശതമാനമാക്കാൻ കഴിയും. 'എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം' എന്ന ബോധ്യത്തിലേക്ക് കേരളീയർ എത്തിയിരിക്കുന്നു. വ്യാപാര സ്ഥാപനങ്ങളുടെ കാര്യത്തിൽ കൂടുതൽ ശ്രദ്ധ ആവശ്യമാണ്.

ലേഖകൻ ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ (ഐ.ആർ.ടി.സി) മുൻ ഡയറക്ടറാണ്.

ജനകീയാസൂത്രണത്തിലൂടെ കാർഷികരംഗം മുന്നോട്ട്

■ ആർ. ഹേലി

സർക്കാർ 1996 ൽ രൂപകല്പന ചെയ്ത നടപ്പിലാക്കിയ പദ്ധതിയാണ് ജനകീയാസൂത്രണം. ദേശീയ ശ്രദ്ധ പിടിച്ചുപറ്റിയ ഒരു വലിയ തിരിച്ചറിവായി അത് രൂപം കൊണ്ടുവന്നത് വളരെ ശ്രദ്ധേയമായ ഒരു കാര്യമാണ്. പദ്ധതിയുടെ ആസൂത്രണം, നടപ്പിലാക്കൽ തുടങ്ങിയ ചുമതലകളിൽ ജില്ലാതലത്തിലും ഗ്രാമതലത്തിലും പ്രാദേശിക സംവിധാനങ്ങൾക്ക് മാന്യമായ പങ്കാളിത്തവും സ്ഥാനവും ഒപ്പം ഉത്തരവാദിത്വവും നൽകി.

ദീർഘകാലത്തെ വിദേശഭരണത്തിനും അതിരൂക്ഷമായ സാമ്പത്തിക ചൂഷണത്തിനും വിധേയമായ ഇന്ത്യ വിഭജനഫലമായി വന്നുചേർന്ന രാഷ്ട്രീയ അസ്ഥിരതയും കൈമുതലാക്കിയാണ് 1947 ആഗസ്റ്റിൽ സ്വതന്ത്രയായത്. കടുത്ത ദാരിദ്ര്യം, ഭീതിപ്പെടുത്തുന്ന ഭക്ഷ്യക്കമ്മി, മതഭ്രാന്തിന്റെ ഫലമായിട്ടുള്ള അതിരുകടന്ന സമ്മർദ്ദം ഇവയെല്ലാം തരണം ചെയ്ത് മുന്നോട്ട് പോവുകയെന്നത് അത്യന്തം ദുഷ്കരമായ യത്നമായിരുന്നു.

ജനങ്ങളുടെ ഐക്യവും സ്വാതന്ത്ര്യവും എന്ത് വില കൊടുത്തും സംരക്ഷിക്കാനുള്ള ജനങ്ങളുടെയും നേതാക്കൻമാരുടെയും വിശ്വാസമായിരുന്നു നമ്മുടെ ഏറ്റവും വലിയ കൈമുതലും ധൈര്യവും. സ്വാതന്ത്ര്യാനന്തര ഇന്ത്യ ആദ്യം അഭിമുഖീകരിച്ച ഏറ്റവും വലിയ ദുരന്തം അസഹനീയമായ ഭക്ഷ്യക്കമ്മിയാണ്. ബാംഗ്ലൂരിൽ 1950 കളിൽ കാർഷിക ബിരുദത്തിനുവേണ്ടി പഠിക്കുന്ന കാലത്ത് ഇന്ത്യയ്ക്ക് ഭക്ഷ്യകാര്യത്തിൽ സ്വയംപര്യാപ്തത നേടാൻ എത്ര വർഷം വേണ്ടിവരുമെന്ന കാര്യത്തിൽ ഒരു സുവ്യക്തമായ ധാരണയും നമുക്ക് ഉണ്ടായിരുന്നില്ല. പ്രശ്നത്തിന്റെ ഗൗരവം ഇന്ത്യയെ മാത്രമല്ല, ഇന്ത്യയുമായി ബന്ധമുണ്ടായിരുന്ന എല്ലാ സുഹൃദ്‌രാജ്യങ്ങളെയും വല്ലാതെ അലട്ടിയിരുന്നു. ധാന്യങ്ങൾ വിലയ്ക്കും വായ്പയായും സഹായമായും തന്ന്, പട്ടിണിയോട് മല്ലിടാൻ സഹായിച്ച വലുതും ചെറുതു മായ ഒട്ടനവധി രാഷ്ട്രങ്ങളോട് നമുക്ക് ഒരിക്കലും തീരാത്ത കടപ്പാടാണുള്ളത്. കാർഷികമേഖല മാത്രമല്ല, വ്യവസായം, വാണിജ്യം, ഗതാഗതം, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ വൈവിധ്യമാർന്ന ഒട്ടനവധി മേഖലകളിൽ ഗണ്യമായ പുരോഗതി, കഴിവതും വേഗം നേടിയെടുക്കേണ്ടത് ഇന്ത്യയുടെ നിലനിൽപ്പിനുതന്നെ അത്യന്താപേക്ഷിതമായ ഒരാവശ്യമായിരുന്നു. ബൃഹത്തായ ഈ കർമ്മത്തിന്റെ ചുമതല വഹിക്കാൻ പ്രധാനമന്ത്രി അദ്ധ്യക്ഷനായി ഒരു സമ്പൂർണ്ണ പ്ലാനിങ് കമ്മീഷന് അഖിലേന്ത്യാതലത്തിലും മുഖ്യമന്ത്രിമാർ അദ്ധ്യക്ഷൻമാരായി സംസ്ഥാനതലത്തിലും ആസൂത്രണ സംവിധാനങ്ങൾ രൂപപ്പെടുത്തിയതിന്റെ കാരണമിതാണ്. ഇന്ത്യയിൽ നാനാരംഗങ്ങളിലും വമ്പിച്ച അടിസ്ഥാന പുരോഗതി നേടുവാൻ ആസൂത്രണ പ്രക്രിയയ്ക്ക് കഴിഞ്ഞുവെന്നത് ഭാരതത്തിന് എന്നും അഭിമാനിക്കാവുന്ന ഒരു നേട്ടമാണ്. ഭക്ഷ്യ സ്വയംപര്യാപ്തത മുതൽ ബഹിരാകാശരംഗത്തെ അസൂയാർഹമായ നേട്ടങ്ങളിൽ വരെ ഇന്ത്യൻ ആസൂത്രണ വൈദഗ്ദ്ധ്യത്തിന്റെ നിറപ്പകിട്ടാർന്ന മുന്നേറ്റം നമുക്ക് ദർശിക്കാൻ കഴിയും. 1950 കളിൽ സമാരംഭിച്ച പ്ലാനിംഗ് സംവിധാനങ്ങൾക്ക് നേട്ടങ്ങൾക്കൊപ്പം ഒട്ടനവധി കോട്ടങ്ങളും വിവിധ പഠനങ്ങൾ പുറത്തുകൊണ്ടു വന്നിരുന്നു. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത്, പദ്ധതികൾ ഉന്നതതലത്തിൽ തയ്യാറാക്കിയ ശേഷം അതിന്റെ നടത്തിപ്പ് നിർദ്ദേശങ്ങൾക്ക് അനുസരണമായി നിർവഹിക്കാൻ മാത്രമാണ് താഴെത്തട്ടിലേയ്ക്ക് നൽകിയിരുന്നത് എന്നത്രേ! തൻമൂലം, പദ്ധതികളുടെ വിജയത്തിന് അത്യന്താപേക്ഷിതമായ ജനകീയ പങ്കാളിത്തം അവയ്ക്ക് ലഭിക്കേണ്ട തോതിൽ കിട്ടിയിരുന്നി

ല്ല. ഒരളവു വരെ ഈ കോട്ടത്തെ സാധൂകരിച്ചുള്ള നിരവധി പഠനറിപ്പോർട്ടുകൾ സർക്കാരിനു ലഭിക്കുകയുണ്ടായി. ഇതിന്റെ ഫലമായി, പദ്ധതികളിൽ ജനകീയ പങ്കാളിത്തം വർദ്ധിപ്പിക്കാനും പ്രാദേശിക ആവശ്യങ്ങളും പങ്കാളിത്തവും കൂടുതൽ വർദ്ധിപ്പിക്കുവാനുമായി ആസൂത്രണ പ്രക്രിയയിൽ മാറ്റങ്ങൾ വരുത്താനും തുടങ്ങി. ഇതിന്റെ ചുവടു പിടിച്ച് കേരള സർക്കാർ 1996 ൽ രൂപകല്പന ചെയ്തു നടപ്പിലാക്കിയ പദ്ധതിയാണ് ജനകീയാസൂത്രണം. ദേശീയ ശ്രദ്ധ പിടിച്ചുപറ്റിയ ഒരു വലിയ തിരിച്ചറിവായി അത് രൂപം കൊണ്ടു വന്നത് വളരെ ശ്രദ്ധേയമായ ഒരു കാര്യമാണ്. പദ്ധതിയുടെ ആസൂത്രണം, നടപ്പിലാക്കൽ തുടങ്ങിയ ചുമതലകളിൽ ജില്ലാതലത്തിലും ഗ്രാമതലത്തിലും പ്രാദേശിക സംവിധാനങ്ങൾക്ക് മാന്യമായ പങ്കാളിത്തവും സ്ഥാനവും ഒപ്പം ഉത്തരവാദിത്വവും നൽകുന്നതിന്റെ ഭാഗമായി, മൊത്തം സംസ്ഥാന പദ്ധതിവിഹിതത്തിന്റെ മൂന്നിലൊന്ന് വിഹിതം തദ്ദേശഭരണസ്ഥാപനങ്ങൾക്കു ലഭ്യമാക്കാനുള്ള ധീരമായ തീരുമാനം എടുത്തു. ഇതോടെ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ജനസമൂഹവും ഒത്തൊരുമിച്ച് പ്രാദേശികതലത്തിൽ നിന്നുതന്നെ ആസൂത്രണം ചെയ്യുവാനും അവ നടപ്പിൽ വരുത്തുവാനും തുടങ്ങിയത് അത്ഭുതം സൃഷ്ടിച്ച ഒരു വികസനതന്ത്രവുമായി മാറി. ഇ.കെ.നായനാരായിരുന്നു അന്നത്തെ മുഖ്യമന്ത്രി. ഇതിന്റെ രജതജൂബിലി വർഷമാണ് നാം ഇപ്പോൾ ആഘോഷിക്കുന്നത്. പുതിയ സംവിധാനം കാർഷികമേഖലയിൽ കഴിഞ്ഞ 25 വർഷങ്ങൾക്കുള്ളിൽ വിപ്ലവകരമായ പല മാറ്റങ്ങളും സൃഷ്ടിച്ചിട്ടുണ്ട്.

- ഏറ്റവും പ്രധാനപ്പെട്ടത് ഭക്ഷ്യകാര്യത്തിൽ ഒരു സ്വപ്നമായി മാത്രം നിറഞ്ഞുനിന്നിരുന്ന ഭക്ഷ്യ സ്വയംപര്യാപ്തത 1997 ൽ യാഥാർത്ഥ്യമാക്കി എന്നുള്ളതാണ്. 'ഭാരതം ധാന്യ ഇറക്കുമതി നിർത്തലാക്കുന്നു' എന്ന ലണ്ടനിൽനിന്നും റോയിട്ടർ നൽകിയ സന്ദേശം പിറ്റേന്ന് ലോകത്തെയാകെ അമ്പരപ്പിച്ച ഒരു പ്രമുഖ വാർത്തയായി മാധ്യമങ്ങൾ സ്വീകരിച്ചു പ്രസിദ്ധീകരിച്ചത് സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ ഏറ്റവും വലിയ നേട്ടമായി ഇന്നും നിലകൊള്ളുന്നു.
- ഇന്ത്യ പ്രസ്തുത മഹനീയ പാത തുടരുന്നതിന് തീരുമാനിച്ചതിന്റെ ഫലമായിട്ടാണ് ഭരണഘടനയുടെ 73,74 ഭേദഗതികളിലൂടെ ഇന്ത്യയിൽ ത്രിതല പഞ്ചായത്ത് സംവിധാനം നിലവിൽ വരികയും, അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി നൽകുന്നതിനു വേണ്ട നിയമനിർമ്മാണം നടത്തുന്നതിന് വ്യവസ്ഥ ചെയ്യുകയുമാണുണ്ടായത്.
- അന്നു നേടിയ ഭക്ഷ്യ സ്വയംപര്യാപ്തത ഇന്നും നാം നിലനിർത്തുക മാത്രമല്ല, ഈ രംഗത്ത് ഒരു വമ്പിച്ച വളർച്ചയുടെ ഇതിഹാസം തന്നെ സൃഷ്ടിക്കുകയും ചെയ്തു. ലോക കമ്പോളത്തിൽ വിൽപനക്കായി ഏറ്റവും കൂടുതൽ അരി എത്തിക്കുന്ന രാഷ്ട്രം എന്ന ബഹുമതി നമുക്കു സ്വന്തമായി. ഇന്ത്യയെ ധാന്യ മേഖലയിലെ ഒരു ഹരിതശക്തിയായി ബഹുമാനപൂർവ്വം ലോകരാഷ്ട്രങ്ങൾ വീക്ഷിക്കുന്ന ഒരു കാലഘട്ടമാണിത്. ഹരിത വിപ്ലവം കൊടുമ്പിരിക്കൊണ്ടിരുന്ന കാലത്ത് കേരളത്തിൽ തന്നെ ഒൻപതു ലക്ഷത്തിൽപ്പരം ഹെക്ടറിൽ നെൽകൃഷി വ്യാപിപ്പിക്കാൻ കഴിഞ്ഞുവെന്നത് അതി ശ്രദ്ധേയമായ നേട്ടമാണ്.
- ഭക്ഷ്യമേഖലയിൽ മാത്രമല്ല, മാംസ ഉൽപ്പാദന മേഖലയിലും മറ്റു കൃഷിവിഭവങ്ങളുടെ ഉൽപ്പാദന മേഖലയിലും ഇന്ത്യയുടെ സ്ഥാനം ശ്രദ്ധേയമാണ്. ഇന്ത്യ സ്വതന്ത്രമായപ്പോൾ, ലോകത്തിൽ ഏറ്റവും കൂടുതൽ പാൽ ഉൽപ്പാദിപ്പിക്കുന്ന രാഷ്ട്രമായി വളരുമെന്ന് ആരും സ്വപ്നത്തിൽ പോലും വിചാരിച്ചിരുന്നില്ല. ഇന്നിപ്പോൾ വർദ്ധിച്ച ഉൽപ്പാദനത്തിലൂന്നി, ചെറുതും വലുതുമായ കാർഷിക വിഭവ സംസ്കരണ വിതരണ രംഗം ശക്തിപ്പെടുത്തി, ലോകവിപണിയിലേക്കു കടന്നുകയറി, ഒരു പ്രമുഖ സ്ഥാനം നേടുവാനുള്ള യത്നത്തിലാണ് ഭാരതം.
- ഇതുവഴി, കൃഷിക്കാരുടെ ആദായം ഇരട്ടിപ്പിച്ച് ജീവിതം ഐശ്വര്യസമൃദ്ധമാക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുകയാണ് കാർഷിക മേഖലാ വികസനത്തിന്റെ മുഖ്യലക്ഷ്യം. ഇന്നിപ്പോൾ കാർഷിക മേഖലയുടെ വികസനത്തിനും, അതിനായി തദ്ദേശ ഭരണ സംവിധാനങ്ങളെ സമ്പുഷ്ടമാക്കാനും എത്ര വികസന പദ്ധതികളാണ് രൂപമെടുക്കുന്നതെന്നു നോക്കിയാൽ മാത്രം ഇത് വ്യക്തമാകും.

കാർഷികമേഖല ഇന്ത്യയിലെ ജനകോടികളുടെ സുപ്രധാന തൊഴിൽ എന്നതിനു പുറമെ, ഐശ്വര്യത്തിലേക്കുള്ള വഴികാട്ടിയുമായി വളർന്നു തുടങ്ങിയിരിക്കുന്ന ഒരു കാലഘട്ടമാണ്. ലോകത്തെയാകെ ഭയം കൊണ്ട് വിറങ്ങലിപ്പിച്ച് നിർത്തിയിരിക്കുന്ന ഈ കൊറോണ കാലഘട്ടത്തിലും പട്ടിണിയെ എത്തിനോക്കാൻ സമ്മതിക്കാതെ ജനകോടികളെ സംരക്ഷിച്ചുനിർത്തിയിരിക്കുന്നത്, വിശേഷിച്ചും പാവപ്പെട്ടവരെ സംരക്ഷിച്ചിരിക്കുന്നത്, നമ്മുടെ കാർഷികമേഖലയുടെ കരുത്താണെന്ന് ഇന്നു ലോകത്തിനു മുഴുവനറിയാം. അതിനാൽ, കൃഷിയുടെ സംരക്ഷണവും നാം കണ്ണിലെ കൃഷ്ണമണി പോലെ പരിരക്ഷിക്കേണ്ടതുണ്ട്. ലോകരംഗത്തുള്ള നമ്മുടെ അഭിമാനപൂർവ്വമുള്ള വളർച്ചയ്ക്ക് ഇത് കൂടിയേ തീരുവെന്ന് ഇത്തരുണത്തിൽ ദയാപൂർവ്വം ഓർക്കുക. ☐

ലേഖകൻ കൃഷിവകുപ്പ് മുൻ ഡയറക്ടറാണ്

തദ്ദേശഭരണ തിരഞ്ഞെടുപ്പ്

യോഗ്യതകളും അയോഗ്യതകളും

■ കെ.ടി. ജോർജ്ജ്

1999 ലെ ഭേദഗതികളിലൂടെയാണ് കേരളം ഇന്ത്യയിൽ ആദ്യമായി സ്ത്രീകൾക്ക് പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും 50 ശതമാനം സംവരണം ഏർപ്പെടുത്തിയത്. കൂടാതെ പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും അദ്ധ്യക്ഷ സ്ഥാനങ്ങളിൽ 50 ശതമാനം സ്ത്രീകൾക്ക് സംവരണം ചെയ്യുകയും ചെയ്തു.

ഭാരത ഭരണഘടനയുടെ 73, 74 എന്നീ ഭേദഗതികളിലൂടെയാണ് പഞ്ചായത്തുകളിലെയും മുനിസിപ്പാലിറ്റികളിലെയും തിരഞ്ഞെടുപ്പ് നടത്തുന്നതിനായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ എന്ന സംവിധാനം ഏർപ്പെടുത്തിയത്. ഭരണഘടനയുടെ 243 K, 243 ZA എന്നീ അനുച്ഛേദങ്ങൾ പ്രകാരം ഓരോ അഞ്ചു വർഷം കഴിയുമ്പോഴും സമയബന്ധിതമായി വോട്ടർപട്ടിക തയ്യാറാക്കുകയും തിരഞ്ഞെടുപ്പ് നടത്തുകയും ചെയ്യേണ്ട ചുമതല സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനാണ്. സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായത്തു കളുടെയും 152 ബ്ലോക്ക് പഞ്ചായത്തുകളുടെയും 14 ജില്ലാ പഞ്ചായത്തുകളുടെയും 86 മുനിസിപ്പാലിറ്റികളുടെയും 6 മുനിസിപ്പൽ കോർപ്പറേഷന്റെയും കാലാവധി 2020 നവംബർ 11 ന് അവസാനിക്കുകയാണ്. ഭരണഘടനയുടെ 243 E, 243 U എന്നീ അനുച്ഛേദങ്ങൾ പ്രകാരം പഞ്ചായത്തിന്റെയോ മുനിസിപ്പാലിറ്റികളുടെയോ കാലാവധിയായ 5 വർഷം കഴിഞ്ഞ് ഒരു ദിവസം പോലും തുടരാൻ കഴിയില്ല. എന്നാൽ കൊവിഡിന്റെ പശ്ചാത്തലത്തിൽ തിരഞ്ഞെടുപ്പ് നീണ്ട് പോകുന്ന അവസ്ഥയുണ്ടെങ്കിൽ നവംബർ

12 മുതൽ പഞ്ചായത്തിന്റെയോ മുനിസിപ്പാലിറ്റിയുടെയോ ഭരണ നിർവ്വഹണത്തിനായി ഒരു സ്പെഷ്യൽ ആഫീസറേയോ ഒരു ഭരണ നിർവ്വഹണ കമ്മിറ്റിയേയോ, പരമാവധി 6 മാസത്തെ കാലയളവിലേക്ക് നിയമിക്കാവുന്നതാണ്. എന്നാൽ അപ്രകാരം നിയമിക്കപ്പെടുന്ന കമ്മിറ്റിക്ക് നയപരമായ തീരുമാനം എടുക്കുവാൻ കഴിയുകയില്ല. (Sadasivan Pillai P.R V. State of kerala, 2010 ICO 1277 : 2010 (3) KLJ 317 : 2010 (4) KHC 51)

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സംവരണ സ്ഥാനങ്ങൾ തിരുമാനിക്കേണ്ടുന്നതും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനാണ്. 1999 ലെ ഭേദഗതികളിലൂടെയാണ് കേരളം ഇന്ത്യയിൽ ആദ്യമായി സ്ത്രീകൾക്ക് പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും 50 ശതമാനം സംവരണം ഏർപ്പെടുത്തിയത്. കൂടാതെ പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും അദ്ധ്യക്ഷ സ്ഥാനങ്ങളിൽ 50 ശതമാനം സ്ത്രീകൾക്ക് സംവരണം ചെയ്യുകയും ചെയ്തു. മാത്രമല്ല, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അവരുടെ ജനസംഖ്യാനുപാതികമായി മേല്പറഞ്ഞ എല്ലാ സ്ഥാനങ്ങളും ഔദ്യോഗിക സ്ഥാനങ്ങൾ ഉൾപ്പെടെ സംവരണം ചെയ്യുകയും അതിൽ 50 ശതമാനം ആ വിഭാഗങ്ങളിലെ സ്ത്രീകൾക്ക് സംവരണം ചെയ്യുകയും ചെയ്തു. ഇപ്രകാരം ഭരണ കാര്യങ്ങളുടെ നേതൃത്വത്തിലേക്ക് സ്ത്രീകളെ ഉൾപ്പെടുത്തുകയും അവരെ അതിൽ പ്രാപ്തരാക്കുകയും ചെയ്യുക വഴി അവരുടെ ഉന്നമനമാണ് സർക്കാർ പ്രാവർത്തികമാക്കിയത്. കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പ് സുതാര്യമായും കാര്യക്ഷമമായും നടത്തുന്നതിനുള്ള നിയമനിർമ്മാണം നടത്തുകയും ചെയ്തു. തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ അവർ ചെയ്യേണ്ട അനിവാര്യ ചുമതലകൾ നിർവ്വഹിക്കാതിരിക്കുക, ഗ്രാമസഭയോ വാർഡ് സഭയോ വിളിച്ച് കൂട്ടാതിരിക്കുക, യോഗങ്ങളിൽ പങ്കെടുക്കാതിരിക്കുക, സർക്കാരുമായോ തദ്ദേശസ്വയംഭരണ സ്ഥാപനവുമായോ ഏതെങ്കിലും കരാറിലോ ജോലിയിലോ അവകാശം നേടുക, പഞ്ചായത്തിന് നഷ്ടം ഉണ്ടാക്കുക മുതലായ പ്രവൃത്തികൾ ചെയ്യുന്ന അംഗങ്ങളെ തിരികെ വിളിക്കുവാനും അയോഗ്യനാക്കുവാനും നടപടിസ്വീകരിക്കുവാൻ നിയമം വഴി ഏതൊരു വോട്ടർക്കും അവകാശം നൽകുകയും ചെയ്തു. ഇതു നമ്മുടെ നിയമങ്ങളിലെ എടുത്ത് പറയത്തക്ക ഒരു സവിശേഷതയാണ്. കൂടാതെ തിരഞ്ഞെടുക്കപ്പെട്ട ശേഷം ചില മറ്റ്താൽപര്യങ്ങൾ പ്രകാരം കൂറ് മാറുന്ന ഒരംഗത്തെ അയോഗ്യനാക്കുവാനുള്ള കാര്യക്ഷമമായ കൂറുമാറ്റ നിരോധന നിയമവും കേരളത്തിൽ നിലവിലുണ്ട്. സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിനെ എല്ലാ രാഷ്ട്രീയ പാർട്ടികളും സർക്കാരും വളരെ ഗൗരവമായി കാണുന്നു. ആയതിനാലാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങളും തിരഞ്ഞെടുപ്പ് സുതാര്യവും കാര്യക്ഷമവുമായി നടത്തുന്നതിന് വേണ്ട നിയമങ്ങളുടെ പിൻബലവും സർക്കാർ നൽകിയിട്ടുള്ളത്.

തിരഞ്ഞെടുപ്പിൽ അനുയോജ്യരായ സ്ഥാനാർത്ഥിയെ തിരഞ്ഞെടുക്കുന്നതിനും തങ്ങളെ പ്രതിനിധീകരിക്കുന്നയാളിനെക്കുറിച്ച് അറിയുവാനുമുള്ള വോട്ടറുടെ അവകാശം സംരക്ഷിക്കുന്നതിലേക്കായി തദ്ദേശസ്വയംഭരണ വകുപ്പിന്റെ 23.01.2020, 04.02.2020 എന്നീ തീയതികളിലെ വിജ്ഞാപനങ്ങളിലൂടെ നാമനിർദ്ദേശ പത്രികയോടൊപ്പം സ്ഥാനാർത്ഥി സമർപ്പിക്കേണ്ട വിശദവിവരങ്ങൾ അടങ്ങിയ പുതിയ ഫാറം 2 എ ഏർപ്പെടുത്തി. സ്ഥാനാർത്ഥി സമർപ്പിക്കുന്ന 2 എ ഫാറത്തിൽ തന്റെയും തന്റെ കുടുംബത്തിന്റെയും ആസ്തി ബാദ്ധ്യതകളും വരുമാന സ്രോതസ്സുകളും സ്ഥാനാർത്ഥി ക്രിമിനൽ കേസുകളിൽ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അതിന്റെ വിവരവും നിലവിലുള്ള കേസുകളുടെ വിവരങ്ങൾ എന്നിവയും എല്ലാ സമ്മതിദായകരുടെയും അറിവിലേക്കായി പ്രസിദ്ധീകരിക്കേണ്ടതാണെന്ന് ഭേദഗതി വരുത്തി തദ്ദേശസ്വയംഭരണ വകുപ്പ് 10.01.2020 ൽ വിജ്ഞാപനം പുറപ്പെടുവിച്ചു. കൂടാതെ സ്ഥാനാർത്ഥിക്കെതിരെയുള്ള ക്രിമിനൽ കേസുകളുടെ വിശദവിവരം താൻ ഏത് രാഷ്ട്രീയ കക്ഷിയുടെ സ്ഥാനാർത്ഥിയായിട്ടാണോ മത്സരിക്കുന്നത് ആ രാഷ്ട്രീയ കക്ഷിയെ സ്ഥാനാർത്ഥി തന്നെ അറിയിക്കണമെന്ന വ്യവസ്ഥയും മേല്പറഞ്ഞ ഭേദഗതികളിലൂടെ ഈ സർക്കാർ ചട്ടങ്ങളിൽ ചേർക്കുകയുണ്ടായി

ഇപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ മത്സരിക്കുവാനുള്ള ഒരാളുടെ നിയമപരമായ അവകാശവും അതിലൂടെ ജനാധിപത്യാടിസ്ഥാനത്തിലുള്ള ഭരണപരമായ കാര്യങ്ങളിൽ പങ്കാളിയാകുവാനുള്ള അയാളുടെ അവസരവും വളരെ വിലപ്പെട്ടതാണ്. തിരഞ്ഞെടുപ്പിൽ നാമനിർദ്ദേശപത്രിക സമർപ്പിക്കുന്ന സമയം മുതൽ ഉണ്ടാകുന്ന ചെറിയ പിഴവുകൾ പോലും ഒരാളുടെ മേല്പറഞ്ഞ തരത്തിലുള്ള വിലപ്പെട്ട അവസരം നഷ്ടപ്പെടുത്തുന്നതിന് ഇടയാക്കിയേക്കാം. ആയതിനാൽ തിരഞ്ഞെടുപ്പിൽ നാമനിർദ്ദേശം സമർപ്പിക്കുന്നതിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങളും സ്ഥാനാർത്ഥികളുടെ യോഗ്യതകളും അയോഗ്യതകളും തിരഞ്ഞെടുപ്പ് പ്രക്രിയയിൽ പങ്കെടുക്കുന്ന ഉദ്യോഗസ്ഥർ അറിഞ്ഞിരിക്കേണ്ട വ്യവസ്ഥകളും അവ സംബന്ധിച്ച് ഇതുവരെയുള്ള കോടതി കേസുകളിലൂടെ വ്യക്തമാക്കപ്പെട്ടിട്ടുള്ള കാര്യങ്ങളും ഉൾപ്പെടെയാണ് ഇവിടെ പ്രതിപാദിക്കുന്നത്.

തിരഞ്ഞെടുപ്പ് വിജ്ഞാപനവും പൊതുനോട്ടീസും

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെ 49 ാം വകുപ്പ്, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിന്റെ 105 ാം വകുപ്പ് പ്രകാരം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഗസറ്റ് വിജ്ഞാപനം വഴി സംസ്ഥാനത്തെ വ്യത്യസ്ത തലത്തിലുള്ള പഞ്ചായത്തുകളിലേയും മുനിസിപ്പാലിറ്റികളിലേയും തിരഞ്ഞെടുപ്പിന് നാമനിർദ്ദേശം നൽകുന്നതിനുള്ള അവസാന തീയതിയും നാമനിർദ്ദേശങ്ങളുടെ സൂക്ഷ്മ പരിശോധനയ്ക്കുള്ള തീയതിയും സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനുള്ള അവസാന തീയതിയും ആവശ്യമെങ്കിൽ വോട്ടെടുപ്പിനുള്ള തീയതിയും തിരഞ്ഞെടുപ്പ് പൂർത്തിയാക്കേണ്ട തീയതിയും നിശ്ചയിക്കുന്നതാണ്. ഇപ്രകാരം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവി ക്കുന്ന ദിവസം തന്നെ ബന്ധപ്പെട്ട വരണാധികാരികളും നാമനിർദ്ദേശങ്ങൾ ക്ഷണിച്ചുകൊണ്ടും നാമനിർദ്ദേശപത്രിക സമർപ്പിക്കുന്നതിനുള്ള സമയവും സ്ഥലവും നിശ്ചയിച്ച് കൊണ്ടും നോട്ടീസ് പ്രസിദ്ധീകരിക്കുന്നതാണ്. തിരഞ്ഞെടുപ്പ് പൊതു നോട്ടീസ് 1995-ലെ കേരള പഞ്ചായത്ത്രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങൾ, 1995-ലെ കേരള മുനിസിപ്പാലിറ്റി (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങൾ എന്നിവയിലെ ഫോറം-1 ൽ ആയിരിക്കേണ്ടതാണ്.

സ്ഥാനാർത്ഥികളുടെ യോഗ്യതയും അയോഗ്യതയും

സ്ഥാനാർത്ഥികൾക്കുള്ള പ്രധാനപ്പെട്ട യോഗ്യതകളും, അയോഗ്യതകളും താഴെ പറയുന്നവയാണ്.

സ്ഥാനാർത്ഥി മത്സരിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഏതെങ്കിലും ഒരു വാർഡിലെ വോട്ടർ പട്ടികയിൽ പേര്

നാമനിർദ്ദേശപത്രിക നൽകുന്നതും സ്വീകരിക്കുന്നതും എങ്ങനെ ?

തിരഞ്ഞെടുപ്പ് വിജ്ഞാപനം പ്രകാരം നിശ്ചയിക്കുന്ന ദിവസമോ തുടർന്നുള്ള ഏഴ ദിവസത്തിൽ ഏതെങ്കിലും ദിവസമോ ഒരു സ്ഥാനാർത്ഥിക്ക് ഫോറം2 ൽ നാമനിർദ്ദേശം സമർപ്പിക്കാവുന്നതാണ്. നാമനിർദ്ദേശം സമർപ്പിക്കേണ്ടുന്ന അവസാന ദിവസം പൊതു ഒഴിവ് ദിനമാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം നാമനിർദ്ദേശം സമർപ്പിക്കാവുന്നതാണ്. നാമനിർദ്ദേശം സമർപ്പിക്കേണ്ടുന്നത് രാവിലെ 11 മണിക്കും ഉച്ചതിരിഞ്ഞ് 3 മണിക്കും ഇടയിലായിരിക്കണമെന്ന് ആക്ടിൽ തന്നെ വ്യവസ്ഥ ചെയ്തിരിക്കുന്നതിനാൽ (പഞ്ചായത്ത്‌രാജ് ആക്ടിലെ 52-ാം വകുപ്പ്, മുനിസിപ്പാലിറ്റി ആക്ടിലെ 108-ാം വകുപ്പ്) ഏതൊരു ദിവസവും 11 മണിക്ക് മുമ്പോ 3 മണിക്ക് ശേഷമോ നൽകുന്നതോ സ്വീകരിക്കുന്നതോ ആയ ഏത് നാമനിർദ്ദേശപത്രികയും നിരസിക്കുന്നതാണ്. കൂടാതെ 1-ാം നമ്പർ ഫോറത്തിലുള്ള തിരഞ്ഞെടുപ്പ് നോട്ടീസിൽ എടുത്തു പറഞ്ഞിട്ടുള്ള സ്ഥലമല്ലാതെ മറ്റേതെങ്കിലും സ്ഥലത്ത് വച്ച് നാമനിർദ്ദേശപത്രിക നൽകിയാലും അത് നിരസിക്കുന്നതാണ്. എന്ന് മാത്രമല്ല, നാമനിർദ്ദേശപത്രിക സമർപ്പിക്കാൻ അർഹതയുള്ളത് സ്ഥാനാർത്ഥിക്കോ ആ സ്ഥാ നാർത്ഥിയെ നാമനിർദ്ദേശം ചെയ്യുന്ന ആൾക്കോ മാത്രമാണ്. സ്ഥാനാർത്ഥിയോ ആ സ്ഥാനാർത്ഥിയെ നാമനിർദ്ദേശം ചെയ്യുന്ന ആളോ അല്ലാതെ മറ്റാരെങ്കിലും നാമനിർദ്ദേശപത്രിക സമർപ്പിച്ചാലും അത് നിരസിക്കുന്നതാണ്. നാമനിർദ്ദേശപത്രിക ലഭിക്കുമ്പോൾ അത് ലഭിച്ചതിന് 2 ാം നമ്പർ ഫാറത്തോടൊപ്പമുള്ള ഒരു രസീത് അത് നൽകിയ ആളിന് ലഭിക്കുകയും ചെയ്യുന്നതാണ്. നാമനിർദ്ദേശത്തിനുള്ള 2 ാം നമ്പർ ഫാറം വരണാധികാരി സൗജന്യമായി നൽകേണ്ടതാണ്.

ഒരു പഞ്ചായത്തിലെയോ മുനിസിപ്പാലിറ്റിയിലെയോ ഏതെങ്കിലും ഒരു നിയോജകമണ്ഡലത്തിലേക്ക്/വാർഡിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടുള്ള ഒരു സ്ഥാനാർത്ഥിയെ അതേ പഞ്ചായത്തിലെയോ മുനിസിപ്പാലിറ്റിയിലെയോ മറ്റൊരു നിയോജക മണ്ഡലത്തിലേക്കോ/വാർഡിലേക്കോ നാമനിർദ്ദേശം ചെയ്യുവാൻ പാടുള്ളതല്ല. അതായത് ഒരാൾക്ക് ഒരു തദ്ദേശ സ്വയംഭരണസ്ഥാപനത്തിലെ ഒരു നിയോജകമണ്ഡലം അല്ലെങ്കിൽ വാർഡിൽ മാത്രമേ മത്സരിക്കുവാൻ അർഹതയുള്ളൂ. ഒരാളെ ഒന്നിലധികം നിയോജകമണ്ഡലങ്ങളിലേയ്ക്കോ വാർഡുകളിലേയ്ക്കോ നാമനിർദ്ദേശം ചെയ്യപ്പെടുന്ന സംഗതിയിൽ അയാളുടെ എല്ലാ നാമനിർദ്ദേശങ്ങളും നിരസിക്കപ്പെടുന്നതാണ്. (S-51 KPR Act/S-107 KM Act) (AhammedKutty V. Ali, 2003 ICO 6000 : 2003 (3) KLT 739) സ്ഥാനാർത്ഥി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഏതെങ്കിലും ഒരു വാർഡിലെ വോട്ടറായിരിക്കേണ്ടതാണ്. എന്നാൽ ഏത് വാർഡിലേക്കാണോ സ്ഥാനാർത്ഥി മത്സരിക്കുന്നത് ആ വാർഡിലെ ഒരു വോട്ടറായിരിക്കണം അയാളെ നാമനിർദ്ദേശം ചെയ്യേണ്ടത്. 28.01.2020 ലെ എസ്.ആർ.ഒ നമ്പർ 221/2020 പ്രകാരം വരുത്തിയ കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പു നടത്തിപ്പ്) നാലാം ഭേദഗതി ചട്ടങ്ങൾക്ക് ശേഷം ഒരു നാമനിർദ്ദേശകന് ഒന്നിൽ കൂടുതൽ നാമനിർദ്ദേശം ചെയ്യാവുന്നതാണ്. അതുപോലെ തന്നെ മുനിസിപ്പാലിറ്റിയിലെ നാമനിർദ്ദേശകനും ഒന്നിൽ കൂടുതൽ നാമനിർദ്ദേശം ചെയ്യാവുന്നതാണ്. ഒരു സ്ഥാനാർത്ഥിക്കു വേണ്ടി പരമാവധി മൂന്ന് നാമനിർദ്ദേശ പത്രികകൾ വരെ സമർപ്പിക്കാവുന്നതാണ്.

നാമനിർദ്ദേശം ചെയ്യപ്പെടുന്ന ഒരു സ്ഥാനാർത്ഥി വരണാധികാരിയുടെയോ, അസിസ്റ്റന്റ് വരണാധികാരിയുടെയോ ഒരു ഗസറ്റഡ് ഉദ്യോഗസ്ഥൻ അല്ലെങ്കിൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ മുമ്പാകെയോ പഞ്ചായത്ത് രാജ് ആക്ട് പട്ടിക 1/മുനിസിപ്പാലിറ്റി ആക്ട് പട്ടിക 2 ഇവയിൽ കൊടുത്തിട്ടുള്ള ഫാറത്തിൽ സൂക്ഷ്മപരിശോധന തീയതിക്ക് മുമ്പായി സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ ചെയ്യേണ്ടതായിട്ടുണ്ട്. കൂടാതെ നാമനിർദ്ദേശപത്രിക സമർപ്പിക്കുന്ന സമയത്ത് ഓരോ സ്ഥാനാർത്ഥിയും പത്രികയോടൊപ്പം ഫോറം 2 A യിൽ അയാളുടെ വിദ്യാഭ്യാസ യോഗ്യത, ക്രിമിനൽ കേസുകൾ, സ്വത്ത് വിവരം മുതലായവ സംബന്ധിച്ച വിശദവിവരങ്ങളും നൽകേണ്ടതാണ്. 2 A ഫാറത്തിൽ സമർപ്പിക്കുന്ന വിവരങ്ങൾ വ്യാജമാണെങ്കിൽ അത് തിരഞ്ഞെടുപ്പ് കഴിഞ്ഞശേഷം കോടതി മുഖേന തിരഞ്ഞെടുപ്പ് അസാധുവാക്കുവാനുള്ള കാരണമാണ്. (S-102(1)(ca) of KPR Act/S-178(1) (ca) of KMAct), (Mohanan V, Joseph , 2013 ICO 234 : 2013 KHC 132). കൂടാതെ ഒരു സ്ഥാനാർത്ഥി ഗ്രാമപഞ്ചായത്തിൽ മൽസരിക്കുന്നതിന് 1000 രൂപയും ബ്ലോക്ക് പഞ്ചായത്തിൽ 2000 രൂപയും ജില്ലാ പഞ്ചായത്തിൽ 3000 രൂപയും മുനിസിപ്പാലിറ്റിയിൽ 2000 രൂപയും മുനിസിപ്പൽ കോർപ്പറേഷനിൽ 3000 രൂപയും കെട്ടി വയ്ക്കേണ്ടതാണ്. പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിലുള്ളവർക്ക് മേല്പറഞ്ഞ തുകയുടെ 50 ശതമാനം മാത്രം മതിയായിരിക്കുന്നതാണ്. ഒരു സ്ഥാനാർത്ഥി ഒന്നിലധികം നാമനിർദ്ദേശപത്രികകൾ സമർപ്പിക്കുന്നുവെങ്കിലും നിക്ഷേപതുക ഒന്നിന് മാത്രമെ ആവശ്യമുള്ളൂ.

ഉണ്ടായിരിക്കേണ്ടതാണ്. കൂടാതെ നാമനിർദ്ദേശപത്രിക സമർപ്പിക്കുന്ന തീയതിയിൽ സ്ഥാനാർത്ഥിയ്ക്ക് 21 വയസ്സ് പൂർത്തിയായിരിക്കണം. സ്ഥാനാർത്ഥിയുടെ വയസ്സ് സംബന്ധിച്ചുള്ള യോഗ്യത ഒഴികെ മറ്റെല്ലാ യോഗ്യതകളും അയോഗ്യതകളും നാമനിർദ്ദേശ പത്രിക സൂക്ഷ്മ പരിശോധന നടത്തുന്ന ദിവസത്തെ സ്ഥിതി വെച്ചായിരിക്കണം കണക്കാക്കേണ്ടത് (Prabhakaran V. Jayarajan 2005 (1) SCC 754).

അയോഗ്യതകൾ

സർക്കാരിന്റെയോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെയോ അല്ലെങ്കിൽ സർക്കാരിനോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനോ 51 ശതമാനത്തിൽ കുറയാതെ ഓഹരിയുള്ള ഏതെങ്കിലും കമ്പനിയിലോ, സംസ്ഥാന നിയമപ്രകാരം രൂപീകരിക്കപ്പെട്ടിട്ടുള്ള ബോർഡുകളിലെയോ ഏതെങ്കിലും സർവ്വകലാശാലയിലെയോ ഏതൊരു ഉദ്യോഗസ്ഥനും ജീവനക്കാരനും പഞ്ചായത്തിലോ മുനിസിപ്പാലിറ്റിയിലോ തിരഞ്ഞെടുക്കപ്പെടുന്നതിനോ ഉദ്യോഗം വഹിക്കുന്നതിനോ യോഗ്യത ഉണ്ടായിരിക്കുന്നതല്ല. ആയതിനാൽ സർക്കാർ ജീവനക്കാർ തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർ എന്നിവർ അയോഗ്യരാണ്. കെ.എസ്.ആർ.ടി.സി. ജീവനക്കാർ,

(Selvaraj Francis V. Returning officer, 2004 ICO 3663 : 2004 (3) KLT 889) വൈദ്യുതി ബോർഡ്, സർവ്വകലാശാല ഉദ്യോഗസ്ഥർ, സർക്കാരിന് 51 ശതമാനം ഓഹരിയുള്ള സഹകരണ സംഘങ്ങൾ, സർക്കാർ കമ്പനികൾ എന്നിവിടങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിക്കപ്പെട്ടവർ ഉൾപ്പെടെയുള്ള ജീവനക്കാർ, SLR ജീവനക്കാർ (Rajesh V. KSEC 2010 ICO 1263 : 2010 (4) KHC 140) എന്നിവർ തിരഞ്ഞെടുപ്പിന് മത്സരിക്കുന്നതിന് അയോഗ്യരാണ്. അംഗൻവാടി ജീവന ക്കാർ, ബാലവാടി ജീവനക്കാർ, ആശ വർക്കർമാർ, സാക്ഷരത പ്രേരകുമാർ എന്നിവർക്ക് പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് അയോഗ്യത ഇല്ല. എന്നാൽ, സാക്ഷരത പ്രേരകുമാർക്ക് മുനിസിപ്പാലിറ്റിയിലേക്ക് മത്സരിക്കുന്നതിന് യോഗ്യത ഉണ്ടെന്നു പറഞ്ഞിട്ടില്ല (മുനിസിപ്പാലിറ്റി ആക്ട് 86-ാം വകുപ്പിന്റെ 2-ാം വിശദീകരണം).

- എയ്ഡഡ് സ്കൂൾ / കോളേജ് എന്നിവയിലെ അദ്ധ്യാപകർക്കോ ജീവനക്കാർക്കോ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് അയോഗ്യത ഇല്ല.
- അഴിമതിയ്ക്കോ കൂറില്ലായ്മയ്ക്കോ ഉദ്യോഗത്തിൽ നിന്നും പിരിച്ചുവിടപ്പെട്ടവർ പിരിച്ചുവിടപ്പെട്ട തീയതി മുതൽ 5 വർഷത്തേയ്ക്ക് അയോഗ്യരായിരിക്കുന്നതാണ്.
- 1860 ലെ ഇന്ത്യൻ ശിക്ഷാനിയമത്തിലെ 9 എ അദ്ധ്യായത്തിൽ കീഴിലുള്ള ഏതെങ്കിലും കുറ്റങ്ങൾക്കോ 1951 ലെ ജനപ്രാതിനിധ്യ നിയമത്തിലെ 8-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള മറ്റേതെങ്കിലും കുറ്റത്തിനോ ശിക്ഷിക്കപ്പെട്ടയാൾ കുറ്റസ്ഥാപനത്തിന്മേൽ 6 വർഷക്കാലത്തേക്ക് അയോഗ്യരായിരിക്കുന്നതാണ്. ജനപ്രാതിനിധ്യ നിയമത്തിലെ 8-ാം വകുപ്പിൽ 1-ാം ഉപവകുപ്പിൽ പ്രതിപാദിച്ചിട്ടുള്ള ഗുരുതര കുറ്റങ്ങൾക്ക് ജയിൽ ശിക്ഷ നൽകിയിട്ടില്ലെങ്കിൽ കൂടി കുറ്റസ്ഥാപനം മുതൽ 6 കൊല്ലവും ജയിൽശിക്ഷ നൽകിയിട്ടുണ്ടെങ്കിൽ ജയിൽമോചിതനായ തീയതി മുതൽ 6 കൊല്ലവും അയോഗ്യത ഉണ്ടായിരിക്കുന്നതാണ്. എന്നാൽ 2-ാം ഉപവകുപ്പിൽ പറഞ്ഞിരിക്കുന്ന കുറ്റങ്ങൾക്ക് ആറുമാസവും 3-ാം ഉപവകുപ്പിൽ പറഞ്ഞിരിക്കുന്ന കുറ്റങ്ങൾക്കു രണ്ടുവർഷവും ജയിൽ ശിക്ഷ നൽകിയിട്ടുണ്ടെങ്കിൽ മാത്രമേ അയോഗ്യത ഉണ്ടായിരിക്കുകയുള്ളൂ എന്നാൽ സന്മാർഗ്ഗ ദൂഷ്യം സംബന്ധിച്ച ഏതെങ്കിലും കുറ്റത്തിന് മൂന്നുമാസത്തിൽ കുറയാത്ത കാലത്തേക്ക് തടവുശിക്ഷയ്ക്ക് വിധിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അയോഗ്യത ഉണ്ടായിരിക്കുന്നതാണെന്നു വ്യക്തമാക്കിയിട്ടുണ്ട്. (കേരള പഞ്ചായത്ത് രാജ് ആക്ട് 34 (1)(b), കേരള മുനിസിപ്പാലിറ്റി ആക്ട് 90 (1)(b)(1)) ഏതെങ്കിലും കുറ്റം സന്മാർഗ്ഗദൂഷ്യം ഉൾപ്പെട്ടതാണോ എന്ന് ആ കുറ്റത്തിന്റെ സാഹചര്യം അനുസരിച്ചാണ് തീരുമാനിക്കുന്നത്. ഗ്രാമസഭയിൽ കണക്ക് ചോദിച്ചതിന് ഗ്രാമസഭയ്ക്ക് ശേഷം ദേഹോപദ്രവം ചെയ്യുന്നത് സന്മാർഗ്ഗദൂഷ്യ പ്രകാരമുള്ള കുറ്റമാണെന്ന് ജോബി ജോർജ് അഭി. തോമസ് വർഗ്ഗീസ് എന്ന കേസിൽ (2012 ICO 458 : 2012 (2) KCJ 558) വിധി പ്രസ്താവിക്കുകയുണ്ടായി. എന്നാൽ ഏതുതരം കുറ്റമായാലും പ്രസ്തുത കുറ്റത്തിനുള്ള ശിക്ഷ കഴിഞ്ഞ് ജയിൽ മോചിതനാകുന്ന തീയതി മുതൽ ആറു വർഷം മാത്രമേ അയോഗ്യത നിലനിൽക്കുന്നുള്ളൂ. ഇത്തരം കുറ്റങ്ങൾ മൂലമുണ്ടാകുന്ന യോഗ്യത സ്ഥിരമായി നിലനിൽക്കുകയില്ല (John John @ Onachan V. State Election Commission, 2015 ICO 653 : AIR 2015 KER 227 : 2015 (3) KLT 132). ഏതെങ്കിലും ഇത്തരം കുറ്റത്തിന് അപ്പീൽ കോടതി ജയിൽശിക്ഷ തടഞ്ഞു (stay) എന്ന കാരണത്താൽ അയോഗ്യത ഇല്ലാതാകുന്നില്ല. കുറ്റ സ്ഥാപനം കൂടി സ്റ്റേ ചെയ്താൽ മാത്രമേ അയോഗ്യത ഒഴിവാകുന്നുള്ളൂ.
- തിരഞ്ഞെടുപ്പ് ചെലവുകളുടെ കണക്കു ബോധിപ്പിക്കുന്നതിൽ വീഴ്ച വരുത്തിയ ഏതൊരാളും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന ഉത്തരവിന്റെ തീയതി മുതൽ 5 വർഷക്കാലത്തേയ്ക്ക് അയോഗ്യനായിരിക്കുന്നതാണ്. സ്ഥാനാർത്ഥിത്വം പിൻവലിക്കാനുള്ള അവസാനദിവസം 3 മണികഴിഞ്ഞാലുടനെ വരണാധികാരി പ്രസിദ്ധപ്പെടുത്തുന്ന മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ 6-ാം നമ്പർ ഫാറത്തിലുള്ള ലിസ്റ്റിൽ പേരുള്ള ഏതൊരാളും തിരഞ്ഞെടുപ്പ് ഫലപ്രഖ്യാപനം കഴിഞ്ഞ് 30 ദിവസത്തിനകം ഫാറം N 30 ൽ തിരഞ്ഞെടുപ്പ് ചെലവുകണക്ക് നൽകേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ കാര്യത്തിൽ ബ്ലോക്ക്പഞ്ചായത്ത് സെക്രട്ടറിയും ബ്ലോക്ക്പഞ്ചായത്തിന്റെ കാര്യത്തിൽ ജില്ലാപഞ്ചായത്ത് സെക്രട്ടറിയും ജില്ലാപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ എന്നിവയുടെ കാര്യത്തിൽ ജില്ലാകളക്ടറുമാണ് തിരഞ്ഞെടുപ്പ് ചെലവുകളുടെ കണക്ക് സമർപ്പിക്കേണ്ട അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ. ഒരാൾ സ്വയം മത്സരത്തിൽനിന്നും പിൻമാറിയാൽ പോലും 6-ാം നമ്പർ ഫാറത്തിലുള്ള ലിസ്റ്റിൽ പേരുണ്ടെങ്കിൽ തിരഞ്ഞെടുപ്പ് ചെലവു കണക്ക് നൽകേണ്ടതാണ്. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ യഥാക്രമം 25,000, 75,000, 1,50,000 രൂപയും മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയിൽ യഥാക്രമം 75,000, 1,50,000 രൂപയുമാണ് സ്ഥാനാർഥികൾക്ക് ചെലവാക്കാൻ കഴിയുന്ന പരമാവധി തുക. ചെലവ് കണക്ക് നൽകാതിരിക്കുകയോ നൽകിയ കണക്ക് കളവാണെന്നോ, മേൽപ്പറഞ്ഞ പരിധിയിൽ കൂടുതൽ ചെലവ് ചെയ്തിട്ടുണ്ടെങ്കിലോ തിരഞ്ഞെടുപ്പ് കമ്മീഷൻ അയാളെ അയോഗ്യനാക്കുന്നതാണ്.
- പോളിംഗ് സ്റ്റേഷനുകളിൽ ബാലറ്റ് പേപ്പറുകൾ നശിപ്പിക്കുക. ബൂത്ത് പിടിച്ചെടുക്കൽ മുതലായ കുറ്റങ്ങൾക്ക് ശിക്ഷിക്കപ്പെടുകയും അങ്ങനെയുള്ള ശിക്ഷയുടെ തീയതി മുതൽ 6 വർഷം കഴിയാതിരിക്കുകയും ചെയ്യുകയാണെങ്കിൽ ഒരാൾക്ക്

അംഗൻവാടി ജീവനക്കാർ, ബാലവാടി ജീവനക്കാർ, ആശ വർക്കർമാർ, സാക്ഷരത പ്രേരകുമാർ എന്നിവർക്ക് പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് അയോഗ്യത ഇല്ല. എന്നാൽ, സാക്ഷരത പ്രേരകുമാർക്ക് മുനിസിപ്പാലിറ്റിയിലേക്ക് മത്സരിക്കുന്നതിന് യോഗ്യത ഉണ്ടെന്നു പറഞ്ഞിട്ടില്ല

അയോഗ്യത ഉണ്ടായിരിക്കുന്നതാണ്.

- പാപ്പരാണെന്ന് വിധി കിട്ടാൻ അപേക്ഷ ബോധിപ്പിച്ചിട്ടുള്ളതോ അല്ലെങ്കിൽ കടബാധ്യതയിൽ നിന്നും മുക്തനല്ലാത്ത പാപ്പരായിട്ടുള്ളതോ ആയ ഒരു ആളാണെങ്കിലും അയാൾ അയോഗ്യനാണ്.
- സർക്കാരുമായോ ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനവുമായോ ഉണ്ടാക്കിയിട്ടുള്ള നിലവിലുള്ള കരാറിലോ അവർക്കുവേണ്ടി ചെയ്യുന്ന ഏതെങ്കിലും പണിയിലോ അവകാശമുണ്ടെങ്കിൽ ഒരാൾ അയോഗ്യനാണ്. (T. M. Mujeeb V. Kerala State Election Commisssion, 2020 ICO 151 : 2020 (1) KHC 929) എന്നാൽ 1995 ലെ കേരള മുനിസിപ്പാലിറ്റി (സ്ഥാനാർത്ഥികളേയും കൗൺസിലർമാരേയും ചില സംഗതികളിൽ അയോഗ്യതയിൽ നിന്ന് ഒഴിവാക്കൽ) ചട്ടങ്ങൾ, അതുപോലെതന്നെ 1995 ലെ കേരള പഞ്ചായത്ത്രാജ് (സ്ഥാനാർത്ഥികളേയും അംഗങ്ങളെയും ചില സംഗതികളിൽ അയോഗ്യതയിൽ നിന്ന് ഒഴിവാക്കൽ) ചട്ടങ്ങൾ പ്രകാരം കരാറുകാരൻ എന്ന നിലയിലല്ലാതെ സമൂഹത്തിന്റെയോ സ്പോൺസറിന്റെയോ ഒരു പ്രതിനിധി എന്ന നിലയിൽ ഏതെങ്കിലും സഹായകരമായ പണി ഏറ്റെടുക്കൽ, തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഒരു കെട്ടിടമോ കടമുറിയോ വ്യാപാരാവശ്യത്തിന് വാടകവ്യവസ്ഥയിലോ പാട്ട വ്യവസ്ഥയിലോ ഏറ്റെടുക്കൽ മുതലായവ അയോഗ്യതയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ട്. ഒരു ബെനിഫിഷ്യറി കമ്മിറ്റിയുടെ കൺവീനറായി കരാറിൽ ഏർപ്പെട്ടിരിക്കുന്നത് അയോഗ്യതയായി പരിഗണിക്കാൻ കഴിയുകയില്ല. (Somasekharan Nair V. Divakaran Pillai, 2010 ICO 301 : 2010 (2) KLT 1022) ഒരു ARD (റേഷൻ കട) നടത്തുന്നയാൾ സർക്കാരുമായി ഒരു കരാറിൽ ആണെന്ന് കരുതാൻ കഴിയില്ല. അക്കാരണത്താൽ അയോഗ്യത ഉണ്ടായിരിക്കുന്നതല്ല. (Mohankumar V. Rajagopal, 2000 ICO 325 : 2000 (1) KLT 677 : AIR 2000 KER 176)
- മുൻവർഷം വരെയും മുൻവർഷം ഉൾപ്പെടെയും സർക്കാരിലേക്കോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കോ താൻ കൊടുക്കേണ്ട ഏതെങ്കിലും ഇനം അനുസരിച്ച് കുടിശ്ശിക വരുത്തുകയും അതു സംബന്ധിച്ച് ഒരു ബില്ലോ നോട്ടീസോ അയാളുടെ മേൽ യഥാവിധി നടത്തുകയും അതിൽ പറഞ്ഞിരിക്കുന്ന സമയം കഴിയുകയും ചെയ്തിട്ടുണ്ടെങ്കിൽ ഒരാൾ അയോഗ്യനാണ് (Sunil K V. Jitesh Muthukad, 2015 (2) KHC 249 : 2015 (2) KLT 231).
- സർവ്വീസ് സഹകരണ സംഘത്തിലേക്ക് അടയ്ക്കുവാനുള്ള കുടിശ്ശിക അയോഗ്യതയായി പരിഗണിക്കുകയില്ല (Malathi J Rai V. Suhara Ali 2014 ICO 1855 : 2007 (3) KLJ 289 : 2007 (4) KLT 153).
- ഒരാൾ മത്സരിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ മാത്രമല്ല മറ്റേതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ കുടിശ്ശികക്കാരനാണെങ്കിലും അയോഗ്യനാണ് (Kalathumpadickal Musthafa V. P.M Basheer, 2014 (3) KHC 658).
- നോർത്ത് മലബാർ ഗ്രാമീൺബാങ്കിന് നൽകുവാനുള്ള കുടിശ്ശിക അയോഗ്യതയായി പരിഗണിക്കുകയില്ല. (Karunakaran M.P V. K.V. Chandra Panicker 2010 ICO 351 : 2010 (2) KLJ 48). റവന്യൂ റിക്കവറി നടപടികൾ സർക്കാർ സ്റ്റേ ചെയ്യുകയും ഇൻസ്റ്റാൾമെന്റ് സൗകര്യം നൽകുകയും ചെയ്ത സംഗതിയിൽ യോഗ്യത നിലനിൽക്കുന്നില്ല. (Somasekharan Nair V Divakaran Pillai, 2010 (2) KHC 254 : 2010 (2) KLT 1022)
- അഴിമതിയ്ക്കോ കൂറില്ലായ്മയ്ക്കോ സർക്കാരിന്റെയോ അല്ലെങ്കിൽ ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയോ സർവ്വീസിൽനിന്ന് പിരിച്ചുവിടുകയോ നീക്കം ചെയ്യുകയോ ചെയ്ത തീയതി മുതൽ അഞ്ചുകൊല്ലം കഴിയാതിരിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ ഒരാൾ അയോഗ്യനാണ്.
- കേരള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (കൂറു മാറ്റം നിരോധിക്കൽ) ആക്ടിലെ വ്യവസ്ഥകൾ പ്രകാരം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഒരാളെ അയോഗ്യനാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ച തീയതി മുതൽ 6 വർഷം കഴിയാതിരിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ അയാൾ തിരഞ്ഞെടുപ്പിന് മത്സരിക്കുന്നതിന് അയോഗ്യനാണ്.
- വക്കീലായി പ്രാക്ടീസ് ചെയ്യുന്നതിൽ നിന്നും വിലക്കപ്പെട്ടിട്ടുണ്ടെങ്കിലോ അഥവാ സർക്കാരിന് വേണ്ടിയോ അല്ലെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് വേണ്ടിയോ പ്രതിഫലം പറ്റുന്ന ഒരു അഭിഭാഷകനാണെങ്കിൽ അയോഗ്യനാണ്.
- ഒരു ബധിര/മൂകനാണെങ്കിലോ അഥവാ ദുർഭരണത്തിന് വ്യക്തിപരമായി കുറ്റക്കാരനാണെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഓംബുഡ്സ്മാനോ വിധിച്ചുണ്ടെങ്കിലോ അഥവാ സ്ഥിരബുദ്ധിയില്ലാത്ത ആളാണെന്ന് വിധിക്കപ്പെട്ടിട്ടുണ്ടെങ്കിലോ ഒരാൾ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് അയോഗ്യനാണ്. സർക്കാരുമായുള്ള ഏതെങ്കിലും കരാറിലോ ലേലത്തിലോ വീഴ്ച വരുത്തിയതിന്റെ ഫലമായി ബ്ലാക്ക് ലിസ്റ്റിൽപ്പെടുത്തിയിട്ടുണ്ടെങ്കിലോ, അഥവാ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ധനമോ മറ്റ് വസ്തുക്കളോ നഷ്ടപ്പെടുത്തുകയോ പാഴാക്കുകയോ ദുർവിനിയോഗം ചെയ്യുകയോ ചെയ്തിട്ടുള്ളതായി ഓംബുഡ്സ്മാൻ കണ്ടെത്തിയിട്ടുണ്ടെങ്കിലും ആക്ടിലെ മറ്റ് വ്യവസ്ഥകൾ പ്രകാരം അയോഗ്യനാക്കപ്പെടുകയോ ചെയ്തിട്ടുണ്ടെങ്കിലും ഒരാൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേക്കുള്ള തിരഞ്ഞെടുപ്പിന് മത്സരിക്കുവാൻ അയോഗ്യത ഉണ്ടായിരിക്കുന്നതാണ്.

കരാറുകാരൻ എന്ന നിലയിലല്ലാതെ സമൂഹത്തിന്റെയോ സ്പോൺസറിന്റെയോ ഒരു പ്രതിനിധി എന്ന നിലയിൽ ഏതെങ്കിലും സഹായകരമായ പണി ഏറ്റെടുക്കൽ, തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഒരു കെട്ടിടമോ കടമുറിയോ വ്യാപാരാവശ്യത്തിന് വാടകവ്യവസ്ഥയിലോ പാട്ട വ്യവസ്ഥയിലോ ഏറ്റെടുക്കൽ മുതലായവ അയോഗ്യതയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ട്.

ലേഖകൻ ലോക്കൽ ഗവണ്മെന്റ് കമ്മീഷനിൽ



മിഷൻ അന്ത്യോദയ-2020

■ ഹുസൈൻ എം. മിന്നത്ത്

കേരളം സമഗ്ര മേഖലകളിലും നേടിയെടുത്തിട്ടുള്ള വികസനവും ജനക്ഷേമ പ്രവർത്തനത്തിൽ അധിഷ്ഠിതമായി നടത്തുന്ന ഇടപെടലുകളിലും 'ജനകീയാസൂത്രണം' വഹിക്കുന്ന പങ്ക് വളരെ വലുതാണെന്ന തിരിച്ചറിവാണ് മിഷൻ അന്ത്യോദയ തുടങ്ങുവാൻ കേന്ദ്ര സർക്കാരിന് പ്രചോദനം നൽകിയത്. 2019 ലെ സർവ്വേ റിപ്പോർട്ട് പ്രകാരം ഏറ്റവും ഉയർന്ന ശരാശരി സ്കോർ 72 നേടിക്കൊണ്ട് കേരളം രാജ്യത്ത് ഒന്നാം സ്ഥാനത്ത് എത്തുകയുണ്ടായി.

2022-ഓടെ രാജ്യത്തെ ഗ്രാമങ്ങളുടെ പരിവർത്തനം സംസ്ഥാനങ്ങളുടെ സഹായത്തോടെ സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2017-18 ലെ ബഡ്ജറ്റിൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച പരിപാടിയാണ് മിഷൻ അന്ത്യോദയ. സ്വാതന്ത്ര്യത്തിന്റെ 75-ാം വർഷത്തിൽ ഗ്രാമീണ മേഖലയുടെ സാമൂഹിക, സാമ്പത്തിക, പാരിസ്ഥിതിക, മാനവിക വികസനം സാധ്യമാക്കിക്കൊണ്ട് ദാരിദ്ര്യ രഹിത ഇന്ത്യ (Poverty Free India by 2022) സൃഷ്ടിക്കുക എന്ന ലക്ഷ്യം നേടിയെടുക്കാനാണ് ആത്യന്തികമായി മിഷൻ അന്ത്യോദയ ലക്ഷ്യമിടുന്നത്. 2011 ലെ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് (SECC -2011) പ്രകാരം രാജ്യത്ത് 8.8 കോടി കുടുംബങ്ങൾ ദാരിദ്ര്യത്തിന്റെ വിഷമാവസ്ഥയിൽ കഴിയുന്നു എന്നാണ് കാണിക്കുന്നത്. 27 ഓളം കേന്ദ്ര മന്ത്രാലയങ്ങൾ വഴി പ്രതിവർഷം 4 ലക്ഷം കോടി രൂപയോളം ഗ്രാമീണ മേഖലയുടെ ഉന്നമനത്തിനും വികസനത്തിനുമായി വിവിധ പദ്ധതികൾ വഴി വിനിയോഗിക്കുന്നുണ്ടെങ്കിലും ഇവ പലപ്പോഴും ഫലപ്രാപ്തി കാണാത്ത സാഹചര്യത്തിൽ വികസന പ്രക്രിയയിൽ ലക്ഷ്യാധിഷ്ഠിത ഇടപെടലുകൾ ആവശ്യമാണെന്ന തിരിച്ചറിവാണ് ഗ്രാമപഞ്ചായത്തുകളെ അടിസ്ഥാന യൂണിറ്റുകളായി കണ്ടുകൊണ്ട് കേന്ദ്ര സംസ്ഥാന തദ്ദേശ സ്ഥാപനങ്ങളുടെ എല്ലാതലത്തിലുമുള്ള സംയോജനവും ഏകോപനവും പങ്കാളിത്തവും ഉറപ്പാക്കിക്കൊണ്ടുള്ള സമ്പൂർണ്ണ ഗ്രാമീണ പരിവർത്തനമാണ് മിഷൻ അന്ത്യോദയയിൽ കേന്ദ്ര സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. കേന്ദ്ര ഗ്രാമവികസന പഞ്ചായത്ത് രാജ് മന്ത്രാലയമാണ് ഈ പരിപാടിക്ക് ദേശിയ തലത്തിൽ ചുക്കാൻപിടിക്കുന്നത്.

ഗ്രാമ പഞ്ചായത്ത് വികസന പദ്ധതി (GPDP)

കേരളം സമഗ്ര മേഖലകളിലും നേടിയെടുത്തിട്ടുള്ള വികസനവും ജനക്ഷേമ പ്രവർത്തനത്തിൽ അധിഷ്ഠിതമായി നടത്തുന്ന ഇടപെടലുകളിലും “ജനകീയാസൂത്രണം” വഹിക്കുന്ന പങ്ക് വളരെ വലുതാണെന്ന തിരിച്ചറിവാണ് മിഷൻ അന്ത്യോദയ തുടങ്ങുവാൻ കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തിന് പ്രചോദനം നൽകിയത്. സംസ്ഥാനത്ത് ജനപങ്കാളിത്തത്തോടെയുള്ള പ്രാദേശിക വികസനം സാധ്യമാക്കുക എന്നതിനപ്പുറം പ്രദേശത്തെ മുഴുവൻ ആളുകളിലേക്കും വികസനം എത്തിച്ച്, പാർശ്വവൽക്കരിക്ക

പ്പെട്ടവരെയും ദുർബല വിഭാഗക്കാരെയും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ച് ഉയർത്തുന്നതിൽ ജനകീയാസൂത്രണം വഹിച്ചിട്ടുള്ള പങ്ക് ഒട്ടും ചെറുതല്ല. ജനകീയാസൂത്രണം വഴി സാമ്പത്തിക, സാമൂഹ്യ, ആരോഗ്യ, വിദ്യാഭ്യാസ, മാനവിക വികസനം, സ്ത്രീ ശാക്തീകരണം അടക്കം ഏതൊരു മേഖലയിലും കഴിഞ്ഞ കാൽ നൂറ്റാണ്ടിനുള്ളിൽ സംസ്ഥാനം നേടിയെടുത്തിട്ടുള്ള വികസന പാഠങ്ങൾ ദേശീയ, ആഗോള തലത്തിൽ തന്നെ ഏറെ ശ്രദ്ധിക്കപ്പെട്ടി ട്ടുള്ളതും ഈ വികസനമാതൃകകൾ ഗൗരവമായി തന്നെ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതുമാണ്. കേരളത്തിലെ വികസന ചാലകശക്തി ജനകീയാസൂത്രണം ആണെന്ന് തിരിച്ചറിഞ്ഞ കേന്ദ്ര സർക്കാർ അതേ മാതൃകയിൽ രാജ്യത്തെ മുഴുവൻ സംസ്ഥാനങ്ങളിലും 'People Plan Campaign (PPC)' ന് 2017ൽ തുടക്കം കുറിക്കുകയും ഗ്രാമപഞ്ചായത്ത് വികസന പദ്ധതി (GPDP) എന്ന പേരിൽ അത് രാജ്യത്തെ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും ആരംഭിക്കുകയും ചെയ്യുകയുണ്ടായി.

GPDP യുടെ ഭാഗമായി വിവിധ വികസന പദ്ധതികൾക്ക് ഓരോ ഗ്രാമപഞ്ചായത്തുകളും രൂപം നൽകുമ്പോൾ അവരുടെ വികസന വിടവുകൾ (Development Gap) കണ്ടെത്തി അവ ദൂരീകരിക്കുന്നതിനുള്ള പദ്ധതികൾ വേണം ഓരോ ഗ്രാമപഞ്ചായത്തുകളും ഏറ്റെടുക്കാൻ. ഇതിനുള്ള ആദ്യചവിട്ടുപടിയാണ് മിഷൻ അന്ത്യോദയ സർവ്വേ. വികസന വിടവുകൾ ഇല്ലാതാക്കാനുള്ള പദ്ധതികൾ ഗ്രാമസഭകൾ വഴി കണ്ടെത്തി അംഗീകാരം നേടി വേണം നിർവ്വഹണം നടത്തുവാൻ. മിഷൻ അന്ത്യോദയ സർവ്വേയുടെ റിപ്പോർട്ടുകൾക്കും കണ്ടെത്തലുകൾക്കും ഗ്രാമസഭകളുടെ അംഗീകാരം ആവശ്യമാണ് എന്നത് ഗ്രാമപഞ്ചായത്തുകളെ കേന്ദ്രബിന്ദു (Focal Point) വാക്കിക്കൊണ്ടുള്ള സംയോജനവും ഉത്തരവാദിത്വവും ഉള്ള ഒരു വികസന ചട്ടക്കൂട് തന്നെ സൃഷ്ടിക്കുക എന്നതും ഇതിന്റെ ഭാഗമാണ്. ഭരണഘടനയുടെ പതിനൊന്നാം പട്ടികയിൽ പ്രാദേശിക സർക്കാറുകൾക്ക് അധികാര കൈമാറ്റം നൽകിയിട്ടുള്ള 29 വിഷയങ്ങളുടെ പരിധിയിൽ വരുന്ന മന്ത്രാലയങ്ങൾ വഴി ലഭിക്കുന്ന ധനസ്രോതസ്സകളുടെയും കേന്ദ്ര, സംസ്ഥാന, പ്രാദേശിക സർക്കാരുകളുടെ താഴെ തട്ടിലുള്ള ഏകത്രകേന്ദ്രീകരണവും (convergence) GPDP യിൽ കേന്ദ്ര സർക്കാർ ലക്ഷ്യം വെക്കുന്നുണ്ട്. GPDP വഴി ഏറ്റെടുക്കുന്ന പദ്ധതികൾ ഗ്രാമസഭയുടെ അംഗീകാരത്തോടെ

eGramSwaraj പോർട്ടലിന്റെ ഭാഗമാക്കേണ്ടതും പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ പൊതുസ്ഥലങ്ങളിൽ നോട്ടീസ് ബോർഡുകളിൽ പ്രദർശിപ്പിക്കേണ്ടതുമാണ്.

മിഷൻ അന്ത്യോദയ സർവ്വെ 2020

അടിസ്ഥാന വികസനം, മാനവ വികസനം, സാമൂഹ്യ വികസനം എന്നിവയുടെ അടിസ്ഥാനത്തിൽ രാജ്യത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലെയും അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച് വിവരശേഖരണം നടത്തുകയും റാങ്കിംഗ് നടത്തുകയുമാണ് മിഷൻ അന്ത്യോദയ സർവ്വേയിലൂടെ ലക്ഷ്യമിടുന്നത്. സർവ്വേയിലൂടെ ലഭിക്കുന്ന വിവരശേഖരണവും അവ ഉപയോഗിച്ച് കൊണ്ട് മിഷൻ അന്ത്യോദയ പരിപാടി നടത്താനുള്ള Base Line Data ലഭ്യമാക്കുകയുമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. വിവര ശേഖരണത്തിനായി തയ്യാറാക്കിട്ടുള്ള ഷെഡ്യൂളിൽ പാർട്ട് A, പാർട്ട് B എന്നിങ്ങനെ രണ്ട് ഭാഗമാണുള്ളത്. പാർട്ട് A യിൽ ഭരണഘടനയുടെ പതിനൊന്നാം പട്ടികയിൽ പ്രതിപാദിക്കുന്ന 29 വിഷയങ്ങളിൽ ഗ്രാമപഞ്ചായത്തുകളിൽ ലഭ്യമായ അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച 112 ചോദ്യങ്ങളും പാർട്ട് B യിൽ ആരോഗ്യപോഷകാഹാരം, സാമൂഹ്യ സുരക്ഷിതത്വം, ജലപരിപാലനം, കൃഷിയും ജീവനോപാധികളും, ഗവേണൻസ് എന്നീ അഞ്ച് മേഖലയുമായി ബന്ധപ്പെട്ട് ഗ്രാമീണ ജനതക്ക് ഗ്രാമപഞ്ചായത്തുകൾ വഴി ലഭ്യമാകുന്ന സേവനങ്ങൾ സംബന്ധിച്ച 31 ചോദ്യങ്ങളും ഉൾപ്പെടെ ആകെ 34 പരാമീറ്ററുകളിലായി 143 ചോദ്യങ്ങളാണ് വിവരശേഖരണത്തിനായുള്ള ഷെഡ്യൂളിൽ ഉള്ളത്. ഗ്രാമപഞ്ചായത്തുകളിൽ ലഭ്യമായ സൗകര്യങ്ങളുടെ ലൊക്കേഷനും ഫോട്ടോയും സഹിതമുള്ള ജിയോ റഫറൻസിംഗ് ആവശ്യമുള്ള 39 ചോദ്യങ്ങളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2021-22ൽ ഗ്രാമപഞ്ചായത്തുകൾ GPDP തയ്യാറാക്കുമ്പോൾ വികസന വിടവുകൾ നികത്തുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കേണ്ടത് ഈ സർവ്വേയുടെ അടിസ്ഥാനത്തിലാവണം. 2020 ഒക്ടോബർ 2 ന് തന്നെ രാജ്യത്തെ 2,68,624 ഗ്രാമപഞ്ചായത്തുകളിൽ മിഷൻ അന്ത്യോദയ സർവ്വേയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആരംഭിച്ച് കഴിഞ്ഞു.

കേരളത്തിലെ വികസന ചാലക ശക്തി ജനകീയാസൂത്രണം ആണെന്ന് തിരിച്ചറിഞ്ഞ കേന്ദ്ര സർക്കാർ അതേ മാതൃകയിൽ രാജ്യത്തെ മുഴുവൻ സംസ്ഥാനങ്ങളിലും People Plan Campaign ന് 2017ൽ തുടക്കം കുറിക്കുകയും ഗ്രാമപഞ്ചായത്ത് വികസന പദ്ധതി (GPDP) എന്ന പേരിൽ അത് രാജ്യത്തെ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും ആരംഭിക്കുകയും ചെയ്യുകയുണ്ടായി.

മിഷൻ അന്ത്യോദയ സർവ്വേയും കേരളവും

2017- 18 ൽ മിഷൻ അന്ത്യോദയ സർവ്വേയുടെ ഒന്നാം ഘട്ടത്തിൽ രാജ്യത്തെ 45000 ഗ്രാമപഞ്ചായത്തുകളിൽ മാത്രമേ സർവ്വേ നടക്കുകയുണ്ടായിട്ടുള്ളൂ. കേരളത്തിലെ 195 ഗ്രാമ പഞ്ചായത്തുകളും 2017-18 ൽ സർവ്വേ നടത്തുകയുണ്ടായി. കുടുംബശ്രീ മിഷൻ ആയിരുന്നു മിഷൻ അന്ത്യോദയ വിവരശേഖരണ നോഡൽ ഏജൻസിയായി പ്രവർത്തിച്ചത്. എന്നാൽ 2019 ൽ ദേശിയ തലത്തിൽ 2,47,910 ഗ്രാമപഞ്ചായത്തുകളിൽ സർവ്വെ നടത്തുകയുണ്ടായി. സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ്, പഞ്ചായത്ത് വകുപ്പ്, സംസ്ഥാന ആസൂത്രണ ബോർഡും സർവ്വേ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയുണ്ടായി. സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായത്തുകളിൽ 939 ലും സർവ്വേ നടത്തി റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയുണ്ടായി. ദേശീയ തലത്തിൽ പ്രസിദ്ധീകരിച്ച 2019 ലെ സർവ്വേ റിപ്പോർട്ട് പ്രകാരം പരമാവധി സ്കോർ 100 ആയിരിക്കെ രാജ്യത്തെ 62% ഗ്രാമപഞ്ചായത്തുകളുടെയും ശരാശരി സ്കോർ 50 ൽ താഴെ മാത്രമായിരുന്നു. ഒരു ശതമാനം ഗ്രാമ പഞ്ചായത്തുകൾ മാത്രമേ 80 ന് മുകളിൽ സ്കോർ ചെയ്തിട്ടുള്ളൂ. കേരളത്തിൽ സർവ്വേ നടത്തിയ 939 ഗ്രാമ പഞ്ചായത്തുകളിൽ 905ലും ശരാശരി സ്കോർ 60 ന് മുകളിലായിരുന്നു. റിപ്പോർട്ട് പ്രകാരം രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളെക്കാളും ദേശിയ ശരാശരിയേക്കാളും ഏറെ മുകളിൽ ഏറ്റവും ഉയർന്ന ശരാശരി സ്കോർ 72 നേടിക്കൊണ്ട് കേരളം ഒന്നാം സ്ഥാനത്ത് എത്തുകയുമുണ്ടായി. ഗുജറാത്ത് (64), ആന്ധ്രാപ്രദേശ് (61), തമിഴ് നാട് (60) എന്നിവർ യഥാക്രമം 2,3,4 സ്ഥാനത്ത് നിൽക്കുന്നു. മഹാരാഷ്ട്ര (47), രാജസ്ഥാൻ (45), ബീഹാർ (44), മധ്യപ്രദേശ് (43), ഒറീസ്സ (43), ഉത്തർപ്രദേശ് (41), ജാർഖണ്ഡ് (34) ഉം സ്കോർ നേടുകയുണ്ടായി. റിപ്പോർട്ട് പ്രകാരം രാജ്യത്തെ ഗ്രാമ പഞ്ചായത്തുകളിൽ ശിശു വികസനത്തിൽ ഒന്നാം സ്ഥാനവും, ശുചിത്വം, കുടിവെള്ളം എന്നിവയിൽ രണ്ടാം സ്ഥാനവും, കൃഷിയിൽ അഞ്ചാം സ്ഥാനത്തുമാണ് കേരളം.

ഗ്രാമീണ വികസനതലത്തിലെ ചില കാണാപ്പുറങ്ങൾ

സംസ്ഥാനത്ത് മിഷൻ അന്ത്യോദയ സർവ്വേ പ്രവർത്തനങ്ങൾക്ക് ആരംഭം കുറിച്ച് കഴിഞ്ഞിരിക്കുന്നു. 2020 നവംബർ 15നകം ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പൂർത്തികരിക്കാനാണ് ലക്ഷ്യം വെക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ 2021-22 ലേക്കുള്ള GPDP രൂപീകരണ പ്രവർത്തനങ്ങൾ ഉടനെ ആരംഭിക്കാനും തയ്യാറെടുക്കുകയാണ്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ 2020-21 സാമ്പത്തിക വർഷത്തേക്ക് കേരളത്തിലെ ഗ്രാമീണ പ്രാദേശിക സർക്കാറുകൾക്ക് ഗ്രാന്റായി അനുവദിച്ചത് 1628 കോടി രൂപയാണ്. ഈ തുക ഉപയോഗിച്ച് ഏറ്റെടുത്ത പദ്ധതികൾ GPDP യുടെ പോർട്ടലായ eGramSwaraj-ൽ അപ് ലോഡ് ചെയ്യാനും സംസ്ഥാനങ്ങൾക്ക് കേന്ദ്ര ഗ്രാമവികസന മന്ത്രാലയം നിർദ്ദേശം നൽകിയിട്ടുണ്ട്. മിഷൻ അന്ത്യോദയ സർവ്വേയുടെ അടിസ്ഥാനത്തിൽ വികസന വിടവുകൾ കണ്ടെത്തി വികസന പദ്ധതികൾ ഏറ്റെടുക്കണമെന്ന് കേന്ദ്ര സർക്കാർ പറയുമ്പോഴും ധനകാര്യ കമ്മീഷൻ വിഹിതമായി കേരളത്തിലെ ഗ്രാമീണ പ്രാദേശിക സർക്കാറുകൾക്ക് നൽകിയ 1628 കോടി രൂപയിൽ 814 കോടിയും പ്രത്യേക ഉദ്ദേശ (Tied Aid) ഗ്രാന്റായിട്ടാണ് നൽകിയിരിക്കുന്നത്. ഈ തുക കുടിവെള്ളം, ശുചിത്വം, മാലിന്യ സംസ്കരണം, ജലസംരക്ഷണം എന്നീ മേഖലകളിൽ മാത്രമേ വിനിയോഗിക്കാവൂ എന്ന് പ്രത്യേകം നിർദ്ദേശിക്കുമ്പോൾ തന്നെ പ്രാദേശിക സർക്കാരുകൾക്ക് വികസന വിടവുകൾ നികത്തുവാൻ തുക ആവശ്യമായി വരുന്ന പല മേഖലകളും പരിഗണിക്കപ്പെടാതെ പോവുകയാണ്. ധനകാര്യ കമ്മീഷൻ ഗ്രാന്റ് പയോഗിച്ച് ഏറ്റെടുത്ത പദ്ധതികളുടെ പ്രകടനം വിലയിരുത്തിയതിന് ശേഷം മാത്രമേ അടുത്ത സാമ്പത്തിക വർഷം മുതൽ ഫണ്ടനുവദിക്കൂ എന്നതും മുൻകൂട്ടി കാണേണ്ടത് തന്നെയാണ്. GPDP യിലൂടെ ജനകീയാസൂത്രണത്തിന്റെ ദിശ കേന്ദ്രം നിശ്ചയിക്കുന്ന രീതിയിലേക്ക് കൊണ്ടുപോകുന്നതിനുള്ള ഇടപെടലുകളായി പലരും ഇതിനെ വിലയിരുത്തുന്നുണ്ട്. റാങ്കിങ്ങിൽ ഉയർന്ന സ്കോറിലേക്ക് കേരളം കുതിക്കുമ്പോഴും വികസന വിടവുകൾ സംസ്ഥാനത്ത് കുറവാണെന്ന കണ്ടെത്തലിലേക്ക് പോയാൽ വരും വർഷങ്ങളിൽ പ്രാദേശിക സർക്കാറുകൾക്ക് നൽകുന്ന ഗ്രാന്റിന്റെ മാനദണ്ഡങ്ങളും മാറുവാൻ സാധ്യതയുണ്ടെന്നാണ് 2020-21 വർഷത്തേക്ക് മാത്രമായി ഇറക്കിയിട്ടുള്ള പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിൽ നിന്നും മനസ്സിലാക്കേണ്ടത്. ലോക പരിവർത്തനത്തിനായി സുസ്ഥിര വികസന അജണ്ട 2030 (2030-Agenda for Sustainable Development) മുന്നോട്ട് വയ്ക്കുന്ന ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനായി ദാരിദ്ര്യത്തിന്റെ ബഹുമുഖ തലങ്ങളോട് പ്രതികരിക്കാനും ജീവന്റെയും ജീവനോപാധികളുടെയും സുസ്ഥിരവികസനം സാധ്യമാക്കാനുള്ള കേന്ദ്രബിന്ദുവായി നമ്മുടെ പഞ്ചായത്തുകൾ മാറുന്നിടത്താണ് മിഷൻ അന്ത്യോദയ ലക്ഷ്യംവയ്ക്കുന്ന ഗ്രാമീണ പരിവർത്തനം സാധ്യമാവുന്നത്. ☐

ലേഖകൻ ഡെപ്യൂട്ടി ജില്ലാ പ്ലാനിംഗ് ഓഫീസറാണ്.

ഈ സർക്കാരിന്റെ കാലയളവിൽ തന്നെ മുഴുവൻ തദ്ദേശഭരണസ്ഥാപനങ്ങളെയും ശുചിത്വപദവിയിലെത്തിക്കും: മുഖ്യമന്ത്രി

ശുചിത്വം എന്നത് നാടിന്റെ പ്രാഥമിക ചുമതലയാണെന്നത് എല്ലാ തദ്ദേശസ്ഥാപനങ്ങളും മനസ്സിൽവെക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ഈ സർക്കാരിന്റെ കാലയളവിൽതന്നെ മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങളെയും ശുചിത്വ പദവിയിലും ഭൂരിഭാഗം തദ്ദേശസ്ഥാപനങ്ങളെയും സമ്പൂർണ ശുചിത്വപദവിയിലും എത്തിക്കുകയാണ് ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു. 501 ഗ്രാമപഞ്ചായത്തുകളും 58 നഗരസഭകളും 30 ബ്ലോക്ക് പഞ്ചായത്തുകളും ശുചിത്വപദവിയിലേക്ക് ഉയർത്തുന്നതിന്റെ പ്രഖ്യാപനം ഓൺലൈനായി നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

വിവിധ മേഖലകളിൽ ഒട്ടേറെ ചുമതലകൾ നിർവഹിക്കുന്നവരാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ. എന്നാൽ, തങ്ങളുടെ അതിർത്തിയെ മാലിന്യമുക്തമാക്കി നിർത്തുകയെന്നതാണ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രാഥമിക ചുമതല. ഒരു നാടിന്റെ വികസന നിലവാരം അളക്കാനുള്ള പ്രധാനമാർഗ്ഗമാണ് ശുചിത്വം. നമ്മൾ എത്ര വികസിച്ചു എന്നുപറഞ്ഞാലും മൂക്കുപൊത്തി നടക്കേണ്ട അവസ്ഥ വന്നാൽ അത് വികസനത്തിന് ഏൽക്കുന്ന തിരിച്ചടി തന്നെയാണ്. അതുപോലെ എത്ര സംസ്കാരസമ്പന്നരാണെന്ന് പറഞ്ഞാലും സാംസ്കാരികനിലവാരം അളക്കാവുന്ന പ്രധാന മാനദണ്ഡവും ശുചിത്വം തന്നെയാണ്.

മലയാളികൾ വ്യക്തി ശുചിത്വത്തിൽ തത്പരരാണെങ്കിലും ചുറ്റുമുള്ള പ്രദേശത്ത് മാലിന്യം കുന്നുകൂടുന്ന അവസ്ഥയായിരുന്നു. അത്തരമൊരു ഘട്ടത്തിലാണ് നമ്മുടെ നാടിന്റെ ശുചീകരണം ഉറപ്പുവരുത്തുക, എല്ലായിടവും വൃത്തിയായിരിക്കുക, വിവിധ ജലസ്രോതസുകളിലെ വെള്ളം ശുദ്ധമായിരിക്കുക, കിണറുകൾ, കുളങ്ങൾ തുടങ്ങിയവ ശുചിയായിരിക്കുക തുടങ്ങിയവ ഉറപ്പാക്കാനുള്ള നടപടികൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പൂർണ്ണ പങ്കാളിത്തത്തോടെ നാടിന്റെയാകെ സഹകരണത്തോടെ നടപ്പിലാക്കണമെന്ന് സർക്കാർ തീരുമാനിച്ചത്. അതിന് മുൻകൈയെടുക്കാനാണ് ഹരിത കേരളം മിഷൻ രൂപീകരിച്ചത്. ഹരിതകേരളം മിഷൻ വഴി ലക്ഷ്യമിട്ടതിൽ പ്രധാനപ്പെട്ട കാര്യം പൂർണ്ണതയിലെത്തുന്നതിന്റെ ചാരിതാർത്ഥ്യത്തിലാണ് നമ്മൾ.

ഖരമാലിന്യസംസ്കരണത്തിന് മികച്ച അടിസ്ഥാന സൗകര്യമൊരുക്കിയ തദ്ദേശ സ്ഥാപനങ്ങൾക്ക് ശുചിത്വപദവി നൽകുക, തുടർന്ന് ദ്രവ മാലിന്യം ഉൾപ്പെടെ സമ്പൂർണ മാലിന്യ സംസ്കരണസംവിധാനങ്ങൾ ഒരുക്കുന്ന മുറയ്ക്ക് സമ്പൂർണ ശുചിത്വ പദവി നൽകുക എന്നതായിരുന്നു സർക്കാർ തീരുമാനിച്ചത്. നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി 250 തദ്ദേശഭരണ സ്ഥാപനങ്ങളെ ആദ്യഘട്ടത്തിൽ ശുചിത്വപദവിയിലേക്ക് എത്തിക്കാനായിരുന്നു ലക്ഷ്യമിട്ടിരുന്നത്. എന്നാൽ, അതിലുമിരട്ടി തദ്ദേശസ്ഥാപനങ്ങളെ ഈ പദവിയിൽ എത്തിക്കാനായത് വലിയ കാര്യമാണ്. നമ്മുടെ കാമ്പയിന്റെ ഭാഗമായി വലിയ മാറ്റം നാട്ടിലാകെ വന്നത് യാഥാർത്ഥ്യമാണ്. അതിൽ തദ്ദേശസ്ഥാപനങ്ങൾ ക്രിയാത്മകമായ പങ്കുവഹിച്ചുവെന്നതും വസ്തുതയാണ്. ശുദ്ധമായ മണ്ണ്, വെള്ളം, വായു എന്നിവ ഉറപ്പാക്കാനും സുരക്ഷിത ഭക്ഷണവും ജൈവകൃഷിയും ഉറപ്പാക്കുകയുമായിരുന്നു ഹരിതകേരളം മിഷന്റെ പ്രധാന ലക്ഷ്യങ്ങൾ. ഇവയിൽ വലിയൊരു പങ്ക് നേടിയെടുക്കാനും നല്ല അവബോധം സൃഷ്ടിക്കാനുമായിട്ടുണ്ട്. നാട്ടുകാർ തന്നെ സ്വയമേവ മുന്നോട്ടുവന്ന് നദികളും ജലസ്രോതസ്സുകളും വീണ്ടെടുത്തതും ഇതിന്റെ ഭാഗമാണ്.

എല്ലാ തദ്ദേശസ്ഥാപനങ്ങളിലും ജലഗുണനിലവാര പരിശോധനാ ലാബുകൾ സ്ഥാപിക്കുന്നതിനു തുടക്കമായതും നെല്ല്, പച്ചക്കറി കൃഷികൾ തുടങ്ങിയവ വലിയതോതിൽ വർദ്ധിപ്പിക്കാനായതുമൊക്കെ ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങളുടെയും അതുമൂലമുണ്ടായ അവബോധത്തിന്റെയും ഭാഗമായാണ്. ഈ പ്രവർത്തനങ്ങളുടെ തുടർച്ചയും അംഗീകാരവുമായാണ് തദ്ദേശസ്ഥാപനങ്ങൾക്ക് ശുചിത്വപദവി നൽകുന്നത്.

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ജൈവ-അജൈവ മാലിന്യങ്ങളും ഇ-മാലിന്യങ്ങളും കൈകാര്യം ചെയ്യാൻ സമഗ്ര പദ്ധതി സംസ്ഥാനത്തുണ്ടായിരുന്നില്ല. ഈ പ്രശ്നം പരിഹരിക്കാനുള്ള പ്രധാന ദൗത്യം തന്നെയാണ് സർക്കാർ ഏറ്റെടുത്തത്. വിവിധ മാലിന്യ സംസ്കരണരീതികൾ അതിന്റെ ഭാഗമായി ഹരിതകേരളം മിഷൻ വഴി നടപ്പാക്കാനായി. ഉറവിട മാലിന്യ സംസ്കരണം, തുമ്പൂർമുഴി മോഡൽ, ഏറോബിക് കമ്പോസ്റ്റിംഗ്, ജൈവമാലിന്യങ്ങൾ വളമാക്കുന്ന യൂണിറ്റുകൾ ഇവയെല്ലാം ഇതിൽ ചിലതാണ്.

പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ

പച്ചത്തുരുത്തുകൾ സൃഷ്ടിച്ച് കേരളത്തെ കാർബൺ ന്യൂട്രൽ സംസ്ഥാനമാക്കണം

പിണറായി വിജയൻ

കൂടുതൽ പച്ചത്തുരുത്തുകൾ സൃഷ്ടിച്ച് കേരളത്തെ കാർബൺ ന്യൂട്രൽ പ്രദേശമാക്കാനുള്ള പ്രവർത്തനങ്ങൾ നടത്തണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സംസ്ഥാനത്ത് ആയിരത്തിലധികം പച്ചത്തുരുത്തുകൾ പൂർത്തിയാക്കിയതിന്റെ പ്രഖ്യാപനം വീഡിയോ കോൺഫറൻസിലൂടെ നിർവഹിക്കുകയായിരുന്നു അദ്ദേഹം. 1260 പച്ചത്തുരുത്തുകളാണ് ഇതുവരെ പൂർത്തിയാക്കിയത്. പക്ഷികളുടേയും ചെറുജീവികളുടേയും ആവാസ കേന്ദ്രമായി പല പച്ചത്തുരുത്തുകളും ഇതിനകം മാറിയതായും ജൈവവൈവിധ്യത്തിലും ആവാസവ്യവസ്ഥയിലും കണ്ടറിയാവുന്ന മാറ്റങ്ങൾ സൃഷ്ടിക്കാൻ ഇതിലൂടെ കഴിഞ്ഞതായും മുഖ്യമന്ത്രി പറഞ്ഞു. നാടിനെ സംരക്ഷിക്കുന്ന ചുമതലയാണ് വൃക്ഷങ്ങളുടെ പരിപാലനത്തിലൂടെ നിറവേറ്റപ്പെടുന്നത്. എല്ലാ വർഷവും ആയിരം പച്ചത്തുരുത്തുകൾ എങ്കിലും സൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഹരിതകേരളം മിഷൻ കൈവരിച്ച ഈ നേട്ടം ഭാവിയിലേക്കുള്ള വലിയ നിക്ഷേപമാണെന്നും മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. സർക്കാർ ഭൂമിക്ക് പുറമേ സ്വകാര്യ ഭൂമിയിലും സ്ഥാപനങ്ങളിലും പച്ചത്തുരുത്തുകൾ നിർമ്മിക്കാൻ സന്നദ്ധരാകണമെന്നും അദ്ദേഹം പറഞ്ഞു. പച്ചത്തുരുത്ത് പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ട് മുഖ്യമന്ത്രി പ്രകാശനം ചെയ്തു.

പരിസ്ഥിതിയേയും കേരളത്തിന്റെ ജൈവവൈവിധ്യ കലവറയേയും സംരക്ഷിക്കാനുള്ള മാതൃകാപരമായ പ്രവർത്തനമാണ് പച്ചത്തുരുത്തിലൂടെ യാഥാർത്ഥ്യമാക്കിയതെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ.സി. മൊയ്തീൻ പറഞ്ഞു. പച്ചത്തുരുത്ത് ആരംഭിക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അതിനുള്ള നടപടികൾ സ്വീകരിക്കണം. സാമൂഹിക ഉത്തരവാദിത്തത്തോടെയും ജനപങ്കാളിത്തത്തോടെയുമാണ് സംസ്ഥാനത്ത് ഇത്തരം പ്രവർത്തനങ്ങൾ സർക്കാർ സംഘടിപ്പിച്ച് വരുന്നതെന്നും മന്ത്രി അഭിപ്രായപ്പെട്ടു. തുടർന്ന് 1261-ാമതായി തുടങ്ങിയ നെടുമങ്ങാട് ബ്ലോക്കിലെ പച്ചത്തുരുത്തിൽ വൃക്ഷത്തൈകൾ നട്ടു. ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ. ടി.എൻ.സീമ, തദ്ദേശഭരണ സ്ഥാപനമേധാവികൾ, മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് മിഷൻ ഡയറക്ടർ ഡോ. ദിവ്യ എസ്. അയ്യർ ഐ.എ.എസ്., ഐ.ടി.മിഷൻ ഡയറക്ടർ ഡോ. ചിത്ര എസ്. ഐ.എ.എസ്., അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഇ. പ്രദീപ്കുമാർ എന്നിവർ സംസാരിച്ചു. തുടർന്ന് പച്ചത്തുരുത്തുകൾ പൂർത്തിയാക്കിയ സംസ്ഥാനത്തെ വിവിധ തദ്ദേശ സ്ഥാപനങ്ങളിൽ ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും അനുമോദന പത്രം നൽകി.

മാലിന്യങ്ങളുടെ ശേഖരണത്തിനായി കുടുംബശ്രീയുടെ നേതൃത്വത്തിൽ ഹരിതകർമ്മസേനകളും രൂപീകരിച്ചിരുന്നു. 850 ഗ്രാമപഞ്ചായത്തുകൾ, 88 നഗരസഭകൾ എന്നിവിടങ്ങളിൽ ഹരിതകർമ്മസേനയുടെ 1551 സംരംഭക ഗ്രൂപ്പുകളാണ് ഇപ്പോൾ നിലവിലുള്ളത്. ഇവർ ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ തരംതിരിച്ച് പുനഃചംക്രമണത്തിനായി ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്ന ശൃംഖല പൂർത്തിയായതോടെ അജൈവമാലിന്യ പ്രശ്നത്തിനും വലിയ അളവിൽ പരിഹാരമായി. ക്ലീൻ കേരള ഇ-മാലിന്യ ശേഖരണവും ആരംഭിച്ചിട്ടുണ്ട്. എന്നാൽ, ചിലയിനം മാലിന്യങ്ങൾ സംസ്കരിക്കാൻ കേന്ദ്രീകൃത സംസ്കരണ പ്ലാന്റുകൾ വേണം.

മാലിന്യസംസ്കരണത്തിൽ സർക്കാർ മുന്നോട്ടുവെച്ച നിർദ്ദേശങ്ങൾ ഫലപ്രദമായി നടപ്പാക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിയുന്നത് ശ്ലാഘനീയമായ കാര്യമാണ്. മാലിന്യസംസ്കരണം സാമൂഹ്യ ഉത്തരവാദിത്തമായി ഏറ്റെടുത്തതിനാലാണ് കൂടുതൽ തദ്ദേശസ്ഥാപനങ്ങൾക്ക് ഈ നേട്ടം കൈവരിക്കാനായതെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു. ചടങ്ങിൽ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ. സി. മൊയ്തീൻ അധ്യക്ഷത വഹിച്ചു. ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ. ടി. എൻ. സീമ ഉൾപ്പെടെയുള്ളവർ സംബന്ധിച്ചു.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ ഹരിതകേരളം മിഷൻ, ശുചിത്വ മിഷൻ, ക്ലീൻകേരള കമ്പനി, കുടുംബശ്രീ, തൊഴിലുറപ്പ് മിഷൻ എന്നിവ സംയുക്തമായി ആവിഷ്കരിച്ച നടപടിക്രമങ്ങളിലൂടെയാണ് ഖരമാലിന്യ സംസ്കരണത്തിൽ മികവു തെളിയിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശുചിത്വ പദവിക്കായി തിരഞ്ഞെടുത്തത്. 501 ഗ്രാമപഞ്ചായത്തുകളും 58 നഗരസഭകളും 30 ബ്ലോക്കുപഞ്ചായത്തുകളുമാണ് നേട്ടം കൈവരിച്ചത്.

സമ്പൂർണ്ണ ശുചിത്വ പദവിയിലേക്കുള്ള ആദ്യപടിയാണ് ഖരമാലിന്യ സംസ്കരണത്തിൽ മികവുതെളിയിച്ച തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന ശുചിത്വ പദവി. ഖരമാലിന്യത്തിന് പുറമേ ദ്രവ-വാതക മാലിന്യ സംസ്കരണ മാർഗ്ഗങ്ങളുൾപ്പെടെ ശുചിത്വ മാലിന്യ സംസ്കരണ രംഗത്തെ സകല ഘടകങ്ങളും പ്രാവർത്തികമാക്കുമ്പോൾ തദ്ദേശ സ്ഥാപനങ്ങൾക്ക് സമ്പൂർണ്ണ ശുചിത്വ പദവി നൽകും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇപ്പോൾ കൈവരിച്ച നേട്ടത്തിലൂടെ സംസ്ഥാനത്തിന്റെ പകുതിയിലേറെ ഭൂപ്രദേശത്ത് ശാസ്ത്രീയ ഖരമാലിന്യ സംസ്കരണം പരമാവധി പ്രാവർത്തികമാക്കപ്പെടുകയാണ്.

ജൈവ മാലിന്യം ഉറവിടത്തിൽ സംസ്കരിക്കുക, അജൈവ മാലിന്യ സംസ്കരണത്തിനാവശ്യമായ സംവിധാനം സജ്ജമാക്കുക, അജൈവ മാലിന്യ ശേഖരണത്തിന് ഹരിതകർമ്മസേനയുടെ സേവനവും സൂക്ഷിക്കുന്നതിന് മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയും ഒരുക്കുക, പൊതു സ്ഥലങ്ങൾ മാലിന്യമുക്തമാക്കുക, സർക്കാർ ഓഫീസുകളിലും പൊതു സ്വകാര്യ ചടങ്ങുകളിലും ഗ്രീൻപ്രോട്ടോക്കോൾ നടപ്പിലാക്കുക തുടങ്ങി 20 നിബന്ധനകൾ സൂചകങ്ങളായി നിശ്ചയിച്ചുള്ള സർക്കാർ ഉത്തരവ് പാലിച്ചാണ് ശുചിത്വ പദവി നിർണ്ണയം നടത്തിയത്. 100 ൽ 60 മാർക്കിനുമുകളിൽ ലഭിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് ശുചിത്വ പദവിക്ക് അർഹത നേടിയത്.

☐

ഒരു ലക്ഷം മെട്രിക് ടൺ വീതം പച്ചക്കറി, കിഴങ്ങുവർഗ്ഗ അധിക ഉത്പാദനം ലക്ഷ്യം: മുഖ്യമന്ത്രി

16 ഭക്ഷ്യവിളകൾക്ക് അടിസ്ഥാന വില (തറവില) പ്രഖ്യാപിച്ചു

വർഷം ഒരു ലക്ഷം മെട്രിക് ടൺ വീതം പച്ചക്കറികളും കിഴങ്ങുവർഗ്ഗങ്ങളും അധികമായി ഉത്പാദിപ്പിക്കാനാവുമെന്നാണ് പ്രതീക്ഷയെന്നും അവയ്ക്ക് മികച്ച വിപണി ഉറപ്പാക്കാൻ പദ്ധതി തയാറാക്കമെന്നും പുതുതായി കൃഷിയിലേക്ക് വന്ന കർഷകർക്കും പരമ്പരാഗത കർഷകർക്കും കൈത്താങ്ങായി അടിസ്ഥാന വില പ്രഖ്യാപനം മാറുമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. രാജ്യത്താദ്യമായി 16 ഭക്ഷ്യവിളകൾക്ക് അടിസ്ഥാനവില (തറവില) പ്രഖ്യാപിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

വർഷങ്ങളായി കൃഷിയെ ആശ്രയിച്ച് ജീവിച്ചുവരുന്നവർക്ക് കരുത്തുപകരാനാണ് സർക്കാരിന്റെ കരുതൽ നടപടി. രാജ്യത്താകെ കർഷകർ പ്രക്ഷോഭങ്ങൾ ഉയർത്തിക്കൊണ്ടുവരുന്നതും നാം കാണുന്നുണ്ട്. ഇത്തരം കാര്യങ്ങളിൽ ഒരു ബദൽ മുന്നോട്ടുവെച്ച് കർഷകരെ പ്രധാനമായും ഉന്നംവെച്ച് കാർഷിക അഭിവൃദ്ധിക്കുതകുന്ന ഒട്ടേറെ നടപടികളുമായാണ് സർക്കാർ നാലര വർഷമായി പ്രവർത്തിക്കുന്നത്. മരച്ചീനി, ഏത്തവാഴ, കൈതച്ചക്ക, വെള്ളരി, പാവൽ, പടവലം, തക്കാളി, കാബേജ്, ബീൻസ് തുടങ്ങി നമ്മുടെ നാട്ടിൽ ഉത്പാദിപ്പിക്കുന്ന എല്ലാ പ്രധാന പച്ചക്കറികളും തറവിലനിർണ്ണയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോ വിളയുടെയും ഉത്പാദന ചെലവിനൊപ്പം 20 ശതമാനം തുകയാണ് അധികമായി ചേർത്തിരിക്കുന്നത്. പച്ചക്കറികൾക്ക് നിശ്ചിത വിലയേക്കാൾ കുറഞ്ഞവില വിപണിയിൽ ഉണ്ടാവുകയാണെങ്കിൽ ഇവ സംഭരിച്ച് തറവില അനുസരിച്ചുള്ള തുക കർഷകന്റെ അക്കൗണ്ടിൽ നൽകും. ഉത്പന്നത്തിന്റെ ഗുണനിലവാരം ഉറപ്പാക്കിയായിരിക്കും കർഷകർക്ക് തറവില നൽകുന്നത്. ഗുണനിലവാരം ഉറപ്പാക്കാൻ സംഭരണപ്രക്രിയയിൽ തന്നെ ഗ്രേഡ് നിശ്ചയിക്കും. കാലാകാലങ്ങളിൽ തറവില പുതുക്കാനുള്ള വ്യവസ്ഥയുമുണ്ട്.

പ്രാദേശിക ഭക്ഷ്യ ഉത്പാദനത്തിലും കാർഷിക പദ്ധതികളും തീരുമാനിക്കുന്നതിലും അതത് തദ്ദേശസ്ഥാപനങ്ങൾക്കും നിർണ്ണായക പങ്കുണ്ട്. അവരാണ് സംഭരണ, വിതരണ സംവിധാനങ്ങൾ ഏകോപിപ്പിക്കുന്നത്. ഒരു കർഷന് ഒരു സീസണിൽ പരമാവധി 15 ഏക്കർ കൃഷിക്ക് ആനുകൂല്യം ലഭിക്കുന്ന വിധത്തിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കൃഷി വകുപ്പിന്റെ പോർട്ടലിൽ നവംബർ ഒന്നുമുതൽ രജിസ്ട്രേഷൻ ആരംഭിക്കും. എന്നാൽ പ്രൈമറി അഗ്രിക്കൾച്ചറൽ ക്രെഡിറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ വഴി സംഭരണം ഉദ്ദേശിക്കുന്ന കർഷകർക്ക് ആദ്യഘട്ടത്തിൽ തത്കാലം രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടില്ല. തറവില പ്രഖ്യാപിക്കപ്പെട്ടാൽ രജിസ്റ്റർ ചെയ്ത കർഷകർ കൃഷിവകുപ്പിന്റെ നോട്ടിഫൈഡ് വിപണിയിലേക്കും, സൊസൈറ്റികളിൽ അംഗങ്ങളായവർ നോട്ടിഫൈഡ് സൊസൈറ്റികളിലേക്കും ഉത്പന്നങ്ങൾ എത്തിക്കണം. കർഷകരിൽനിന്ന് സംഭരിക്കുന്ന പച്ചക്കറികൾ കൃഷിവകുപ്പിന്റെ വിപണികളിലൂടെയും പ്രൈമറി അഗ്രിക്കൾച്ചറൽ ക്രെഡിറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ തെരഞ്ഞെടുക്കപ്പെട്ട വിപണന ശൃംഖലകളിലൂടെയും വിറ്റഴിക്കും. കൂടുതലായി വരുന്ന ഉത്പന്നങ്ങൾ മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കുന്നതിനും ലക്ഷ്യമിടുന്നുണ്ട്. അതുകൊണ്ടുതന്നെ ഈ പദ്ധതി കാർഷികരംഗത്തിനാകെ ഉണർവുപകരും. ഇതിനാവശ്യമായ പിന്തുണ കൃഷിവകുപ്പും തദ്ദേശസ്ഥാപനങ്ങളും സഹകരണമേഖലയും ഒന്നിച്ചുനിന്ന് കർഷകർക്ക് നൽകുമ്പോൾ അത് കേരളത്തിനുണ്ടാക്കുന്ന മാറ്റം വലുതായിരിക്കും. ഇതുവഴി ഉത്പാദനം വലിയതോതിൽ വർദ്ധിക്കും. ഇവ കേട്ടുകൂടാതെ സംഭരിക്കാനും സംരക്ഷിക്കാനും വിപണനം ചെയ്യാനുമുള്ള പദ്ധതികൾ ആലോചിക്കുന്നുണ്ട്. എത്ര ഉത്പാദിപ്പിച്ചാലും ആശങ്കയുണ്ടാകേണ്ടതില്ല, അതിനുള്ള കരുതൽ നടപടികൾ സ്വീകരിക്കും.

> ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 1,96,000 ഹെക്ടറിലായിരുന്ന നെൽകൃഷി ഇപ്പോൾ രണ്ടേകാൽ ലക്ഷം ഹെക്ടറായി. നാലുവർഷം കൊണ്ട് ആഭ്യന്തര പച്ചക്കറി ഉത് പാദനം ഇരട്ടിയിലധികമാക്കാൻ കഴിഞ്ഞു. ഏഴുലക്ഷം മെട്രിക് ടൺ ഉണ്ടായിരുന്നത് 14 ലക്ഷം മെട്രിക് ടണ്ണിൽ അധികമായി.

സംസ്ഥാനത്ത് കാർഷികരംഗത്ത് വലിയതോതിൽ മാറ്റം ഉണ്ടാക്കാനായിട്ടുണ്ട്. നെൽകൃഷി, പച്ചക്കറി ഉത്പാദനം, പാലുത്പാദനം എന്നിവയിൽ വളർച്ചയുണ്ടായി. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 1,96,000 ഹെക്ടറിലായിരുന്ന നെൽകൃഷി ഇപ്പോൾ രണ്ടേകാൽ ലക്ഷം ഹെക്ടറായി. വർഷങ്ങളായി തരിശുകിടന്ന പ്രദേശങ്ങൾ കൃഷിചെയ്യുന്ന നിലയായി. നാലുവർഷം കൊണ്ട് ആഭ്യന്തര പച്ചക്കറി ഉത്പാദനം ഇരട്ടിയിലധികമാക്കാൻ കഴിഞ്ഞു. ഏഴുലക്ഷം മെട്രിക് ടൺ ഉണ്ടായിരുന്നത് 14 ലക്ഷം മെട്രിക് ടണ്ണിൽ അധികമായി.

സുഭിക്ഷകേരളം പദ്ധതിയിലൂടെ എല്ലാവരും കാർഷികരംഗത്തേക്ക് വരുന്ന നിലയുണ്ടായി. ജീവനി പദ്ധതിക്കും മികച്ച പ്രതികരണമാണ്. തദ്ദേശസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കാർഷികരംഗത്ത് വലിയ മുന്നേറ്റമാണ് ഉണ്ടാക്കാനായത്. പ്രവാസജീവിതം വിട്ട് തിരിച്ചുവന്നവരിൽ പലരും കാർഷികരംഗത്തേക്ക് തിരിയുന്നുണ്ട്. ഇതിനൊപ്പം വനിതകൾ, യുവജനങ്ങൾ എല്ലാമുൾപ്പെടെ വലിയൊരു ജനസമൂഹം ഇത് ഏറ്റെടുക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു. കൃഷി മന്ത്രി വി.എസ്.സുനിൽകുമാർ യോഗത്തിൽ അധ്യക്ഷത വഹിച്ചു. ☐

കേരളത്തെ മാതൃകയാക്കി

സ്വച്ഛ് ഭാരത് മിഷൻ - ഗ്രാമീൺ രണ്ടാം ഘട്ടം

■ ഫിലിപ്പ് പി.ഡി.

എസ്.ബി.എം II മാതൃകയാക്കിയിരിക്കുന്നത് കേരളത്തിലെ വികേന്ദ്രീകൃത മാലിന്യ സംസ്കരണ രീതിയെയാണ്. അജൈവ മാലിന്യം വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച് പഞ്ചായത്തുതലത്തിലുള്ള എം.സി.എഫിലേക്കും പിന്നീട് ബ്ലോക്ക് തലത്തിലുള്ള ആർ.ആർ.എഫിലേക്കും മാറ്റി മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുന്ന രീതിയെയാണ് കേരളത്തിൽ പിന്തുടരുന്നത്.

സ്വച്ഛ് ഭാരത് മിഷൻ 2014 ഒക്ടോബർ 2 നാണ് കേന്ദ്രസർക്കാർ പ്രഖ്യാപിച്ചത്. ഇന്ത്യ മുഴുവൻ വെളിയിട വിസർജ്ജ്യ വിമുക്ത പ്രദേശം (Open Defecation Free) ആയി നീക്കുന്നതിനുള്ള 5 വർഷത്തെ കർമ്മപദ്ധതി ആയിരുന്നു. കഴിഞ്ഞ 5 വർഷങ്ങളിലായി 10.28 കോടി കക്കൂസുകൾ രാജ്യമെമ്പാടും നിർമ്മിച്ചു. രാഷ്ട്രപിതാവിന്റെ 150-ാം ജന്മവാർഷികത്തിന്റെ ഭാഗമായി 2019 ഒക്ടോബർ 2ന് അഹമ്മദാബാദിൽ വച്ച് രാജ്യം വെളിയിട വിസർജ്ജ്യ വിമുക്ത (ODF) മായി പ്രഖ്യാപിച്ചു.

വരും വർഷങ്ങളിലും ODF സ്റ്റാറ്റസ് നിലനിർത്തേണ്ടതുണ്ട്. ഇതിനായി ബോധവത്ക്കരണ പ്രവർത്തനങ്ങൾ എല്ലാ വിഭാഗം ജനങ്ങളിലും എത്തിച്ചേരേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി രാജ്യത്തെ ഗ്രാമ പ്രദേശങ്ങൾ ODF സ്റ്റാറ്റസ് നിലനിർത്തുന്നതിനും മെച്ചപ്പെട്ട ശുചിത്വ മാലിന്യ സംസ്കരണ ഉപാധികൾ ഗ്രാമീണ മേഖലയിൽ നിർവ്വഹണം നടത്തുന്നതിനുമായി സ്വച്ഛ് ഭാരത് മിഷൻ (രണ്ടാം ഘട്ടം) ലക്ഷ്യംവയ്ക്കുന്നു. ഇതിനായി ആകെ 1,40,881 കോടി രൂപ ഭാരത സർക്കാർ വകയിരുത്തിയിരിക്കുന്നു.

പദ്ധതി നിർവ്വഹണ ചെലവുകൾ 60:40 അനുപാതത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ വഹിക്കേണ്ടതുണ്ട്. ഇതുകൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ ഒരു ഭാഗവും ഈ പദ്ധതിയ്ക്കായി നിർബന്ധമായും ഉപയോഗപ്പെടുത്തേണ്ടതാണ്. 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മഹാത്മാഗാന്ധി എൻ.ആർ.ജി.എസ് പദ്ധതി, മറ്റ് കേന്ദ്ര സംസ്ഥാന പദ്ധതികൾ, സി.എസ്.ആർ ഫണ്ട്, എം.പി, എം.എൽ.എ ഫണ്ടുകൾ എന്നിവ കൂടി ഉപയോഗിച്ച് കൺവേർജൻസ് രീതിയിൽ പദ്ധതി നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. വ്യക്തിഗത പദ്ധതികൾ എസ്.ബി.എം (ഗ്രാമീൺ) രണ്ടാം ഘട്ടം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനുള്ള വിഹിതം 15-ാം ധനകാര്യകമ്മീഷൻ വിഹിതം, പ്ലാൻ ഫണ്ട് തുടങ്ങിയ ധനസ്രോതസ്സുകളിൽ നിന്നാണ് കണ്ടെത്തേണ്ടത്. വ്യക്തിഗത കമ്പോസ്റ്റ് പിറ്റുകൾ, വ്യക്തിഗത സോക്കേജ് പിറ്റുകൾ മുതലായവ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാവുന്നതാണ്. എസ്.ബി.എം II മാതൃകയാക്കിയിരിക്കുന്നത് കേരളത്തിലെ വികേന്ദ്രീകൃത മാലിന്യ സംസ്കരണ രീതിയെയാണ്. അജൈവ മാലിന്യം വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച് പഞ്ചായത്തുതലത്തിലുള്ള എം.സി.എഫിലേക്കും പിന്നീട് ബ്ലോക്ക് തലത്തിലുള്ള ആർ.ആർ.എഫിലേക്കും മാറ്റി മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുന്ന രീതിയെയാണ് കേരളത്തിൽ പിന്തുടരുന്നത്. ഉപയോഗ ശൂന്യമായ പ്ലാസ്റ്റിക് പൊടിച്ച് റോഡ് ടാറിംങ്ങിനായി മാറ്റുന്നു. ഈ രീതി ദേശീയതലത്തിൽ അംഗീകാരം നേടി കഴിഞ്ഞിരിക്കുന്നു.

എസ്.ബി.എം II പ്രധാന ലക്ഷ്യങ്ങൾ

- ഒ ഡി എഫ് സ്റ്റാറ്റസ് നിലനിർത്തുക
- ഖര ദ്രവ മാലിന്യ സംസ്കരണ പദ്ധതികൾ ഗ്രാമ പ്രദേശത്ത് നടപ്പിലാക്കുക.
- എല്ലാ മേഖലകളിലും വ്യാപകമായ ബോധവത്ക്കരണ പദ്ധതികൾ
- വിവിധ കേന്ദ്ര/സംസ്ഥാനാവിഷ്കൃത പദ്ധതികളുമായിട്ടുള്ള സംയോജനം.
- 15- ാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ 25% ടൈഡ്ഡം (പ്ലാന്റിന്റെ 50%) തുക ശുചിത്വ മാലിന്യ- സംസ്കരണ മേഖലയിൽ ഉപയോഗപ്പെടുത്തണം.
- പൊതു സ്വകാര്യ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുക.

- ജനകീയ പങ്കാളിത്തത്തോടുകൂടി 2025 നകം ഭാരതത്തെ ഖര-ദ്രവ മാലിന്യ മുക്തമാക്കുക.

ഒ ഡി എഫ് സ്റ്റാറ്റസ് നിലനിർത്തൽ

ഒരു പഞ്ചായത്തിലെ മുഴുവൻ വീടുകൾ, വിദ്യാലയങ്ങൾ, പൊതുസ്ഥാപനങ്ങൾ, അംഗൻവാടികൾ എന്നിവിടങ്ങളിലെല്ലാം കക്കൂസ് സൗകര്യം നിർബന്ധമായും ലഭ്യമാക്കണം. ഇവ ഉപയോഗിക്കുവാൻ എല്ലാവർക്കും പ്രേരണ നൽകി തുറസ്സായ സ്ഥലത്തെ മലമൂത്ര വിസർജ്ജനവും മനുഷ്യ വിസർജ്ജ്യം കുടിവെള്ളവുമായി കലരുന്നതും പൂർണ്ണമായും ഒഴിവാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.

ഭവനങ്ങൾ തോറും മാലിന്യ ശേഖരണത്തിനുള്ള ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ, ഗ്രാമപഞ്ചായത്തുതലത്തിലുള്ള എം.സി.എഫ്, ബ്ലോക്ക് തലത്തിലുള്ള ആർ.ആർ.എഫ്, ക്ലീൻ കേരള കമ്പനി മുഖേന ഷ്രെഡഡ് പ്ലാസ്റ്റിക് റോഡ് ടാറിംങ്ങിനുള്ള ഉപയോഗം എന്നിവയൊക്കെ കേരളത്തിന്റെ സംഭാവനയാണ്.

ഖര മാലിന്യ സംസ്കരണം

ഗ്രാമപഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളിലും ഖരമാലിന്യം ശാസ്ത്രീയമായ രീതിയിൽ സംസ്കരിക്കണം. വീടുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും വൃത്തിയുള്ള അജൈവ മാലിന്യങ്ങൾ ശേഖരിച്ച് വാർഡ് തലത്തിലുള്ള മിനി എം.സി.എഫ്.ലോ പഞ്ചായത്ത് തലത്തിലുള്ള മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയിലോ തരംതിരിച്ച് സൂക്ഷിക്കണം. ജൈവ മാലിന്യങ്ങൾ അവ ഉത്പാദിപ്പിക്കുന്ന സ്ഥലത്തുതന്നെ ആളുകൾ സ്വന്തം ഉത്തരവാദിത്തത്തിൽ കമ്പോസ്റ്റിംഗ് രീതിയിലൂടെ സംസ്കരിക്കണം.

ദ്രവ മാലിന്യ സംസ്കരണം

ദ്രവ മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനായി (DEWATS) ജല നിർഗമന ചാലുകൾ (Drainage Network) സെഡിമെന്റേഷൻ കുളങ്ങൾ (Sedimentation Ponds) 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുക ഉപയോഗിച്ച് കമ്മ്യൂണിറ്റി സോക്കേജ് പിറ്റുകൾ എന്നിവ നിർമ്മിക്കണം.

എസ്.ബി.എം ഒറ്റനോട്ടത്തിൽ

ക്രമ നം.	ഘടകങ്ങൾ	വകയിരിത്താവുന്ന തുക			റിമാർക്സ്
		എസ്.ബി.എം	15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്/ പ്ലാൻ ഫണ്ട്	ആകെ	
1	വ്യക്തിഗത കക്കൂസ്	12000	3400	15400	ഒരു യൂണിറ്റിന്
2	കമ്മ്യൂണിറ്റി സാനിറ്ററി കോംപ്ലക്സ്	210000	90000	300000	ഒരു യൂണിറ്റിന്
3	ഖരമാലിന്യ സംസ്കരണ പദ്ധതികൾ (കമ്പോസ്റ്റ് സംവിധാനം) ട്രൈസൈക്കിൾ/ബാറ്ററി വാഹനം, പ്ലാസ്റ്റിക് ശേഖരണയൂണിറ്റ്	Population<5000 - Rs.42 Population>5000 -Rs.31.50	Rs.18 Rs.13.50		ഒരു വ്യക്തിക്ക് എന്ന നിരക്കിൽ
4	സോക്കേജ് സംവിധാനം				
5	ദ്രവമാലിന്യ സംസ്കരണ പദ്ധതികൾ	Population<5000 Rs.462 Population>5000 Rs.196	Rs.198 Rs.84		ഒരു വ്യക്തിക്ക് എന്ന നിരക്കിൽ
6	പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് യൂണിറ്റ് (ബ്ലോക്ക് തലം)	16,00,000			ഒരു യൂണിറ്റിന്
7	ഫീക്കൽ സ്ലഡ്ജ് ട്രീറ്റ്മെന്റ് പ്ലാന്റ് (ജില്ലാതലം)	50,00,000			ഒരു ജില്ലയ്ക്ക്
8	ഗോബർദ്ധൻ (ജില്ലാതലം)	Rs.230			ഒരു വ്യക്തിക്ക്
9	ഐ.ഇ.സി & ശേഷി വികസനം	3%			പ്രോഗ്രാം ഫണ്ടിന്റെ 3% (സംസ്ഥാനത്തിനും ജില്ലയ്ക്കും)
10	ഭരണചെലവ്	1%			പ്രോഗ്രാം ഫണ്ടിന്റെ 1% (സംസ്ഥാനത്തിനും ജില്ലയ്ക്കും)

സമ്പൂർണ്ണ ശുചിത്വ ഗ്രാമം - വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ

ജൈവ - അജൈവ മാലിന്യങ്ങൾ വലിച്ചെറിയാത്ത, ദ്രവമാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്ന വൃത്തിയുള്ള ഗ്രാമങ്ങളാണ് പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. ഇതിനായി തുടർച്ചയായ വിവര - വിജ്ഞാന- വിനിമയ രീതികളിലൂടെ വ്യാപകമായ ബോധവത്ക്കരണം നടത്തേണ്ടതുണ്ട്. ഇത് പുതിയ രീതികൾ ഉൾക്കൊള്ളുന്നതിനും സ്ഥായിവത്ക്കരിക്കുന്നതിനും കാരണമാകും.

എസ്.ബി.എം II ഘടകങ്ങൾ

വ്യക്തിഗത ശൗചാലയ നിർമ്മാണം

പുതിയതായി നിർമ്മിക്കുന്ന വീടുകൾക്ക് മാത്രം. അർഹതയുള്ളവർ, ബി.പി.എൽ. കുടുംബങ്ങൾ, എസ്.സി/എസ്.ടി കുടുംബങ്ങൾ, ചെറുകിട നാമമാത്ര കർഷകർ, സ്ത്രീകൾ കുടുംബനാഥയായിട്ടുള്ള കുടുംബങ്ങൾ, സബ്സിഡി തുക 12,000 രൂപ ഒരു യൂണിറ്റിന്. {കേരളത്തിൽ 15400 (12,000 രൂപ എസ്.ബി.എം 3400 രൂപ തദ്ദേശസ്ഥാപനം)}

കമ്മ്യൂണിറ്റി സാനിറ്ററി കോംപ്ലക്സുകൾ

ഓരോ വില്ലേജിലും കുറഞ്ഞത് ഒരു കമ്മ്യൂണിറ്റി സാനിറ്ററി കോംപ്ലക്സ് എങ്കിലും ഉണ്ടാകണം. ഓപ്പറേഷൻ, മെയിന്റനൻസ് ചെലവ് എന്നിവ യൂസർ ഫീ മുഖേന കണ്ടെത്തണം. സ്ത്രീകൾ, പുരുഷൻമാർ എന്നിവർക്ക് പ്രത്യേകം കമ്പാർട്ട്മെന്റുകൾ നിർമ്മിക്കണം. ഒരു യൂണിറ്റിന് 3 ലക്ഷം രൂപയാണ് യൂണിറ്റ് കോസ്റ്റ് (അധിക സ്രോതസ് എസ്.ബി.എം ഇതര ഫണ്ടുകളിൽ നിന്ന് കണ്ടെത്താവുന്നതാണ്.)

70% എസ്.ബി.എം(ജി) : 2.10 ലക്ഷം
30% 15-ാം ധനകാര്യ കമ്മീഷൻ : 0.90 ലക്ഷം

പൊതു - സ്വകാര്യ പങ്കാളിത്തം, സിഎസ് ആർ ഫണ്ട് എന്നിവ ഇതിലേക്ക് സ്വീകരിക്കാവുന്നതുമാണ്.

ഖര മാലിന്യ സംസ്കരണ പദ്ധതികൾ

സാമൂഹിക തല കമ്പോസ്റ്റിംഗ് സംവിധാനങ്ങൾ

ഒരു പ്രദേശത്തെ കുറേയധികം വീടുകൾ/കോളനികൾ/മാർക്കറ്റുകൾ/പൊതു ഇടങ്ങൾ എന്നിവിടങ്ങളിൽ കമ്പോസ്റ്റിംഗ് (തുമ്പൂർമുഴി മോഡൽ കമ്പോസ്റ്റ് യൂണിറ്റുകൾ) മുതലായ

സംവിധാനം നിർമ്മിക്കാം. ഗ്രാമപഞ്ചായത്തുകൾക്ക് പദ്ധതി നിർവഹണത്തിനായി സഹായ സംഘടനകളെ തിരഞ്ഞെടുക്കാം.

ഗോബർദൻ (Gobar-dhan) (Galvanizing Organic Bio agro Resources)

സമൂഹ തലത്തിൽ ഓരോ ജില്ലയിലും പൈലറ്റ് അടിസ്ഥാനത്തിൽ ഒരു വലിയ ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കേണ്ടതാണ്. ജൈവ മാലിന്യങ്ങൾ, മൃഗാവശിഷ്ടങ്ങൾ, ചാണകം എന്നിവ ഉപയോഗിച്ച് ബയോഗ്യാസ് പ്ലാന്റ് പ്രവർത്തിപ്പിക്കാം. മാർക്കറ്റുകൾ, പാർപ്പിട സമുച്ചയങ്ങൾ, കോളനികൾ എന്നിവിടങ്ങളിൽ നിർമ്മിക്കാവുന്നതാണ്. 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിഹിതം ഉപയോഗപ്പെടുത്തി നാഷണൽ ന്യൂ ബയോഗ്യാസ് ഓർഗാനിക് മാന്യവർ പ്രോഗ്രാം (NNBOMP) മാനദണ്ഡ പ്രകാരം കൂടുതൽ യൂണിറ്റുകൾ നിർമ്മിക്കാവുന്നതാണ്.

പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് യൂണിറ്റ്

ഭവനങ്ങളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന വൃത്തിയുള്ള അജൈവമാലിന്യങ്ങൾ ശേഖരിച്ച് തരംതിരിച്ച് സൂക്ഷിക്കുന്നതിനും, പുനരുപയോഗം വർദ്ധിപ്പിക്കുന്നതിനും ഒരു പഞ്ചായത്തിൽ ഇത്തരത്തിൽ ഒരു യൂണിറ്റ് സ്ഥാപിക്കണം. മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്തണം. കൂടാതെ ബ്ലോക്ക്/ഗ്രാമപഞ്ചായത്ത് തലത്തിൽ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് യൂണിറ്റുകൾ നിർമ്മിക്കുന്നതിനും ധനസഹായം ഉണ്ട്.

ഖരമാലിന്യ ശേഖരണത്തിനായി വാഹനം

വീടുകളിൽ നിന്നും ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ എം.സി.എഫിലേക്കും ആർ.ആർ.എഫിലേക്കും കോണ്ടുപോകുന്നതിനായി പഞ്ചായത്തുകൾക്ക് ട്രൈസൈക്കിളുകൾ ബാറ്ററിയിൽ പ്രവർത്തിക്കുന്ന വാഹനങ്ങൾ എന്നിവ വാങ്ങാവുന്നതാണ്.

മലിനജല സംസ്കരണം

പഞ്ചായത്തുതലത്തിൽ കോളനികൾ, മാർക്കറ്റുകൾ എന്നിവ കേന്ദ്രീകരിച്ച് മലിനജല സംസ്കരണ പ്ലാന്റുകൾ (DEWATS – Decentralised Waste Water Treatment System). സെഡിമെന്റേഷൻ കുളങ്ങൾ, മറ്റു ദ്രവ മാലിന്യ പ്ലാന്റുകൾ എന്നിവ നിർമ്മിക്കാവുന്നതാണ്. ഇവ 15-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് നിർമ്മിക്കാം.

കക്കൂസ് മാലിന്യ സംസ്കരണം (Feacal Sludge Management)

ജില്ലാടിസ്ഥാനത്തിൽ ഒരു യൂണിറ്റ് സ്ഥാപിക്കുവാൻ സ്വച്ഛ് ഭാരത് മിഷൻ ഫണ്ട് ഉപയോഗിക്കാവുന്നതാണ്.

വിവര വിജ്ഞാന വിനിമയ പ്രവർത്തനങ്ങൾ (ഐ.ഇ.സി)

നാം ആർജ്ജിച്ച ഒ.ഡി.എഫ് സ്റ്റാറ്റസ് നിലനിർത്തുന്നതിനും പരിസരം വൃത്തിയായി സൂക്ഷിക്കുന്നതിനും ഓരോ വ്യക്തിയിലും വൃത്തിയുടെ ശീലങ്ങൾ ജീവിതത്തിലുടനീളം തുടരേണ്ടതുണ്ട്. ഇതിനായി വിവിധ മാധ്യമങ്ങളിലൂടെ എല്ലാ വിഭാഗത്തിനും അനുയോജ്യമായ ഐ.ഇ.സി നൽകേണ്ടതുണ്ട്. ഇതിനായി പ്രോഗ്രാം ഫണ്ടിന്റെ ജില്ലാ സംസ്ഥാന തലങ്ങൾക്ക് ആകെ 3% വിനിയോഗിക്കാവുന്നതാണ്.

ഗ്രാമപഞ്ചായത്തുകൾക്ക് നിർദ്ദിഷ്ട മാനദണ്ഡങ്ങൾ പ്രകാരം മേൽഘടകങ്ങളിലൂടെയായി പ്രതിവർഷം ലഭിക്കുന്ന എസ്.ബി.എം വിഹിതം തുകയും 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റും കൂടി ചേർത്ത് പ്രോജക്ടുകൾ ഏറ്റെടുക്കാം. ഒരു ഘടകത്തിന് അനുവദിക്കുന്ന തുക മറ്റൊരു ഘടകത്തിനായി വിനിയോഗിക്കുവാൻ പാടില്ല. ജനസംഖ്യാടിസ്ഥാനത്തിലാണ് ഖരദ്രവമാലിന്യ പരിപാലനത്തിനുള്ള ഫണ്ട് അനുവദിക്കുന്നത്.

കേരളം വീണ്ടും മാതൃകയാകുന്നു

കേരള മോഡൽ മാലിന്യ സംസ്കരണ രീതിക്ക് ദേശീയതലത്തിൽ ലഭിച്ച അംഗീകാരമാണ് എസ്.ബി.എം II പ്രവർത്തന മാർഗ്ഗരേഖ. കേരളം തുടരുന്ന വികേന്ദ്രീകൃത മാലിന്യ സംസ്കരണ രീതി, ഭവനങ്ങൾ തോറും ശേഖരണത്തിനുള്ള ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ, ഗ്രാമപഞ്ചായത്തു തലത്തിൽ സജ്ജീകരിച്ചിരിക്കുന്ന എം.സി.എഫ്, ബ്ലോക്ക് തലത്തിലുള്ള ആർ.ആർ.എഫ്, ക്ലീൻ കേരള കമ്പനി മുഖേന ഷ്രെഡഡ് പ്ലാസ്റ്റിക് റോഡ് ടാറിംങ്ങിനുള്ള ഉപയോഗം എന്നിവയൊക്കെ കേരളത്തിന്റെ സംഭാവനയാണ്. നാം പിന്തുടരുന്ന മാതൃകകൾക്ക് ലഭിച്ച അംഗീകാരം കൂടിയാണിത്.

□

ലേഖകൻ ശുചിത്വ മിഷൻ ഡയറക്ടർ (ഓപ്പറേഷൻസ്) ആണ്.

വാർത്തകൾ വിശേഷങ്ങൾ

CMLRRP- ഭരണാനുമതി ഭേദഗതി ചെയ്തു

- മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി ഭരണാനുമതി തുകയിൽ മാറ്റം വരുത്താതെ അനുവദിച്ച പ്രവർത്തികളിൽ ഭേദഗതി വരുത്തി പുതുക്കിയ ഭരണാനുമതി പുറപ്പെടുവിച്ച് ഉത്തരവായി.

ജി.ഒ.(എം.എസ്.) നം. 156/2020/എൽ.എസ്.ജി.ഡി. തിയതി. 16.10.2020

പത്തു വർഷത്തെ സേവനം പൂർത്തിയാക്കിയ ഡ്രൈവർമാരെ സ്ഥിരപ്പെടുത്തി ഉത്തരവായി

- സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ 30.06.2015 ൽ പത്തു വർഷത്തെ സേവനം പൂർത്തിയാക്കിയ 51 താൽക്കാലിക ഡ്രൈവർമാരെ അവർ നിലവിൽ സേവനമനുഷ്ഠിക്കുന്ന ഗ്രാമപഞ്ചായത്തുകളിൽ/നഗരസഭകളിൽ എൽ. ഡി. വി. ഡ്രൈവർ ഗ്രേഡ് 2 തസ്തിക സൂപ്പർ ന്യൂമററിയായി സൃഷ്ടിച്ച് സ്ഥിരപ്പെടുത്തി ഉത്തരവായി.

സ.ഉ.(കൈ) നം.155/2020/ത.സ്വ.ഭ.വ. തിയതി.15.10.2020

ഖര-ദ്രവ മാലിന്യ സംസ്കരണ പ്രോജക്ട് – സാങ്കേതികാനുമതി

- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വികസന ഫണ്ട്, തനത് ഫണ്ട്, ഇതര ഗ്രാന്റുകൾ, സംസ്ഥാനാവിഷ്കൃത ഫണ്ട്, കേന്ദ്രാവിഷ്കൃതഫണ്ട്, സി.എസ്.ആർ ഫണ്ട് എന്നിവയിൽ നിന്നും തുക വകയിരുത്തി തയ്യാറാക്കുന്ന ശുചിത്വ- മാലിന്യ സംസ്കരണ ഉപമേഖലയിൽപ്പെടുന്ന ഖര-ദ്രവ മാലിന്യ സംസ്കരണ പ്രോജക്ടുകൾക്ക് സാങ്കേതിക അനുമതി നൽകുന്നതിനുള്ള അധികാരം പുതുക്കി നിശ്ചയിച്ച് ഉത്തരവായി.

ജി.ഒ.(ആർ.ടി.) നം. 1898/2020/എൽ.എസ്.ജി.ഡി. തിയതി. 14.10.2020

കുടുംബശ്രീ യൂണിറ്റുകളെ ടെണ്ടർ നടപടികളിൽ നിന്നും ഒഴിവാക്കി

- കുടുംബശ്രീ യൂണിറ്റുകൾ നിർമ്മിക്കുന്ന സാനിറ്ററി നാപ്കിനുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും സർക്കാർ വകുപ്പുകൾക്കും വിതരണം ചെയ്യുന്നതിന് ഒരു വർഷത്തേക്ക് ടെണ്ടർ നടപടികളിൽ നിന്നും ഒഴിവാക്കി ഉത്തരവായി.

ജി.ഒ.(ആർ.ടി.) നം. 1872/2020/എൽ.എസ്.ജി.ഡി. തിയതി. 12.10.2020

അക്രെഡിറ്റഡ് ഏജൻസികൾക്ക് സെന്റേജ് ചാർജ്ജ്

- അക്രെഡിറ്റഡ് ഏജൻസികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി പുതുതായി എഗ്രിമെന്റ് വച്ച് നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് 5% മുതൽ 8% വരെ സെന്റേജ് ചാർജ്ജ് അനുവദിച്ച് ഉത്തരവായി.

സ.ഉ.(സാധാ.) നം. 1817/2020/ത.സ്വ.ഭ.വ. തീയതി. 04.10.2020

കെട്ടിടങ്ങളിൽ ചില്ല് വാതിലുകൾ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

- കെട്ടിടങ്ങളിൽ വാതിലുകളും പാർട്ടീഷനുകളും മറ്റും നൽകുമ്പോൾ ചില്ല് ഉപയോഗിക്കുന്ന സാഹചര്യങ്ങളിൽ അപകട സാധ്യത പരമാവധി ഒഴിവാക്കുന്നതിനായി സ്വീകരിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

സർക്കുലർ. നം. ആർ. എ. 1/276/2020-ത.സ്വ.ഭ.വ. തിയതി.25.09.2020

വിഷരഹിത-ജൈവ കൃഷി പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു

- സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ വിഷരഹിത പച്ചക്കറി കൃഷിക്കും ജൈവകൃഷിക്കുമുള്ള പദ്ധതികൾ ഏറ്റെടുത്ത് കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേ ശങ്ങൾ പുറപ്പെടുവിച്ചു.

സർക്കുലർ. നം. പി.എ.എൻ./6796/2020/ജെ4 (ഡി.പി.) തിയതി. 12.10.2020

യോഗ പരിശീലകരുടെ നിയമന യോഗ്യത

- കണ്ണൂർ സർവകലാശാലയുടെയും മറ്റ് അംഗീകൃത സർവകലാശാലകളുടെയും ഒരു വർഷത്തിൽ കുറയാതെയുള്ള സർട്ടിഫിക്കറ്റ് ഇൻ യോഗ ഫിറ്റ്നസ് കോഴ്സ്/ പിജി ഡിപ്ലോമ പാസായവരെ തദ്ദേശഭരണസ്ഥാപനങ്ങളുടെ യോഗ പരിശീലകരായി ഉൾപ്പെടുത്താൻ അനുമതി നൽകി ഉത്തരവായി.

സ.ഉ. (സാധാ) നം. 1968/2020/ത.സ്വ.ഭ.വ തിയതി 20.10.2020

തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണരൂപം www.lsgkerala.gov.in, www.dop.lsgkerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.

കോളയാട് ഗ്രാമപഞ്ചായത്ത്

ഒരു ഹരിത വിജയഗാഥ

■ മുന്ന പി. സദാനന്ദ്

പ്ളാസ്റ്റിക് ബോട്ടിലുകളും ഗ്ലാസ് കുപ്പികളും നിക്ഷേപിക്കാൻ ബോട്ടിൽ ബൂത്ത് എന്ന ആശയം കോളയാട് ഗ്രാമപഞ്ചായത്ത് കേരളത്തിന് നൽകിയ സംഭാവനയാണ്. പാതയോരങ്ങൾ പ്ലാസ്റ്റിക് ബോട്ടിലുകളുടെ കുമ്പാരമായിരുന്നു. ഇത് വളരെ വലിയതോതിൽ പാരിസ്ഥിതിക പ്രശ്നം സൃഷ്ടിച്ചിരുന്നു. ഇതിന് ഒരളവോളം പരിഹാരമെന്ന നിലയ്ക്കാണ് ഈ പദ്ധതി രൂപീകരിച്ചത്.

കാടുകളുടെയും കാവുകളുടെയും നാടാണ് കോളയാട്. വീരപഴശ്ശിയുടെ കുറിച്യ പോരാളികളുടെ നാട്. നമ്മുടെ നാട് വറുതിയിൽ വലഞ്ഞപ്പോൾ, വിശപ്പകറ്റിയ കോളയാടൻ കപ്പയുടെ നാട്. ഒരർത്ഥത്തിൽ കണ്ണൂർ ജില്ലയുടെ ജീവസ്ഥാനം ആണ് ഈ പ്രദേശം എന്ന് പറയാം. കാരണം ജില്ലയുടെ ചില പ്രധാന ജലധമനികളുടെ വൃഷ്ടിപ്രദേശമായ കണ്ണവം കാടുകളുടെ നാടാണ് കോളയാട്. ഒരു ഹെക്ടർവനം, 5 ലക്ഷം ലിറ്റർ ജലം സംഭരിക്കും എന്നിരിക്കെ, 12000 ഹെക്ടർ വനമേഖലയ്ക്കുണ്ടാകുന്ന ഏതുതരത്തിലുള്ള നാശവും, ജില്ലയ്ക്ക് വലിയ പ്രത്യാഘാതങ്ങളുണ്ടാകും. അത് വ്യക്തമായി മനസ്സിലാക്കിക്കൊണ്ട്, പ്രകൃതി സംരക്ഷണത്തിനും ജലസംരക്ഷണത്തിനും ഊന്നൽ നൽകി കോളയാട് ഗ്രാപഞ്ചായത്ത് വിഭാവനം ചെയ്ത നടപ്പിലാക്കിയ പലപദ്ധതികളും ദീർഘവീക്ഷണത്തിന്റെ ഉത്തമ ഉദാഹരങ്ങളാണ്. പരിസ്ഥിതിസംരക്ഷണവും, മാലിന്യനിർമ്മാർജ്ജനവും ലക്ഷ്യമാക്കി കോളയാട് പഞ്ചായ

ത്ത് ആസൂത്രണം ചെയ്ത "തെളിമ" എന്ന ബൃഹത് പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ മാലിന്യമില്ലാത്ത മംഗല്യം, ബോട്ടിൽ ബൂത്ത് എന്നിവ കേരളത്തിന് തന്നെ മാതൃകയായ രണ്ടു പദ്ധതികളാണ്. ഇതോടൊപ്പം തന്നെ ഈ മേഖലയിൽ നിരവധി പദ്ധതികൾ പഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

മാലിന്യമില്ലാത്ത മംഗല്യം

വർദ്ധിച്ചു വരുന്ന മാലിന്യ പ്രശ്നം പരിഹരിക്കുന്നതിനായി തയ്യാറാക്കിയ ഒരു പദ്ധതിയാണിത്. പഞ്ചായത്ത് പ്രദേശത്ത് നടക്കുന്ന എല്ലാ ചടങ്ങുകൾക്കും ഗ്രീൻപ്രോട്ടോക്കോൾ പെർമിഷൻ പഞ്ചായത്തിൽ നിന്നും വാങ്ങണം. അനുമതിയോടൊപ്പം ചടങ്ങ് എങ്ങനെ ഗ്രീൻപ്രോട്ടോക്കോൾ ആയി നടത്തണം എന്നതിനെ കുറിച്ച് നിർദ്ദേശങ്ങൾ കൂടി നല്കും. അതിന് വിരുദ്ധമായാണ് ചടങ്ങ് നടത്തുന്നതെങ്കിൽ പിഴ അടപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, മതസ്ഥാപനങ്ങളുടെ പ്രതിനിധികൾ, ക്ലബ്, വായനശാല, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവരുടെ പ്രതിനിധികളുമായി ഈ ആശയം ആദ്യം ചർച്ച ചെയ്യുകയും വാർഡുകളിൽ മേൽപ്പറഞ്ഞവയുടെ പ്രതിനിധികളെ ഉൾപെടുത്തി കർമ്മ സമിതി ഉണ്ടാക്കുകയും ചെയ്തു.

എല്ലാ പൊതുസ്ഥാപനങ്ങളിലും ഗ്രീൻപ്രോട്ടോക്കോൾ കമ്മിറ്റികൾ രൂപീകരിച്ചു. വാർഡുകളിൽ കല്യാണം, ഗൃഹപ്രവേശം മുതലായ ചടങ്ങുകൾ നിശ്ചയിച്ചതായി അറിഞ്ഞാൽ അത്തരം വീടുകളിൽ കർമ്മ സമിതിയുടെ പ്രതിനിധികൾ പോയി അവരോട് ചടങ്ങ് ഗ്രീൻപ്രോട്ടോക്കോൾ പാലിച്ച് നടത്തേണ്ടതിന്റെ പ്രാധാന്യം മനസ്സിലാക്കും. പഞ്ചായത്തിൽ അപേക്ഷ നൽകി പെർമിറ്റ് വാങ്ങണം എന്നതും അവരെ ബോധ്യപ്പെടുത്തും. ഡിസ്പോസബിൾ സാധനങ്ങൾക്ക് പകരം സാധനങ്ങൾ (ഗ്ലാസ്, പ്ലേറ്റ് തുടങ്ങിയവ) ആവശ്യമെങ്കിൽ സൗജന്യമായി എത്തിച്ചു നൽകും. ക്ലീനിംഗിന് ആളുകളെ ആവശ്യമെങ്കിൽ സർവ്വീസ് ചാർജ്ജ് നൽകി ഹരിത കർമ്മ സേനയെ ഉപയോഗപ്പെടുത്താവുന്നതാണ്. ഗ്രീൻപ്രോട്ടോക്കോൾ പാലിച്ചാണ് വിവാഹം നടന്നത് എന്ന് വാർഡ് മെമ്പർ സാക്ഷ്യപത്രം നൽകണം. ഈ സാക്ഷ്യപത്രം ഉണ്ടെങ്കിലേ കല്യാണം രജിസ്റ്റർ ചെയ്തു നല്കുകയുള്ളൂ. അല്ലാത്തപക്ഷം ഫൈൻ ചുമത്തും. പ്ലാസ്റ്റിക്ക് വസ്തുക്കളെ പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് നടത്തുന്ന മാലിന്യമില്ലാത്ത മംഗല്യം പദ്ധതിയെ മാറ്റമുൾക്കൊള്ളാൻ കഴിയാഞ്ഞ പലരും തുടക്കത്തിൽ ശക്തമായി എതിർത്തെങ്കിലും, പിന്നീട് വിവാഹം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യണമെങ്കിൽ പ്ലാസ്റ്റിക്ക് വിമുക്തമായ മംഗല്യം ആയേ തീരൂ എന്ന പഞ്ചായത്തിന്റെ നിലപാടിനോട് വിവിധ രാഷ്ട്രീയ മതസംഘടനകൾ യോജിപ്പ് പ്രകടിപ്പിച്ചതോടെ കോളയാട് ഒരു മാതൃകയായി. ഇപ്പോൾ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടക്കുന്ന വിവാഹം തുടങ്ങിയ പൊതു ചടങ്ങുകളിൽ നിന്നും രൂപപ്പെടുന്ന മാലിന്യങ്ങളുടെ അളവ് 90% വരെ കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്.

മാലിന്യമില്ലാത്ത മാംഗല്യം പദ്ധതിയെ മാറ്റമുൾക്കൊള്ളാൻ കഴിയാഞ്ഞ പലരും തുടക്കത്തിൽ ശക്തമായി എതിർത്തെങ്കിലും, പിന്നീട് വിവാഹം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യണമെങ്കിൽ പ്ലാസ്റ്റിക്ക് വിമുക്തമായ മാംഗല്യം ആയേ തീരൂ എന്ന പഞ്ചായത്തിന്റെ നിലപാടിനോട് വിവിധ രാഷ്ട്രീയ മതസംഘടനകൾ യോജിപ്പ് പ്രകടിപ്പിച്ചതോടെ കോളയാട് ഒരു മാതൃകയായി.

ബോട്ടിൽ ബൂത്ത്

പ്ളാസ്റ്റിക് ബോട്ടിലുകളും ഗ്ലാസ് കുപ്പികളും നിക്ഷേപിക്കാൻ ബോട്ടിൽ ബൂത്ത് എന്ന ആശയം കോളയാട് കേരളത്തിന് നൽകിയ സംഭാവനയാണ്. കോളയാട് ഗ്രാമപഞ്ചായത്ത് മുൻ പ്രസിഡണ്ട് കെ.പി. സുരേഷ് കുമാറിന്റെ മനസ്സിലാണ് ഈ ആശയം ഉദയം ചെയ്തത്. കോളയാടിന്റെ പാതയോരങ്ങൾ പ്ലാസ്റ്റിക് ബോട്ടിലുകളുടെ കൂമ്പാരമായിരുന്നു. ഇത് വളരെ വലിയതോതിൽ പാരിസ്ഥിതിക പ്രശ്നം സൃഷ്ടിക്കുകയും ചെയ്തിരുന്നു. മഴക്കാലമായാൽ ഇവയെല്ലാം ഒഴുകി തോടുകൾ വഴി പുഴയിലും പിന്നെ കടലിലുമാണ് എത്തിച്ചേരുന്നത്. ഇത് ജലാശയങ്ങളുടെ മലിനീകരണത്തിനും ജലജീവികളുടെ നാശത്തിനും ഇടയാക്കിയിരുന്നു. ഇതിന് ഒരളവോളം പരിഹാരമെന്ന നിലയ്ക്കാണ് ഈ പദ്ധതി രൂപീകരിച്ചത്. ചെറ

വാഹനങ്ങളിലെ യാത്ര ഇന്ന് വളരെയധികം വർദ്ധിച്ചിരിക്കുന്നു. ഓരോ വാഹനങ്ങളിലും കുടിവെള്ള കുപ്പികൾ ഉണ്ടാകും. ഇവ കാലിയാകുമ്പോൾ നേരെ പുറത്തേക്ക് കളയുക എന്നതായിരുന്നു രീതി. ഇങ്ങനെ കളയുന്ന ബോട്ടിലുകൾ ശേഖരിച്ച് നിക്ഷേപിക്കുന്നതിനാണ് ബോട്ടിൽബൂത്ത്. വലിച്ചെറിയാതെ ഇത്തരം ബൂത്തുകളിൽ നിക്ഷേപിക്കുകയും ആവാം. ഇതുവഴി പാതയോരങ്ങൾ വൃത്തിയാവുകയും ശേഖരിക്കപ്പെടുന്ന ബോട്ടിലുകൾ മാർക്കറ്റ് ചെയ്യുമ്പോൾ (റീസൈക്ലിംഗ്) പണം ലഭിക്കുകയും ചെയ്യുന്നു. ഒരു മീറ്റർ സ്ക്വയറിൽ 5 അടി ഉയരത്തിൽ ഒരു കുപ്പി പോകാനുള്ള വാതിലോടെ മേൽക്കൂരയോടു കൂടിയ മാനോഹരമായ ഒരു ഇരുമ്പ് കൂട് പഴയ എസ്.ടി.ഡി. ബൂത്ത് മാതൃകയിലാണ് ബോട്ടിൽ ബൂത്ത് നിർമ്മിച്ചിട്ടുള്ളത്. പഞ്ചായത്തിലെ റോഡരികിൽ പലയിടങ്ങളിലും കൂടാതെ കവലകളിലും സ്ഥാപിക്കപ്പെട്ട ബൂത്തുകളിൽ ബോട്ടിലുകൾ നിറഞ്ഞു തുടങ്ങിയപ്പോൾ, വഴിയോരങ്ങളിലും പുഴയിലും അവയ്ക്ക് സ്ഥാനമില്ലാതായി. പാതകൾ സുന്ദരമായി, പുഴയ്ക്ക് തെളിമയേറി.

പെർമിറ്റിന് അഞ്ച് മരം

മനസ്സിനിണങ്ങിയ വീടുകൾ നിർമ്മിച്ചോളൂ, പക്ഷേ, അത് മരങ്ങളെയും മഴയെയും മറന്നിട്ടാവരുത്. വീട് എന്ന സ്വപ്നവുമായി വരുന്ന ഓരോരുത്തരെയും പഞ്ചായത്ത് ഓർമ്മിപ്പിച്ചു. വീട് നിർമ്മിക്കാനുള്ള അനുമതി ലഭിക്കണമെങ്കിൽ, വീട്ടുപറമ്പിൽ അഞ്ചു വൃക്ഷതൈകൾ നടണം. നട്ടാൽ മാത്രം പോരാ, അവയെ പരിരക്ഷിക്കുകയും വേണം. വീട്ടിൽ മഴവെള്ള സംഭരണി നിർമ്മിച്ചിരിക്കണം. എങ്കിലേ നിർമ്മാണം പൂർത്തിയായ വീടുകൾക്ക് നമ്പർ ലഭിക്കൂ. അഞ്ചു സെന്റ് ഭൂമിയിൽ കൂടുതൽ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുമ്പോൾ കെട്ടിടത്തിന് വേണ്ടി ഒരുക്കുന്ന സ്ഥലത്ത് ഫലവൃക്ഷത്തൈകളോ നിത്യഹരിത മരങ്ങളോ വച്ച് പിടിപ്പിച്ച് പെർമിറ്റിനൊപ്പം ഫോട്ടോഗ്രാഫ് ഹാജരാക്കണം. ഫീൽഡ് സ്റ്റാഫ് അത് പരിശോധിച്ച് ഉറപ്പു വരുത്തണം. നമ്പറിനായി വരുമ്പോൾ ഈ മരങ്ങൾ എത്ര വളർന്നു എന്നതിന്റെ ഫോട്ടോഗ്രാഫ് കൂടി ഹാജരാക്കണം. അപ്പോഴും ഫീൽഡ് സ്റ്റാഫ് പഴയ ഫോട്ടോ വച്ച് താരതമ്യം ചെയ്ത് ഉറപ്പ് വരുത്തണം. ഇതു വഴി കാർബണിന്റെ അളവ് കുറയ്ക്കുവാൻ സാധിക്കുന്നു. ഓക്സിജൻ വർദ്ധിക്കുന്നു. ചൂട് കുറയുന്നു. ഭൂമിക്ക് തണൽ നൽകാനാകുന്നു. നാട് ഹരിതാഭമാകുന്നു.

പൊന്നോമനയ്ക്ക് സ്നേഹമരം

കോളയാട് ഗ്രാമത്തിൽ ജനിക്കുന്ന ഓരോ കുഞ്ഞിനോടൊപ്പം, ഒരു മരവും ജനിക്കുന്നു. അവരൊന്നിച്ച് വളരുന്നു. ഒരു കുഞ്ഞ് പിറന്നാൽ പഞ്ചായത്ത് സമ്മാനമായി നൽകുന്നത് ഒരു വൃക്ഷത്തൈയാണ്. തങ്ങളുടെ കുഞ്ഞിനെപ്പോലെ തന്നെ മണ്ണിനെയും മരത്തെയും സ്നേഹിക്കണമെന്ന് പറയാതെ പറയുകയാണ്, "സ്നേഹമരം" പദ്ധതി. ജനിക്കുന്ന കുട്ടികൾക്ക് അവരോടുള്ള സ്നേഹത്തിന്റെ പ്രതീകമായി അവരുടെ വീട്ടിൽ ഒരു പ്ലാവിന്റെ തൈ എത്തിച്ച് എല്ലാവരും ചേർന്ന് അത് നട്ടുപിടിപ്പിക്കുന്നു. കുടുംബശ്രീ അയൽക്കൂട്ടം അത് മോണിറ്റർ ചെയ്യും. അങ്കണവാടി വർക്കർമാർ ജനനം റിപ്പോർട്ട് ചെയ്യണം. കുട്ടി വളരുമ്പോൾ കുട്ടിയെ കൂടി അതിന്റെ പരിചരണത്തിൽ പങ്കാളിയാക്കുന്നു. കുട്ടിയ്ക്ക് പരിസ്ഥിതിയോടുള്ള സ്നേഹം വളർത്താൻ ഇതുവഴി സാധിക്കുന്നു.

കോളയാട് ഗ്രാമത്തിൽ ജനിക്കുന്ന ഓരോ കുഞ്ഞിനോടൊപ്പം, ഒരു മരവും ജനിക്കുന്നു. അവരൊന്നിച്ച് വളരുന്നു. ഒരു കുഞ്ഞ് പിറന്നാൽ പഞ്ചായത്ത് സമ്മാനമായി നൽകുന്നത് ഒരു വൃക്ഷത്തൈയാണ്. തങ്ങളുടെ കുഞ്ഞിനെപ്പോലെ തന്നെ മണ്ണിനെയും മരത്തെയും സ്നേഹിക്കണമെന്ന് പറയാതെ പറയുകയാണ്, "സ്നേഹമരം" പദ്ധതി.

മീൻവേണോ, പാത്രംവേണം.

കേൾക്കുമ്പോൾ ഒരു ന്യൂജെൻ സിനിമയുടെ പേര് പോലെതോന്നുന്ന ഈ ആശയവും കോളയാട് പഞ്ചായത്തിന്റെ തന്നെയാണ്. മൽസ്യം വാങ്ങാനെത്തുന്ന വീട്ടമ്മമാരോട് പാത്രവുമായെത്താൻ പ്രേരിപ്പിക്കുന്ന, പ്ലാസ്റ്റിക്കിനെ തുരത്താൻ പഞ്ചായത്തിനെ സഹായിച്ച മറ്റൊരു പദ്ധതിയാണ് മീൻ വേണോ, പാത്രം വേണം.

വിദ്യാലയങ്ങളിലെ നക്ഷത്രവനങ്ങൾ

കോളയാട് പഞ്ചായത്തിൽ, മരമാണ് താരം. ഇവിടത്തെ വിദ്യാലയങ്ങളിലെ നക്ഷത്രവനങ്ങൾ പറയുന്നതും അത് തന്നെ. ഭാരതീയ ജ്യോതിഷത്തിൽ അശ്വതി മുതൽ രേവതി വരെയുള്ള ഓരോ നക്ഷത്രത്തിനും ഓരോ വൃക്ഷം കല്പിക്കപ്പെട്ടിട്ടുണ്ട്. ഈ വൃക്ഷങ്ങളെ സ്കൂൾമുറ്റത്ത് നട്ടു വളർത്തുന്നു. നാളത്തെ താരങ്ങളായ കുഞ്ഞുങ്ങളോടൊപ്പം, അവരുടെ വളർച്ചയ്ക്ക് സാക്ഷിയായി നക്ഷത്രവനങ്ങളും തഴച്ചു വളരുന്നു.

ക്യാരിബാഗിന് പകരം സാരിബാഗ്

പ്രാസ കൗതുകത്തിനപ്പുറം, ഈ പ്രൊജക്റ്റ് പഞ്ചായത്തിനെ പ്ലാസ്റ്റിക്ക് വിമുക്തമാക്കുന്നതിലും പഴയസാരികളെ മറ്റൊരുരീതിയിൽ ഉപകാരപ്രദമാക്കിയെടുക്കുന്നതിലും വലിയൊരു പങ്കുതന്നെ വഹിക്കുകയുണ്ടായി. പഴയ സാരികൾ ഉപയോഗിച്ച് ക്യാരിബാഗ് നിർമ്മിച്ച് വിതരണം ചെയ്യുന്ന പദ്ധതിയാണിത്.

ജലസംരക്ഷണത്തിന് മഴക്കുഴികൾ

ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് കോളയാട് ഗ്രാമപഞ്ചായത്ത് ഏറെ പ്രാധാന്യവും പ്രാമുഖ്യവുമാണ് നൽകിയിരിക്കുന്നത്. ആയിരക്കണക്കിന് മഴക്കുഴികളുടെയും ഒരു ലക്ഷം മീറ്ററിലധികം നീളമുള്ള കോണ്ടൂർ ട്രഞ്ചിന്റെയും നിർമ്മാണം ജലത്തോടൊപ്പം മണ്ണിനെയും സംരക്ഷിച്ചു. തടയണകളും മഴവെള്ളസംഭരണികളും നിർമ്മിച്ചതും, കിണറുകളെ റീചാർജ്ജ് ചെയ്തതും ജലസംരക്ഷണത്തെ കൂടുതൽ ശക്തമാക്കി. തോടുകളുടെയും പുഴയുടെയും വലിയ രീതിയിലുള്ള ശുചീകരണം, പ്രകൃതികനിഞ്ഞു നൽകിയ ജലസമ്പത്തുകളെ സംരക്ഷിക്കാൻ ഗ്രാമപഞ്ചായത്ത് പ്രതിജ്ഞാബദ്ധമാണ്. പഞ്ചായത്തിന്റെ അശ്രാന്തമായ പരിശ്രമങ്ങളിലൂടെ വരണ്ടവഴികൾ, ഹരിതപാതകളായി, മഴക്കുഴികളിലൂടെ ഊർന്നിറങ്ങിയ ജലം മണ്ണിനെ ത്രസിപ്പിച്ചു.

വിഷമില്ലാകനികളും തൊഴിൽപൂക്കും വഴികളും

“ഇനിവരുന്നൊരു തലമുറക്ക് ഇവിടെ വാസം സാധ്യമോ...” കേരളം മുഴുവൻ ഏറ്റുപാടിയവരികൾ. പക്ഷെ കോളയാട് പഞ്ചായത്തിലെ ആർക്കും അങ്ങനെയൊരു സംശയമില്ല. ഇനിവരുന്ന എത്രയോ തലമുറകൾക്ക് ഇവിടെ വാസം സാധ്യമാണ്. കാരണം ഇവിടെ നമുക്ക് കാണാൻ സാധിക്കുന്നത് വിഷം തീണ്ടാത്ത പച്ചക്കറികളും ധാന്യങ്ങളും വിളഞ്ഞു നിൽക്കുന്ന കൃഷിയിടങ്ങളും മണ്ണിൽ പൊന്നുവിളയിക്കാൻ മത്സരിക്കുന്ന മനുഷ്യരെയുമാണ്. ഒരു വിഷരഹിത പഞ്ചായത്ത് എന്നത് വെറുമൊരു നടക്കാത്ത സ്വപ്നമാണെന്ന് പലർക്കും തോന്നിയേക്കാം. പക്ഷെ നിശ്ചയദാർഢ്യത്തോടെ, ലക്ഷ്യബോധത്തോടെ പഞ്ചായത്ത് മുന്നിട്ടിറങ്ങിയപ്പോൾ, കർഷകർക്ക് അവർക്കാവശ്യമുള്ള സഹായങ്ങൾ ലഭ്യമാക്കിയപ്പോൾ, കോളയാട് അക്ഷരാർത്ഥത്തിൽ വിഷരഹിതമായി മാറുകയായിരുന്നു.

കാർഷിക മേഖലയെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധിപ്പിക്കുന്നത് വഴി, ഉത്പാദനത്തിൽ വർദ്ധനവ് ഉണ്ടാക്കാൻ മാത്രമല്ല, അർഹരായവർക്ക് ആയിരക്കണക്കിന് തൊഴിൽദിനങ്ങളും വരുമാനവും നേടിക്കൊടുക്കാനും പഞ്ചായത്തിന് സാധിച്ചു. ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയിലെ നേട്ടങ്ങളുടെ അടിസ്ഥാനത്തിൽ നൽകുന്ന മഹാത്മാപുരസ്കാരം കഴിഞ്ഞ അഞ്ചുവർഷത്തിനിടെ മൂന്ന് തവണയാണ് കോളയാടിനെ തേടിയെത്തിയത്. ഹെക്ടർ കണക്കിന് തരിശു ഭൂമിയെ കൃഷിയോഗ്യമാക്കി, സംയോജിത കൃഷിരീതി പുനഃസ്ഥാപിച്ചു, കരനെൽകൃഷി വ്യാപകമാക്കി, ചെറുധാന്യങ്ങളുടെ ഉത്പാദനം ഗണ്യമായി വർദ്ധിച്ചു കോളയാട് പഞ്ചായത്തിന്റെ കാർഷികമേഖലയിലെ മുന്നേറ്റങ്ങളുടെ പട്ടിക നീണ്ടുകിടക്കുന്നു. തരിശായി കിടക്കുന്ന ഭൂമി കണ്ടെത്തി, അതിൽ കൃഷിയിറക്കുന്നതിലൂടെ, "തരിശുരഹിതപഞ്ചായത്ത്" എന്ന മറ്റൊരു ലക്ഷ്യമാണ് കോളയാട് കൈപ്പിടിയിൽ ഒതുക്കുന്നത്.

> 'ഇനിവരുന്നൊരു തലമുറക്ക്
> ഇവിടെ വാസം സാധ്യമോ.'
> കേരളം മുഴുവൻ ഏറ്റുപാടിയ
> വരികൾ. പക്ഷെ കോളയാട്
> പഞ്ചായത്തിലെ ആർക്കും
> അങ്ങനെയൊരു സംശയമില്ല.
> ഇനിവരുന്ന എത്രയോ തലമുറകൾക്ക്
> ഇവിടെ വാസം സാധ്യമാണ്.
> കാരണം ഇവിടെ നമുക്ക് കാണാൻ
> സാധിക്കുന്നത് വിഷം തീണ്ടാത്ത
> പച്ചക്കറികളും ധാന്യങ്ങളും വിളഞ്ഞു
> നിൽക്കുന്ന കൃഷിയിടങ്ങളും മണ്ണിൽ
> പൊന്നുവിളയിക്കാൻ മത്സരിക്കുന്ന
> മനുഷ്യരെയുമാണ്.

ക്ഷീരോത്പാദനത്തിൽ സ്വയം പര്യാപ്തത നേടുകയാണ് കോളയാട് പഞ്ചായത്തിന്റെ മറ്റൊരു മഹത്തായ ലക്ഷ്യം.

- ഗോക്കളെ വാങ്ങാനുള്ള സബ്സിഡി
- കാലിത്തീറ്റയ്ക്കുള്ള സബ്സിഡി
- കർഷകർക്ക് പാലിനുള്ള ഇൻസെന്റീവ്

ക്ഷീരവിപണനത്തെ സഹായിക്കാനായി ക്ഷീരസംഘങ്ങളും കളക്ഷൻ സെന്ററുകളും – ഇതെല്ലാം പഞ്ചായത്തിനെ അങ്ങനെയൊരു ലക്ഷ്യം കൈവരിക്കാൻ സഹായിക്കുമെന്നതിൽ യാതൊരു സംശയവുമില്ല. അതോടൊപ്പം ആട് വളർത്തൽ, മുട്ടക്കോഴി വളർത്തൽ മുതലായവയ്ക്കും പഞ്ചായത്ത് സഹായവും പ്രോത്സാഹനവും നൽകിവരുന്നു. പഞ്ചായത്തിന്റെ ഹൃദയഭാഗത്ത് നിലകൊള്ളുന്ന സുസജ്ജമായ മൃഗാശുപത്രി, കർഷകർക്ക് നൽകുന്ന സഹായവും ആശ്വാസവും ചെറുതൊന്നുമല്ല.

ഈ പദ്ധതികൾക്കുപരിയായി എടയാറിലെ ബാംബു പാർക്കും പുഴയരികിലെ പച്ചത്തുരുത്തും കൗതുകക്കാഴ്ചയ്ക്കപ്പുറം പ്രകൃതിയെ സംരക്ഷിക്കുന്നതിലും സ്നേഹിക്കുന്നതിലും കോളയാട് ഗ്രാമപഞ്ചായത്ത് ഏറെ മുന്നിലാണ് എന്നതിന്റെ ദൃഷ്ടാന്തങ്ങളാണ്.

മാലിന്യക്കൂമ്പാരങ്ങൾ മാഞ്ഞ്, മനം കുളിർപ്പിക്കുന്ന പൂങ്കാവനങ്ങളായി പരിസ്ഥിതിസംരക്ഷണത്തിൽ സംസ്ഥാനത്തെ ഏറ്റവും മികച്ച ഗ്രാമം എന്ന ജൈവവൈവിധ്യബോർഡിന്റെ പുരസ്കാരം മുഖ്യമന്ത്രി കോളയാടിന് നൽകിയപ്പോൾ ആരും അത്ഭുതപ്പെട്ടില്ല. കാരണം, അത് തികച്ചും അർഹിക്കുന്ന അംഗീകാരം തന്നെയായിരുന്നു. □

ലേഖിക കോളയാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണ്

ആലപ്പുഴ

■ ഡോ. വിളക്കുടി രാജേന്ദ്രൻ

ആലപ്പുഴ ജില്ലയുടെ ആസ്ഥാനമായ മുനിസിപ്പൽ നഗരം. കേരളത്തിലെ ഏറ്റവും ചെറിയ ജില്ലയാണിത്. 1957 ആഗസ്റ്റ് 17 ന് ജില്ല നിലവിൽ വന്നു. വനങ്ങളില്ലാത്ത കേരളത്തിലെ ഏക ജില്ല കൂടിയാണിത്. ജലഗതാഗതത്തിന് ഇത്രത്തോളം സൗകര്യമുള്ള മറ്റൊരു ജില്ലയും സംസ്ഥാനത്തില്ല. പമ്പ, അച്ചൻകോവിൽ, മണിമല, ആറുകളും ഇവയുടെ കൈവഴികളായൊഴുകുന്ന അനവധി ചെറുപുഴകളും ആലപ്പുഴയെ ജലസിക്തമാക്കുന്നു. വേമ്പനാട്ടു കായലും കായംകുളം കായലും ഈ ജില്ലയുടെ കൂടി ഭാഗമാണ്. സമാന്തര ജലപാതകളും വാണിജ്യ പ്രാധാന്യവും പ്രകൃതിസൗന്ദര്യവും കൊണ്ടാവാം 'പൗരസ്ത്യ ദേശത്തെ വെനീസ്''എന്ന പേരിൽ ആലപ്പുഴ പ്രസിദ്ധി നേടിയത്.

മലഞ്ചരക്കുകളുടെ പ്രമുഖ വാണിജ്യ കേന്ദ്രമാണ് ആലപ്പുഴ. കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും കാര്യത്തിൽ ആലപ്പുഴ ലോകവിപണിയിൽ സ്ഥാനം നേടിയിട്ടുണ്ട്.

കാർത്തിക തിരുനാൾ രാമവർമ്മ മഹാരാജാവിന്റെ ദിവാനായിരുന്ന രാജാ കേശവദാസാണ് 1762 ൽ ആലപ്പുഴ നഗരം സ്ഥാപിച്ചത്. അനേകം പണ്ടകശാലകളും വ്യാപാരകേന്ദ്രങ്ങളും നിർമ്മിച്ചതു കൂടാതെ തോടുകളും റോഡുകളും പാലങ്ങളും നിർമ്മിച്ച് ഗതാഗത സൗകര്യം വർദ്ധിപ്പിക്കുകയും ചെയ്തു. (ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് വ്യാപാരികളെ കൊണ്ടുവന്ന് പാർപ്പിച്ച് വാണിജ്യാഭിവൃദ്ധി ഉണ്ടാക്കിയത് ഇദ്ദേഹമാണ്) ആലപ്പുഴ തുറമുഖമായി വികസിപ്പിച്ചതും രാജാകേശവദാസാണ്. തുടർന്ന് ദിവാനായെത്തിയ വേലുത്തമ്പിദളവയും ആലപ്പുഴ പട്ടണത്തിന്റെ വികസനത്തിൽ മുഖ്യ പങ്കു വഹിച്ചു. 305 മീ.നീളമുള്ള കടൽ പാലവും പശ്ചിമതീരത്തെ ആദ്യത്തെ ദീപസ്തംഭവും സ്ഥാപിതമായതോടെ ആലപ്പുഴ ലോകവിപണിയായി മാറി.

1759 ൽ തിരുവിതാംകൂറിലെ ആദ്യത്തെ തപാലാഫീസ് സ്ഥാപിക്കപ്പെട്ടത് ആലപ്പുഴയിലാണ്. ചെറുതും വലുതുമായ അനേകം ജലോത്സവങ്ങൾ ജില്ലയിലുണ്ട്. പുന്നമടക്കായലിൽ വർഷം തോറും (ആഗസ്റ്റ് മാസം രണ്ടാം ശനിയാഴ്ച) നടക്കുന്ന നെഹ്റു ട്രോഫി ജലോത്സവം ലോകത്തെ തന്നെ ഏറ്റവും വലിയ ജലകായികമേളയാണ്.

ആലപ്പുഴ എന്ന പേര് എങ്ങനെയുണ്ടായി? ആലം, പുഴ എന്നീ വാക്കുകൾ ചേർന്നാണ് ഈ പേരുണ്ടായത്. ആലം = സമുദ്രം. കടലിനരികെ പല പുഴകളും ചേർന്ന് ജലവലയിതമായ പ്രദേശം എന്ന അർത്ഥത്തിലാവണം ഈ പേര് രൂപം കൊണ്ടത്. □

അരങ്ങൊഴിഞ്ഞ വീട്ടുനന്മകൾ–12

കാർഷിക ഗ്രാമീണ പൈതൃകത്തിന്റെ നേർക്കാഴ്ച

■ മുരളീധരൻ തഴക്കര

പത്തായം വിത്തേറ്റി ചിക്കുപായ ചക്രം അരകല്ല് തിരികല്ല് അമ്മിക്കല്ല് മീൻകൂട് ഭസ്മച്ചട്ടി ഉറി ഉടുപ്പ് കെളേലി കോളാമ്പി -തുടങ്ങി പോയകാല കാർഷിക- ഗ്രാമീണ കേരളത്തിന്റെ നേർക്കാഴ്ചയൊരുക്കിയിരിക്കുകയാണ് മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത്. ഒരു കാലത്ത് കൃഷിയുടെ അവിഭാജ്യഘടകമായിരുന്ന കാർഷികോപകരണങ്ങളും വീട്ടുപകരണങ്ങളും ഈ ഭൂമുഖത്ത് നിന്നു തന്നെ എന്നെന്നേയ്ക്കുമായി അന്യമാകുന്ന പശ്ചാത്തലത്തിലാണ് ഒരു കാലത്ത് മലയാളിയുടെ നിത്യജീവിതത്തിലെ സജീവ സാന്നിദ്ധ്യമായിരുന്ന ഈ കാർഷികോപകരണങ്ങൾ പലയിടങ്ങളിൽ നിന്നായി സമാഹരിച്ച് ഇവിടെ പ്രദർശിപ്പിക്കുന്നത്. കേരളത്തിലെ ഏതെങ്കിലും ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ ഇങ്ങനെയൊരു വേറിട്ട പൈതൃക സംരക്ഷണ പ്രവർത്തനം ഒരു പക്ഷെ നടാടെയായിരിക്കും. കേൾക്കുമ്പോൾ അനായസേന ചെയ്യാവുന്ന ഒരു പ്രവൃത്തിയായി തോന്നാം. എന്നാൽ ഇവയുടെ കണ്ടെത്തൽ, സംഭരണം, വളരെ കൃത്യമായി ഓരോ പരമ്പരാഗത പൈതൃക സാധനസാമഗ്രികളും പ്രദർശിപ്പിക്കുന്നതിനായുള്ള ക്രമീകരണം, ഇതിനാവശ്യമായ സ്ഥലസൗകര്യം ഒരുക്കൽ, കാണികൾക്ക് നടന്നു കാണുവാനായുള്ള സംവിധാനം തുടങ്ങിയവയ്ക്കായി ഭഗീരഥയത്നം തന്നെ വേണ്ടി വന്നു. ഇങ്ങനെ ഏറെ വേറിട്ട ഈ പുതുസംരംഭം ഏറെ ദിശാബോധത്തോടെ യാഥാർത്ഥ്യമാക്കിയ മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയെ വിശിഷ്യ പ്രസിഡന്റ് കെ. രഘുപ്രസാദിനെ എത്ര അഭിനന്ദിച്ചാലും അത് അധികമാകില്ല.

ഭൂതകാല നന്മയും സുഗന്ധവുമായ ഈ പൈതൃകസമ്പത്ത് പുതിയ തലമുറയ്ക്കായി കാത്തു സംരക്ഷിക്കുകയെന്ന ദൗത്യമാണ് ഇവിടെ യാഥാർത്ഥ്യമായത്. ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് വളപ്പിൽ 1500 സ്ക്വയർ മീറ്റർ

വിസ്തൃതിയിൽ സ്ഥലസൗകര്യമൊരുക്കിയാണ് ഈ മ്യൂസിയം സജ്ജീകരിച്ചിരിക്കുന്നത്. കലയും കരവിരുതും യഥാവിധി സമന്വയിപ്പിച്ച് ഈ പൈതൃക മ്യൂസിയത്തെ കമനീയമാക്കിയത് പ്രശസ്ത ചിത്രകാരനും ശില്പിയുമായ അനിൽ കട്ടച്ചിറയാണ്. പടിപ്പുരയും തുളസിത്തറയും ചുമടുതാങ്ങിയും എരുത്തിലിൽ കുടമണി കിലുക്കി തലയാട്ടി പുല്ല തിന്നുന്ന പശുവും തുടങ്ങി ഇന്നലെകളിലെ ജീവിതനന്മകളേറെയും തെല്ലും കൃത്രിമത്വമില്ലാതെ പഴമയുടെ തനിമയിൽ ഒരുക്കുമ്പോൾ പുതിയ തലമുറയ്ക്ക് തീർച്ചയായും ഇതൊരു കൗതുകമായിരിക്കും. അതിലുപരി വിദ്യാർത്ഥികളെ സംബന്ധിച്ച് പഠനത്തിന്റെ ഭാഗമായി പ്രോജക്ടുകൾ തയ്യാറാക്കുന്നതിനും ജെ.സി.ബിയും ട്രാക്ടറും ടില്ലറും മിക്സിയും ഗ്രൈൻഡറും തുടങ്ങി ആധുനിക കാർഷിക-ഗൃഹോപകരണങ്ങളുടെ കടന്നുവരവിന് മുമ്പ് നിത്യോപയോഗത്തിലുണ്ടായിരുന്ന കൃഷി ഉപകരണങ്ങളും അടുക്കള ഉപകരണങ്ങളുമൊക്കെ മുഖതാവിൽ കാണുവാനും തൊട്ടറിയുവാനും ഈ പൈതൃക മ്യൂസിയം വലിയ അനുഗ്രഹമായി മാറും.

ഇന്നലെകളിൽ കേരളീയ ജീവിതത്തിന്റെ സന്തത സഹചാരിയായിരുന്ന ഈ നന്മകൾ പുതിയ കാലത്തിന്റെ നിലവറയിൽ ക്ലാവുപിടിച്ച അവസ്ഥയിലായിരുന്നു. ഈ ഓരോ കാർഷികോപകരണങ്ങൾക്കും വീട്ടുപകരണങ്ങൾക്കും എന്തെല്ലാം കഥയും കാര്യങ്ങളുമായിരിക്കും നമ്മളോടു പറയുവാനുള്ളത്. മണ്ണിന്റെ മണവും പ്രകൃതിയുടെ നന്മയും പഴമയുടെ വിശുദ്ധിയുമുള്ള 150 -ൽ

അധികം ഉപകരണങ്ങളാണ് ഇപ്പോൾ സംഭരിച്ച് പ്രദർശിപ്പിച്ചിട്ടുള്ളത്. ഇതോടൊപ്പം വിവിധ രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച ഓണാട്ടുകരക്കാരായ അമ്പത് പ്രതിഭാധനരായ വ്യക്തികളുടെയും ചരിത്രപ്രാധാന്യമുള്ള അമ്പത് സംഭവങ്ങളുടെയും ചിത്രങ്ങളും രേഖകളുമടങ്ങിയ കമനീയമായ ബോർഡുകളും തയ്യാറാക്കി ഇതിന്റെ ഭാഗമായി പ്രദർശിപ്പിക്കുന്നുണ്ട്.

കേന്ദ്ര സർക്കാർ നടപ്പാക്കുന്ന 'കൃഷി സിഞ്ചായ് യോജന' (PMKSY) പദ്ധതിയിലൂടെ ലഭ്യമായതും കൊവിഡ് സാഹചര്യത്തിൽ നിർദ്ദിഷ്ട പദ്ധതിപ്രകാരം ചെലവഴിക്കാൻ കഴിയാതെ വന്ന പണവും ഈ പൗരാണിക മ്യൂസിയത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഗ്രാമവികസനവകുപ്പിൽ നിന്ന് ലഭ്യമാക്കിയ തുകയുമടക്കം ഏതാണ്ട് 11.50 ലക്ഷത്തോളം രൂപയാണ് ഇതിനായി ചെലവഴിച്ചത്. സർക്കാർ ഉടമസ്ഥതയിലുള്ള 'സിഡ്കോ'യാണ് ഇതിന്റെ നിർമ്മാണ ജോലികൾ നിർവ്വഹിച്ചത്. കാർഷിക സമ്പൽസമൃദ്ധിയുടെ വിളനിലമായിരുന്ന ഓണാട്ടുകര എന്ന കാർഷിക ഭൂമികയുടെ ഭൂതകാല കാർഷിക ഗ്രാമീണ നന്മയുടെ പരിച്ഛേദമാണ് ഈ വേറിട്ട പൈതൃക മ്യൂസിയം. കേരളം പ്രാവർത്തികമാക്കിയ വികേന്ദ്രീകൃതവികസനത്തിന്റെ നേർസാക്ഷ്യമായ ജനകീയാസൂത്രണപദ്ധതിയുടെ രജതജൂബിലി സ്മാരകമായിട്ടാണ് ഈ മ്യൂസിയം നാടിന് സമർപ്പിച്ചിരിക്കുന്നത്.

ഇത് മാത്രമല്ല കഴിഞ്ഞ 4 വർഷക്കാലമായി നിരവധി ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ് മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് പ്രാവർത്തികമാക്കിയിരിക്കുന്നത്. അതിൽ ഏറ്റവും പ്രധാനം 'ഓണാട്ടുകര പുസ്തകമൂല'എന്ന റഫറൻസ് ലൈബ്രറിയാണ്. കലാ-സാഹിത്യ- സാംസ്കാരിക രംഗങ്ങളിൽ പ്രതിഭാധനരായ നിരവധി മഹത്തുക്കൾക്ക് ജന്മം കൊടുത്ത നാടാണ് ഓണാട്ടുകര. ഈ സവിശേഷ പ്രാധാന്യം കണ്ടറിഞ്ഞ് ഓണാട്ടുകരയിലെ ജീവിച്ചിരിക്കുന്നവരും മൺമറഞ്ഞവരുമായ എഴുത്തുകാരുടെ രചനകൾ സമാഹരിച്ച് മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് - ഓണാട്ടുകര പുസ്തകമൂല എന്ന റഫറൻസ് ലൈബ്രറി ആരംഭിച്ചു. ഏതാണ്ട് എഴുന്നൂറിലേറെ പുസ്തകങ്ങൾ ഇതിനകം

എന്റെ വായനക്കാർ

ജനകീയാസൂത്രണം കേരള വികസനത്തെ ത്വരിതപ്പെടുത്തി

1996 ൽ ഇ കെ നായനാരുടെ നേതൃത്വത്തിലുള്ള സർക്കാർ ആരംഭം കുറിച്ച ജനകീയാസൂത്രണ പ്രസ്ഥാനത്തിന് ഇരുപത്തിയഞ്ചു വയസ്സാകുന്നു. കേരളത്തിലെ വികസന പ്രക്രിയയിൽ പുതിയൊരു അധ്യായം തന്നെ എഴുതിച്ചേർത്തുകൊണ്ടാണ് ഈ പ്രസ്ഥാനം മുന്നേറിയത്. അധികാരം ജനങ്ങളിലേക്ക് കൈമാറുക എന്ന തത്വം പൂർണമായും നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കാൻ കഴിഞ്ഞത് ജനകീയാസൂത്രണ ത്തിലൂടെയാണ്. നമ്മുടെ നാട്ടിൽ 25 വർഷത്തെ മാറ്റം ശ്രദ്ധേയമാണ്. പ്രത്യേകിച്ചും വിദ്യാലയങ്ങളിലും ആരോഗ്യ മേഖലയിലും. പുതിയ റോഡുകളും പാലങ്ങളും എല്ലാ പ്രദേശത്തും ഉണ്ടായി. 2016-ൽ ആരംഭിച്ച ജനകീയാസൂത്രണം രണ്ടാംഘട്ടം കേരളത്തെ വികസന കുതിപ്പിലേക്കാണ് നയിക്കുന്നത്. ജനകീയാസൂത്രണത്തിന്റെ ഇരുപത്തിയഞ്ചാം വാർഷിക പതിപ്പായി പ്രസിദ്ധീകരിച്ച ആഗസ്റ്റ് ലക്കം പഞ്ചായത്ത് രാജ് മാസികയിൽ ഉൾപ്പെടുത്തിയിരുന്ന ഈ വിഷയത്തിലുള്ള ലേഖനങ്ങൾ ശ്രദ്ധേയമായി. അഭിനന്ദനങ്ങൾ!

ശ്രീജ, തിരുവനന്തപുരം

പഞ്ചായത്ത് രാജ് മാസികയിലേക്കുള്ള ലേഖനങ്ങളും കത്തുകളും prmdp2020@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയക്കേണ്ടതാണ്.

തന്നെ സമാഹരിച്ചു കഴിഞ്ഞു. സംസ്ഥാന വിദ്യാഭ്യാസവകുപ്പ് മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥാണ് പുസ്തകമൂലയുടെ ഉദ്ഘാടനം നിർവ്വഹിച്ചത്.

ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് പരിസരത്ത് രണ്ട് സെന്റിൽ ഫോക്ക്‌ലാന്റ് അക്കാദമിയുടെ സഹായത്തോടെ 'മിയാവാക്കി' വനവും ഉണ്ടാക്കിയിട്ടുണ്ട്. നഗരത്തിന്റെ നടുമുറ്റത്ത് നാനാജാതി വനവൃക്ഷങ്ങൾ നട്ടുവളർത്തി ഒരു ചെറു വനം. ബ്ലോക്ക് പഞ്ചായത്തിന്റെ പ്രവർത്തനപരിധിയിലുള്ള എല്ലാ സർക്കാർ ഓഫീസുകളും ഒരു കുടക്കീഴിൽ എന്നതും ഇവിടെ പ്രവൃത്തിപഥത്തിലായി. ഏതൊരാവശ്യത്തിനും ഓഫീസുകൾ തിരഞ്ഞ് പൊതുജനങ്ങൾക്ക് പലയിടങ്ങളിലായി പോകേണ്ടിവരുന്നില്ല- ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് സമുച്ചയത്തിലെത്തിയാൽ എല്ലാ സർക്കാർ ഓഫീസുകളും ഇവിടെ തന്നെയുണ്ട്. ഓഫീസ് വളപ്പിലെ അവശേഷിക്കുന്ന ഇത്തിരി സ്ഥലവും ഇവിടെ പാഴാക്കിയിട്ടില്ല. ഗ്രോബാഗിൽ കഴിയാവുന്നത്ര കായ്കറികളും മുടങ്ങാതെ കൃഷി ചെയ്യുന്നു. അതോടൊപ്പം ജനങ്ങൾക്ക് വിഷം വമിക്കാത്ത നാടൻ പച്ചക്കറി ലഭ്യമാക്കാനായി നാടൻ പച്ചക്കറി സംഭരണ-വിപണന കേന്ദ്രവും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ബ്ലോക്ക്പഞ്ചായത്ത് ഓഫീസിനോടു ചേർന്നുള്ള കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിന്റെ നിയന്ത്രണത്തിലാണ് ഈ നാടൻ പച്ചക്കറി വിപണി കർഷകരുടെ നേതൃത്വത്തിൽ തന്നെ പ്രവർത്തിക്കുന്നത്.

ഇതോടു ചേർന്നു തന്നെ സർക്കാർ സംരംഭമായ മത്സ്യഫെഡ്ഡിന്റെ ഫിഷ്സ്റ്റാളും പ്രവർത്തിക്കുന്നു. ഫോർമാലിനും അമോണിയയുമടക്കമുള്ള രാസവസ്തുക്കളിട്ട മീൻ ആരോഗ്യത്തിന് അത്യന്തം അപകടകരമാണെന്ന തിരിച്ചറിവാണ് സർക്കാർ ഉടമസ്ഥതയിലുള്ള മത്സ്യവിപണ സംരംഭത്തിന് ബ്ലോക്ക്പഞ്ചായത്തിന് പ്രേരണയായത്. ഇങ്ങനെ ചെറുതും വലുതുമായ ഒട്ടുവളരെ ഗ്രാമക്ഷേമ പ്രവർത്തനങ്ങൾ പ്രാവർത്തികമാക്കിയതിലൂടെ പഞ്ചായത്തീരാജിന്റെ ഉദ്ദേശലക്ഷ്യത്തിലധിഷ്ഠിതമായ ഗാന്ധിയൻ ദർശനങ്ങളാണ് സാർത്ഥകമായിരിക്കുന്നത്. ചുരുക്കത്തിൽ പഞ്ചായത്ത്‌രാജ് മാസികയിൽ 'അരങ്ങൊഴിയാത്ത വീട്ടുനന്മകൾ' എന്ന ശീർഷകത്തിൽ ഖണ്ഡശ്ശയായി പ്രസിദ്ധീകരിച്ചുവരുന്ന ലേഖന പരമ്പരയുടെ സങ്കീർത്തനവും സാക്ഷ്യപ്പെടുത്തലുമാണ്. മാവേലിക്കര ബ്ലോക്ക്പഞ്ചായത്തിന്റെ കാർഷിക പൈതൃക മ്യൂസിയം, ഓണാട്ടുകര പുസ്തകമൂല തുടങ്ങിയുള്ള വ്യത്യസ്ഥമായ പ്രവർത്തനങ്ങൾ.

മാവേലിക്കരയുടെ നടുമുറ്റത്തുള്ള ബ്ലോക്ക് ഓഫീസ് ഈ നഗരത്തിന്റെ അടയാളക്കുറിയാണ്. ഒരു കാലത്ത് വഴിയും പിഴയുമായി ആർക്കും കയറിയിറങ്ങാവുന്ന, കാലപ്പഴക്കത്താൽ ജീർണ്ണാവസ്ഥയിലായ കെട്ടിടങ്ങളുമുള്ള ബ്ലോക്ക് ഓഫീസ് സംവിധാനത്തിന്റെ രൂപവും ഭാവവും മാറിയിരിക്കുന്നു. സമസ്തതലസ്പർശിയായ നന്മപ്രവർത്തനങ്ങളിലൂടെ മാവേലിക്കര ബ്ലോക്ക് പഞ്ചായത്തിന് ഐ.എസ്.ഒ. സർട്ടിഫിക്കേഷനും ലഭിച്ചിരിക്കുന്നു. പിന്നിട്ട അഞ്ചുവർഷക്കാലത്തെ എണ്ണമറ്റ വികസന-ക്ഷേമപ്രവർത്തനങ്ങളുടെ പട്ടികയിൽ- ഓണാട്ടുകര കാർഷിക പൈതൃക മ്യൂസിയവും ഓണാട്ടുകര പുസ്തകമൂലയും ഒരു പ്രാദേശിക ഭരണകൂടത്തെ സംബന്ധിച്ച് ഒരു കീർത്തിമുദ്രയും വിരലടയാളവുമാണെന്നതിൽ തർക്കമില്ല. □

പരസ്യ നിരക്ക്

കവർ (അവസാന പുറം) കളർ	₹ 12000
കവർ (ഉൾവശം) കളർ	₹ 10000
കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ്	₹ 8000
മറ്റു പേജുകൾ (കളർ)	₹ 8000
മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്)	₹ 6000
അരപേജ് (കളർ)	₹ 5000
അര പേജ് (ബ്ലാക്ക് & വൈറ്റ്)	₹ 3000

പഞ്ചായത്ത്‌രാജ്

വാർഷിക വരിസംഖ്യ ₹ 120

PANCHAYAT RAJ (Monthly) October 2020
Annual Subscription ₹120, Published on 20 October 2020

RNI. No. : 7959/61
Postal Reg. No. KL/TV(N) 391/2018-20
Licensed to post without prepayment No. KL/TV(N) WPP/85/2018-20

Ready for Sale..!!

SWAMY LAW SERIES

Laws Relating to ELECTION TO THE LOCAL GOVERNMENT INSTITUTIONS IN KERALA

Adv. K T George. M A, LL.M
(Formerly Addl. Law Secretary and
PS to the State Election Commissioner)

Foreword by **Hon. Mr. Justice N. Anil Kumar**
Judge, High Court of Kerala.



All Statutes, Rules & Case Laws updated upto October 2020

*1st Edn. Nov. 2020 *720 Pages
*Hard Bound *Price ₹ 970.00

കേരളത്തിലെ തദ്ദേശ സ്ഥാപനങ്ങളിലെ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട എല്ലാ നിയമങ്ങളും ചട്ടങ്ങളും ഇതേവരെയുള്ള എല്ലാ ഭേദഗതികളും ഉൾപ്പെടുത്തിയും, കൂടാതെ ഈ നിയമങ്ങളുമായി ബന്ധപ്പെട്ട എല്ലാ പ്രധാനകോടതി വിധികളും വിശകലന സഹിതം അതാത് വകുപ്പുകൾക്ക് കീഴിൽ നൽകികൊണ്ടും ഈ പുസ്തകം തയ്യാറാക്കിയിരിക്കുന്നത് കേരള നിയമ വകുപ്പ് അഡീഷണൽ ലാ സെക്രട്ടറിയായിരുന്ന അഡ്വ. കെ. ടി. ജോർജ്ജ് ആണ്. ഈ പുസ്തകം തദ്ദേശ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കും, സ്ഥാനാർത്ഥി കൾക്കും, രാഷ്ട്രീയകക്ഷികൾക്കും, സർവ്വോപരി സമ്മതിദായകർക്കും വളരെ പ്രയോജനപ്രദമായിരിക്കും.

ഇംഗ്ലീഷ് ഭാഷയിൽ തയ്യാറാക്കിയ ഈ പുസ്തകം മൂന്നു ഭാഗമായി തിരിച്ചാണ് ക്രോഡീകരിച്ചിരിക്കുന്നത്. ഒന്നാം ഭാഗത്തിൽ പഞ്ചായത്തുമായി ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും, രണ്ടാം ഭാഗത്തിൽ മുനിസിപ്പാലി റ്റിയുമായി ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും, ഭാഗം മൂന്നിൽ തദ്ദേശ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പൊതു വായ നിയമങ്ങളും ചട്ടങ്ങളും, ഉത്തരവുകളും, ഫോമുകളും, മാർഗ്ഗനിർദ്ദേശങ്ങളും, സ്ഥാനാർത്ഥികളെ അയോഗ്യരാക്കുന്ന നിയമവും ചട്ടങ്ങളും; പഞ്ചായത്ത്, മുനിസിപ്പാലിറ്റി എന്നിവയെ സംബന്ധിച്ച ഇൻഡ്യൻ ഭരണഘടനയുടെ ഭേദഗതികളും; 1951-ലെ ജനപ്രാതിനിധ്യ നിയമത്തിലെ പ്രസക്തഭാഗങ്ങളും; ഇൻഡ്യൻ ശിക്ഷാനിയമത്തിലെ തിരഞ്ഞെടുപ്പ് സംബന്ധിക്കുന്ന ഭാഗങ്ങളും; കൂടാതെ കോവിഡ്-19 പശ്ചാത്തലത്തിൽ കേരള പഞ്ചായത്ത് രാജ് നിയമത്തിലും, കേരള മുനിസിപ്പാലിറ്റി നിയമത്തിലും താല്ക്കാലിക ഭേദഗതി വരുത്തിയ ഓർഡിനൻസുകളും, പുസ്തകത്തിലെ പ്രധാന വിഷയങ്ങളെ അക്ഷരമാലക്രമത്തിൽ നൽകിക്കൊണ്ട് വിഷയപദസൂചികയും (Subject Index) നൽകിയിരിക്കുന്നു.

എല്ലാ പ്രമുഖ പുസ്തക ശാലകളിലും ലഭിക്കുന്നതാണ്.

പുസ്തകം കൊറിയറിലും ലഭിക്കും
പുസ്തകത്തിന്റെ വിലയായ 970 രൂപമാത്രം ഞങ്ങളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിച്ചാൽ പുസ്തകം കൊറിയറിൽ അയച്ചുതരുന്നതാണ്.

Bank Name : State Bank of India
Branch : Metro Station Branch, MG Road, Ernakulam
Account Name : Swamy Law House
Account No.: 376 445 83 474
IFSC Code : SBIN0070142

Published by
SWAMY LAW HOUSE
Showroom Sales : DORAISWAMY IYER ROAD ERNAKULAM - 682 035.
Godown & Sales : ADV. EASWARA IYER ROAD, ERNAKULAM - 682 035.

0484 - 2361341 : 2366285
9446061341 : 9446046285
swamylawhouse@gmail.com

For Online Purchase, visit : swamylawhouse.com

Printed & Published by Dr.P.K. Jayasree IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Gramalakshmi Mudralayam, Kanjikodu, Palakkad, Kerala and
Published at Directorate of Panchayats, Museum P.O., Thiruvananthapuram - 695 033, Kerala. Editor: Dr.P.K. Jayasree IAS